# താമരമൊട്ടുകൾ

വാല്യം 21 | ജൂലൈ 2019 | ലക്കം 07 | Price ₹20




താമരശ്ശേരി രൂപതാ ബുള്ളറ്റിൻ

# THAMARAMOTTUKAL

Registered with Registrar of Newspapers of India.
| RNI NO. 71212/99 | Date of Publication : 29-06-2019 |




എന്റെ കർത്താവേ, എന്റെ ദൈവമേ

Printed & Published by Fr. Abraham Kavilpurayidathil, Bishop's House, P.B. No. 1, Thamarassery P.O., Kozhikode - 673 573. Printed at Alphonsa Offset Press, Near Cathedral, Thamarassery P.O., Kozhikode - 673 573. Editor: Fr. Abraham Kavilpurayidathil.

# Bishop's Programme


## July 2019

| | | |
|---|---|---|
| 01- 06 | | Abroad |
| 07 | 16.00 | Asokapuram |
| 07-12 | | Bethania - Priests' Retreat |
| 13 | 08.30 | PMOC |
| | 11.00 | Paroppady |
| 14-19 | | Bethania - Priests' Retreat |
| 20 | 06.30 | Koodaranji |
| 21 | | Puthuppady - Pastoral visit |
| 22 | | Office day |
| 23 | 11.00 | Bharananganam |
| 25 | 10.00 | Thamarassery |
| 26 | 06.30 | Thamarassery |
| 28 | 19.00 | Thamarassery |
| 29 | | Office day |
| 30 | 10.00 | Thamarassery |

വാല്യം 21 താമരമൊട്ടുകൾ ജൂലൈ 2019 ലക്കം 07

# താമരമൊട്ടുകൾ

(താമരശ്ശേരി രൂപതാ ബുള്ളറ്റിൻ)



**തോമസ് പറഞ്ഞു:**
**എന്റെ കർത്താവേ, എന്റെ ദൈവമേ!**
**(യോഹ 20:28)**

# ഇതളുകൾ വിരിയുമ്പോൾ


| | | |
|---|---|---|
| 1. | ആശംസകൾ | 431 |
| 2. | പ്രോഗ്രാം ജൂലൈ 2019 | 435 |
| 3. | സർക്കുലർ-8 | 436 |
| 4. | യുവജന ദിനം 2019- സർക്കുലർ | 439 |
| 5. | സർക്കുലർ-9 | 444 |
| 6. | സർക്കുലർ-10 | 449 |
| 7. | സഭാദിനം ഇടയലേഖനം | 452 |
| 8. | കച്ചേരികാര്യം | 458 |
| 9. | സെമിനാരി വാർത്തകൾ | 462 |
| 10. | മതബോധനം | 464 |
| 11. | ചെറുപുഷ്പ മിഷൻലീഗ് | 469 |
| 12. | ബൈബിൾ അപ്പോസ്റ്റലേറ്റ് | 471 |
| 13. | ഫൊറോന വാർത്തകൾ | 473 |
| 14. | പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട് | 475 |
| 15. | വിൻസെന്റ് ഡി പോൾ | 475 |
| 16. | കെ.സി.വൈ.എം | 477 |
| 17. | എ.കെ.സി.സി | 482 |
| 18. | ഫാമിലി അപ്പോസ്റ്റലേറ്റ് | 484 |
| 19. | ആൽഫ മരിയ അക്കാദമി | 485 |
| 20. | മാതൃവേദി | 487 |
| 21. | പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് | 488 |
| 22. | ലിറ്റർജി കമ്മീഷൻ | 489 |
| 23. | അൽഫോൻസ കോളേജ് തിരുവമ്പാടി | 490 |
| 24. | DEEP | 490 |
| 25. | മരിയൻ പ്രോ-ലൈഫ് മൂവ്മെന്റ് | 491 |
| 26. | എന്റെ ജീവിതം (കവിത) | 492 |
| 27. | വിദ്യാഭ്യാസരംഗം | 493 |
| 28. | അതിരൂപത സംയുക്ത വൈദിക സമിതി റിപ്പോർട്ട് | 494 |
| 29. | വികസനവേദി | 498 |
| 30. | യേശുനിധി കളക്ഷൻ റിപ്പോർട്ട് | 501 |
| 31. | യേശുനിധി വാർഷിക റിപ്പോർട്ട് | 510 |
| 32. | യേശുനിധി | 512 |
| 33. | അജപാലനക്കുറിപ്പുകൾ | |

# Birth Day Greetings

Rev. Fathers

| | | | |
|---|---|---|---|
| | Kappil Joseph | July | 6 |
| | Iykolambil Kuriakose | | 7 |
| | Mundakal Chacko | | 9 |
| | Vayalil Abraham | | 9 |
| | Pallickavayalil John | | 12 |
| | Ezhanikattu Vincent | | 13 |
| | Pulickal Sebastian | | 14 |
| | Kavilpurayidathil Abraham | | 17 |
| | Njavallil Jose | | 17 |
| | Kizhakeveettil Jacob | | 19 |
| | Pookulam Sebastian | | 23 |
| | Puramadathil Kurian | | 23 |
| | Choorapoikayil Mathew | | 24 |
| | Puthenpura Paul | | 25 |
| Bp. | Remigiose Inchananiyil | | 26 |
| Rev. Fathers | Embrayil Sebastian (Jr) | | 28 |
| | Moolechalil Varghese | | 29 |
| | Mangalamadathil Mathew | | 31 |


**Mar Remigiose Inchananiyil**

# Feast Day Greetings

Rev. Fathers

| | | |
|---|---|---|
| Chakkittamuriyil Thomas (Sr) | July | 3 |
| Chakkittamuriyil Thomas (Jr) | | 3 |
| Chuvappunkal Thomas | | 3 |
| Chilambikunnel Thomas | | 3 |
| Eyyalil Thomas | | 3 |
| Kalarickal Thomas | | 3 |
| Kalapurackal Thomas | | 3 |
| Kochuparambil Thomas | | 3 |
| Kochukaipayil Thomas | | 3 |
| Kochumuriyil Thomas | | 3 |
| Kochumannarath Thomas Joseph Ofm | | 3 |
| Kannampally Thomas | | 3 |
| Malapravanal Thomas | | 3 |
| Nagaparambil Thomas | | 3 |
| Parankulangara Thomas | | 3 |
| Poriyath Thomas | | 3 |
| Puthiyaparambil Thomas | | 3 |
| Thevadiyil Thomas | | 3 |
| Vattottutharappel Thomas | | 3 |
| Chennamkulath Benedict | | 11 |
| Chemplani Kuriakose | | 15 |
| Iykolambil Kuriakose | | 15 |
| Pulickal Sibi Kurian | | 15 |
| Puramadathil Kurian | | 15 |
| Thalachirakuzhy Kurian | | 15 |
| Thannickal Kurian | | 15 |
| Thayyil Kurian | | 15 |
| Areethara Jacob | | 25 |
| Cherickal James | | 25 |
| Kappalumackal Jacob | | 25 |
| Karakunnel Jacob | | 25 |
| Kiliananickal James | | 25 |
| Kizhakeveettil Jacob | | 25 |
| Kothanickal Chakko | | 25 |
| Koothur Jacob | | 25 |
| Kuzhimattathil James | | 25 |
| Mundackal Chacko | | 25 |
| Plakkoottathil Jacob | | 25 |
| Pulthakidiyil James | | 25 |
| Puthenpura Jacob | | 25 |
| Puthenpurackal Jacob | | 25 |
| Vallikunnel James | | 25 |
| Vamattathil James | | 25 |

**Mar Remigiose Inchananiyil**


ജൂലൈ 26-ാം തിയ്യതി ജന്മദിനം ആഘോഷിക്കുന്ന
മാർ റെമീജിയൂസ് ഇഞ്ചനാനിയിൽ പിതാവിന്
താമരശ്ശേരി രൂപതാസമൂഹത്തിന്റെ
പ്രാർത്ഥനാശംസകൾ...


MAR MANKUZHIKARY MEMORIAL
PASTORAL CENTRE

# പ്രോഗ്രാം ജൂലൈ 2019

| | | |
|---|---|---|
| 02 | ചൊവ്വ | ജീസസ്സ് യൂത്ത്: സോണൽ ഇന്റർസെഷൻ |
| 03 | ബുധൻ | **ദുക്റാന** - കടമുള്ള ദിവസം |
| 05 | വെള്ളി | ബഥാനിയ: ജാഗരണപ്രാർത്ഥന |
| 07 | ഞായർ | **വൈദികരുടെ വാർഷികധ്യാനം - ബാച്ച് 1** (7-12) |
| | | മിഷൻലീഗ്: അംഗത്വ സ്വീകരണം, നവീകരണം |
| | | PBI: ഫൊറോന ദൈവശാസ്ത്ര പഠന ശിബിരം |
| | | കെ.സി.വൈ.എം.: യുവജനദിനം |
| | | ജീസസ്സ് യൂത്ത്: കൗൺസിൽ മീറ്റിംഗ്, |
| | | സിറ്റി ഹൗസ് ഹോൾഡ്, തിരുവമ്പാടി ഹൗസ് ഹോൾഡ് |
| 08 | തിങ്കൾ | പ്രീ-കാനാ കോഴ്സ് (8-11) |
| 09 | ചൊവ്വ | ജീസസ്സ് യൂത്ത്: സിറ്റി ഹൗസ് ഹോൾഡ് |
| 11 | വ്യാഴം | **വി. ബനഡിക്ട്** |
| 13 | ശനി | PBI: Class for Advanced Diploma Course in Theology |
| | | ക്രിസ്റ്റീൻ: ആനിമേറ്റേഴ്സ് കൂട്ടായ്മ |
| | | ജീസസ്സ് യൂത്ത്: സോണൽ വൺഡേ |
| 14 | ഞായർ | **വൈദികരുടെ വാർഷികധ്യാനം - ബാച്ച് 2** (14-19) |
| | | ജീസസ്സ് യൂത്ത്: ഹോം വർക്ക്ഡേ |
| 16 | ചൊവ്വ | **കർമ്മലമാതാവ്** |
| 18 | വ്യാഴം | ചരമദിനം: ഫാ. ഫിലിപ്പ് പ്ലാത്തോട്ടം |
| 19 | വെള്ളി | ബഥാനിയ: **അഖണ്ഡജപമാല സമർപ്പണം** - ആരംഭം |
| 20 | ശനി | ബഥാനിയ: ആന്തരികസൗഖ്യ ദൈവാനുഭവധ്യാനം (20-25) |
| 21 | ഞായർ | PBI: ഫൊറോന ദൈവശാസ്ത്ര പഠന ശിബിരം |
| | | ജീസസ്സ് യൂത്ത്: എമ്മാവൂസ് കോഴ്സ് സെഷൻ 4 |
| | | നേഴ്സസ് ടീം മീറ്റിംഗ് |
| 25 | വ്യാഴം | **വി. യാക്കോബ്** |
| 26 | വെള്ളി | **ജന്മദിനം - മാർ റെമീജിയോസ് ഇഞ്ചനാനിയിൽ** |
| 27 | ശനി | **വി. അൽഫോൻസ, രൂപതാമദ്ധ്യസ്ഥ** |
| | | ചരമദിനം: ഫാ. മാത്യു പൊയ്യക്കര |
| | | മലബാർ വിഷൻ എഡിറ്റോറിയൽ മീറ്റിംഗ് |
| 28 | ഞായർ | ജീസസ്സ് യൂത്ത്: എമ്മാവൂസ് കോഴ്സ് സെഷൻ 5 |
| 30 | ചൊവ്വ | ചരമദിനം: ഫാ. ജോസ് മണിമലത്തറപ്പിൽ |
| 31 | ബുധൻ | **വി. ഇഗ്നേഷ്യസ് ലയോള** |
| | | ബൈബിൾ അപ്പോസ്റ്റലേറ്റ്: ലോഗോസ് ക്വിസ് രജിസ്ട്രേഷൻ അവസാന തീയതി |

സർക്കുലർ 08/2019

# വൈദികരുടെ വാർഷിക ധ്യാനം

മിശിഹായിൽ പ്രിയപ്പെട്ടവരേ,

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന വൈദികരുടെ വാർഷിക ധ്യാനത്തെക്കുറിച്ച് നിങ്ങളെ അറിയിക്കുവാനും നിങ്ങളുടെ പ്രാർത്ഥന ആവശ്യപ്പെടുന്നതിനുംവേണ്ടിയാണ് ഞാൻ നിങ്ങൾക്കെഴുതുന്നത്. 2019 ജൂലൈ 7 മുതൽ 12 വരെയും ജൂലൈ 14 മുതൽ 19 വരെയും നമ്മുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനിയയിൽ വച്ച് രണ്ടു ബാച്ചുകളായിട്ടാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വി. പൗലോസ്ശ്ലീഹാ തിമോത്തിയോസിനെ ഓർമ്മിപ്പിച്ചതുപോലെ "എന്റെ കൈവയ്പിലൂടെ നിനക്ക് ലഭിച്ച ദൈവികവരം വീണ്ടും ഉജ്ജ്വലിപ്പിക്കണമെന്ന് ഞാൻ നിന്നെ അനുസ്മരിപ്പിക്കുന്നു" (2 തിമോ. 1:6). വാർഷിക ധ്യാനം ഒരു വീണ്ടും ഉജ്ജ്വലിപ്പിക്കലിനുള്ള അവസരമാണ്. ഏല്പിച്ചിരിക്കുന്ന ഉത്തരവാദിത്വം ശരിയായി നിർവ്വഹിക്കുവാനും, ഏറ്റെടുത്തിരിക്കുന്ന ദൈവവിളിക്ക് അനുസരിച്ച് ജീവിക്കുവാനും തിരുസ്സഭ നിയമത്താൽത്തന്നെ കടപ്പെടുത്തുന്ന കാര്യമാണ് വൈദികരുടെ വാർഷിക ധ്യാനം. നമ്മുടെ രൂപതയിലെ അജപാലന പ്രവർത്തനങ്ങൾക്ക് കൂടുതൽ ഉണർവും നിറവും ലഭിക്കുന്നതിനുള്ള സമയമാണ് വൈദികരുടെ വാർഷിക ധ്യാനം. ഈശോ പറഞ്ഞു: "എന്നെകൂടാതെ നിങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല" (യോഹ. 15:5). വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ ഈ വചനത്തോടു ചേർത്തു വയ്ക്കാവുന്നതാണ്. "മനുഷ്യന്റെ ആഗ്രഹമോ, പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റേയും അടിസ്ഥാനം" (റോമ. 9:16). ഈ ദൈവാശ്രയബോധത്തിലും ദൈവത്തിന്റെ കരുണയിലും ആഴപ്പെടുവാൻ വാർഷിക ധ്യാനം ഉപകരിക്കണം. അതുകൊണ്ട് ദൈവജനത്തിന്റെ സവിശേഷമായ ശ്രദ്ധയും ഓർമ്മയും പ്രാർത്ഥനയും പരിത്യാഗപ്രവൃത്തികളും വൈദികരുടെ ധ്യാനദിവസങ്ങളിൽ പ്രത്യേകമായി ഉണ്ടായിരിക്കേണ്ടതാണ്. "ഞങ്ങൾക്ക് നല്ല അജപാലകരെ നല്കുക" എന്ന് പ്രാർത്ഥിക്കുന്നതുപോലെതന്നെ പ്രധാനപ്പെട്ടതാണ് അജപാലനം അർത്ഥവത്തായി നയിക്കുന്നതിനുള്ള ശക്തി നല്കണമേ എന്ന് പ്രാർത്ഥിക്കുന്നതും. വൈദികർക്കായി എല്ലാ ആഴ്ചകളിലും ഉപവസിച്ച് പ്രാർത്ഥിക്കുന്ന പലരേയും ഞാൻ കണ്ടിട്ടുണ്ട്. ആ പ്രാർത്ഥനകളുടെ ബലമാണ് ഞങ്ങളുടെ ശുശ്രൂഷകളുടെ ശക്തി എന്ന് താഴ്മയോടെ ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു.

"സത്യത്തിന്റെ പ്രഭ" എന്ന തന്റെ ചാക്രിക ലേഖനത്തിൽ വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പറയുന്നത് ഇപ്രകാരമാണ്. " വ്യത്യസ്തനായി ജീവിക്കാൻ വിളിക്കപ്പെട്ടവനാണ് ഒരു ക്രിസ്ത്യാനി" ഈ ലോകത്തിൽ വ്യത്യസ്തനായി ജീവിക്കേണ്ടവനാണ് ഒരു ക്രിസ്ത്യാനിയെങ്കിൽ അവനെ നയിക്കുവാനും, വിശുദ്ധീകരിക്കുവാനും, പഠിപ്പിക്കുവാനും നിയോഗിക്കപ്പെട്ട ഒരു

പുരോഹിതൻ എത്രയോ വ്യത്യസ്തനായിരിക്കണം എന്ന് ആലോചിച്ചു നോക്കുക. പൗരോഹിത്യ ദൈവവിളികൾക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം അവരുടെ നിലനില്പിനുവേണ്ടികൂടി പ്രാർത്ഥിക്കുവാൻ കടപ്പെട്ടവരാണ് നാം.

പൗരോഹിത്യം എക്കാലവും വെല്ലുവിളികൾ നിറഞ്ഞതാണ്. ഈ കാലഘട്ടത്തിൽ പ്രത്യേകിച്ചും. ഒരു വൈദികന്റെ തകർച്ചയും തളർച്ചയും പിശാച് ആഗ്രഹിക്കുന്ന ഏറ്റവും വലിയ കാര്യമാണ്. അപ്പസ്തോലന്മാരേപ്പോലും അവൻ വെറുതെ വിടുന്നില്ല. അതുകൊണ്ടാണല്ലോ, ഈശോ പത്രോസിനോട് പറഞ്ഞത് "ശിമയോൻ ശിമയോൻ ഇതാ, സാത്താൻ നിങ്ങളെ ഗോതമ്പു പോലെ പാറ്റാൻ ഉദ്യമിച്ചു. എന്നാൽ നിന്റെ വിശ്വാസം ക്ഷയിക്കാതിരിക്കാൻ ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചു" (ലൂക്ക 22: 31) എന്ന്. പ്രിയപ്പെട്ടവരേ, സാത്താൻ ഇന്നും പ്രവർത്തന നിരതനാണ്. അവിടുത്തെ അഭിഷിക്തരെ തകർക്കുക അല്ലെങ്കിൽ തളർത്തുക എന്നത് സാത്താന്റെ ഒരു ലക്ഷ്യമാണെന്ന് ദൈവജനം ശരിക്കും മനസ്സിലാക്കണം. "സാത്താനേ, എന്റെ മുമ്പിൽ നിന്നു പോകൂ, നീ എനിക്ക് പ്രതിബന്ധമാണ്. നിന്റെ ചിന്ത ദൈവികമല്ല, മാനുഷികമാണ്" (മത്ത. 16:23) എന്ന് വി. പത്രോസിനെ നോക്കിയാണല്ലോ ഈശോ പറഞ്ഞത്. ഇന്നും ഇതേ വെല്ലുവിളിതന്നെയാണ് കർത്താവിന്റെ അഭിഷിക്തർ നേരിടേണ്ടി വരുന്നത്. വെറും മാനുഷികമായി എല്ലാറ്റിനേയും കാണുവാനും, ദൈവിക പദ്ധതികൾ തിരിച്ചറിയുവാൻ കഴിയാത്തവണ്ണം കണ്ണുകളെ അന്ധമാക്കുവാനും അവൻ പരിശ്രമിക്കുന്നുണ്ട് എന്ന് സമകാലിക സംഭവവികാസങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ട് നമ്മുടെ വൈദികരെ നമുക്ക് പ്രത്യേകം ഈ ദിവസങ്ങളിൽ ഓർമ്മിക്കാം. പ്രവർത്തന നിരതമായ അജപാലന ശുശ്രൂഷകളിൽ നിന്ന് മാറിനിന്ന് ശാന്തമായി ധ്യാനിക്കുവാനും പ്രാർത്ഥിക്കുവാനും വിചിന്തനം നടത്തുവാനും, പരിശുദ്ധാത്മാവിന്റെ പുത്തൻ അഭിഷേകം നമ്മുടെ അജപാലകർക്ക് ലഭിക്കുവാനും നമുക്ക് തീഷ്ണതയോടെ പ്രാർത്ഥിക്കാം. ഫലപ്രദമായി വാർഷിക ധ്യാനം നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഇടവകയിൽ ചെയ്യണമെന്ന് ബഹു. അച്ചന്മാരെ ഓർമ്മിപ്പിക്കുന്നു.

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയും രൂപതയുടെ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയും നമുക്കുവേണ്ടി മാദ്ധ്യസ്ഥ്യം വഹിക്കട്ടെ. പരി. കന്യകാമറിയത്തിന്റെയും വി. യൗസേപ്പിതാവിന്റെയും മാദ്ധ്യസ്ഥ്യ സഹായവും നമുക്ക് അപേക്ഷിക്കാം.

സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

ഈ സർക്കുലർ 2019 ജൂലൈ 7-ാം തീയതി വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

# യുവജനദിനം

## ജൂലൈ 7, ഞായർ

### കെ.സി.ബി.സി യുവജന കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ട സഹോദരീ, സഹോദരന്മാരേ,

കെ.സി.ബി.സി യുവജനക്കമ്മീഷന്റെ ആഭിമുഖ്യത്തിൽ ഒരു യുവജന ദിനംകൂടി ആഘോഷിക്കുവാൻ ദൈവം നമുക്ക് കൃപ തന്നിരിക്കുകയാണ്. ജൂലൈ 7-ാം തീയതി ആചരിക്കുന്ന ഈ യുവജന ദിനത്തിന്റെ എല്ലാവിധ അനുഗ്രഹങ്ങളും, ആശംസകളും കേരളത്തിലെ എല്ലാ കെ.സി.വൈ.എം പ്രവർത്തകർക്കും ഇതര യുവജന സംഘടനകൾക്കും കേരളത്തിലെ കത്തോലിക്കാ മെത്രാൻസംഘത്തിന്റെ പേരിൽ ഹൃദയപൂർവ്വം നേരുന്നു. കുടുംബത്തിന്റെയും, സഭയുടെയും, സമൂഹത്തിന്റെയും എക്കാലത്തേയും പ്രതീക്ഷയും, ശക്തിയും, ആവേശവുമാണ് യുവജനങ്ങൾ! പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപ്പാപ്പ യുവജനങ്ങൾക്ക് എഴുതിയ കത്തിൽ ഇപ്രകാരം നാം വായിച്ചു. ഞാനും എന്റെ സഹോദരന്മാരായ മെത്രാൻമാരും നിങ്ങളുടെ സന്തോഷത്തിനായി നിങ്ങളോടൊപ്പം ജോലി ചെയ്യാൻ കൂടുതലായി ആഗ്രഹിക്കുന്നു. ( 2 കോറി.1/4: യുവജനങ്ങൾക്കുള്ള കത്ത്, ജനുവരി 13,2017) യുവജനങ്ങളെ സഭ ഏറ്റവും അധികം സ്നേഹിക്കുന്നു എന്നതിന്റെ ഉത്തമ സാക്ഷ്യമാണ് പരിശുദ്ധ പിതാവിന്റെ ഈ വാക്കുകൾ. യുവജനങ്ങളാണ് നാളത്തെ സഭയെ വളർത്തുകയും, ശക്തിപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യേണ്ടത്. യുവജന സഭ നാളത്തെ സഭയുടെ പ്രതീകങ്ങളാണ്, പ്രത്യാശയാണ്.

സഭയുടെയും സമൂഹത്തിന്റെയും ഭാവി വാഗ്ദാനവും, സ്വപ്നവുമായ യുവജനങ്ങൾ വിശ്വാസത്തിന്റെയും, സ്നേഹത്തിന്റെയും, പ്രത്യാശയുടേയും സാക്ഷ്യം കൊടുക്കുന്ന വ്യക്തികളായി വളരാൻ സഹായിക്കുക എന്നതാണ് യുവജനകമ്മീഷന്റെ മുഖ്യമായ ദൗത്യം. ഈ ദൗത്യം കേരളസഭയിൽ നാം പ്രാവർത്തികമാക്കുന്നത് കെ.സി.വൈ.എം ന്റെയും, അതിനോട് ചേർന്ന് പ്രവർത്തിക്കുന്ന കേരളത്തിലെ പത്ത് കത്തോലിക്കാ യുവജന സംഘടനകളുടെയും കർമ്മപരിപാടികളുലൂടെയുമാണ്. യുവജനങ്ങളുടെ രൂപീകരണത്തിനായി അനേകം കർമ്മ പരിപാടികൾ യുവജന കമ്മീഷൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. അത് പ്രധാനമായും മൂന്ന് ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ്. ഒന്ന്, യുവജനങ്ങളെ യേശുവിന്റെ യഥാർത്ഥ ശിഷ്യൻമാരായിത്തീരാൻ സഹായിക്കുക(Witness Jesus). യുവത്വത്തിന്റെ നിറവിൽ രക്ഷയുടെ സന്ദേശം പങ്കുവച്ചുതന്ന യേശുവിന്റെ മാതൃകയിൽ കരുത്താർജ്ജി

ക്കുന്നതിനുവേണ്ടിയുള്ള ആത്മീയ രൂപീകരണം – ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്ന (ലൂക്ക 2/52) യേശുവിനെപ്പോലെ രൂപാന്തരപ്പെട്ട് ക്രിസ്തു ശിഷ്യരായി ലോകത്തിന് നല്ല സാക്ഷ്യം കൊടുക്കാൻ സഹായിക്കുക. കെ.സി.വൈ.എം അതിന്റെ ആരംഭകാലഘട്ടം മുതൽ ഇന്ന് വരെയും സഭയോട് ചേർന്ന് ഈ സാക്ഷ്യ ജീവിതത്തിന് സജീവമായ നേതൃത്വം നൽകിയിട്ടുണ്ട്. കഴിഞ്ഞ നാലുപതിറ്റാണ്ടു കാലം കെ.സി.വൈ.എം സഭയുടെ നല്ല സാക്ഷ്യമുഖമായി പ്രവർത്തിച്ച് വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്. കെ.സി,വൈ.എം അത് കൊണ്ട് തന്നെ ഇന്ന് കേരള കത്തോലിക്കാ സഭയിലെ മഹത്തായ യുവജന പ്രസ്ഥാനമായി നിലകൊള്ളുന്നു. രണ്ടാമതായി, യുവജനങ്ങളെ നല്ല മിഷനറിമാരായി വളരാൻ സഹായിക്കുക. കർത്താവ് നമ്മെ ഏൽപ്പിച്ച വലിയ ഉത്തരവാദിത്വമാണ് ദൈവരാജ്യത്തിന്റെ സന്ദേശം അഥവ രക്ഷയുടെ മാർഗ്ഗം എല്ലാവരെയും അറിയിക്കുക എന്നത്(Proclaim Jesus). നിങ്ങൾ ലോകം എങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ(മർക്കോസ് 16/15). സുവിശേഷത്തിന്റെ സന്തോഷവും, സമാധാനവും എല്ലാവരിലും പ്രത്യക്ഷമായും പരോക്ഷമായും എത്തിക്കുവാൻ ഉത്സാഹത്തോടെ, ഉണർന്നു പ്രവർത്തിക്കുന്ന യുവജനം സഭയുടെ അമുല്യസമ്പത്താണ്. അവരെ എല്ലാവിധത്തിലും പ്രോത്സാഹിക്കുവാൻ സഭ മുൻകൈ എടുക്കണം. യേശുവിന്റെ രക്ഷയുടെ സന്ദേശം, സ്നേഹമായും, കരുണയായും, കരുതലയായും സമാധാനമായും. സമൂഹത്തിൽ പ്രഘോഷിപ്പാൻ യുവജനകമ്മീഷൻ പ്രത്യേകം ശ്രദ്ധ ചെലുത്തുന്നു. യേശുവിന്റെ പ്രതിനിധികൾ (Ambassidors) ആയി ജീവിക്കുന്നതിൽ സന്തോഷിക്കുകയും, അഭിമാനം കൊള്ളുകയും ചെയ്യുന്ന ചെറുപ്പക്കാർ വലിയ നിക്ഷേപമാണ്. യുവജനങ്ങളുടെ സമഗ്രവികസനം ലക്ഷ്യം വച്ചുകൊണ്ട് അവരെ സമൂഹനിർമ്മിതിയിൽ പങ്കാളികളാക്കുകയും യേശുവിന്റെ മാതൃകയിലും ശൈലിയിലും തിന്മയ്ക്കെതിരെ പോരാടുവാൻ ശക്തരാക്കുകയും ചെയ്യുക എന്നതാണ് കമ്മീഷന്റെ മൂന്നാമത്തെ ലക്ഷ്യം.

കുടുംബത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും യുവജനങ്ങളോടുള്ള ഉത്തരവാദിത്വം മറ്റേതു കാലഘട്ടത്തേക്കാൾ വർദ്ധിച്ചിരിക്കുന്നു. ശാസ്ത്ര – സാങ്കേതിക വളർച്ചയും, ഇലക്ട്രോണിക് മീഡിയായും സമൂഹത്തന്റെ ചിന്താഗതിയിലും പ്രവർത്തനത്തിലും വലിയമാറ്റം വരുത്തിയിരിക്കുന്നു. യേശു പ്രഖ്യാപിച്ച ജീവന്റെ സംസ്കാരം, സ്നേഹത്തിന്റെ സംസ്കാരം, പ്രത്യാശയുടെ സംസ്കാരം ഇവയെല്ലാം കടുത്ത വെല്ലുവിലികൾ നേരിടുന്നു. ഇവയെ പ്രതിരോധിക്കുവാൻ യുവജനവിഭവശേഷി ശരിയായി നാം പ്രയോജനപ്പെടുത്തണം. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഭീകരപ്രവർത്തനം, അക്രമം, അസഹിഷ്ണത, വിഭാഗീയത, ഏകാന്തത എല്ലാം മരണസംസ്കാരത്തിന് വേദി ഒരുക്കുന്നു. മദ്യം, മയക്കുമരുന്ന്, ലൈഗീക അരാജകത്വം എന്നിവയൊക്കെ ഈ സംസ്കാരത്തിന് ശക്തി പകരുന്നു. വിശക്കുന്നവർക്ക് ഭക്ഷ

ണം, ഭവനമില്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബല വിഭാഗങ്ങൾ എന്നിവവരുടെ സംരക്ഷണം, ഓഖി ദുരന്തം, വെള്ളപ്പൊക്കദുരിതം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കായുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് യുവജനങ്ങൾ സമൂഹനിർമ്മിതിയിലും തിന്മയോടുള്ള പോരാട്ടത്തിലും പങ്കുചേരുന്നു. നാം ജീവിക്കുന്ന ഈ സമൂഹത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന അക്രമത്തിനും ഭീകരപ്രവർത്തനത്തിനെതിരേ, യുവജനങ്ങൾ ഏറ്റെടുത്ത യജ്ഞം യുവജനങ്ങൾ സമാധാനത്തിന് എന്ന (Youth for Peace Campaign) പ്രോഗ്രാം ഏറെ ശ്ലാഘനീയമാണ്.

യുവ ജനശുശ്രൂഷയിൽ ഈ കാലഘട്ടത്തിൽ നാം ശ്രദ്ധിക്കേണ്ട ഏതാനും കാര്യങ്ങളെക്കുറിച്ചുകൂടി നാം ബോധവാൻമാരാകേണ്ടിയിരിക്കുന്നു.

1. **ദൈവാനുഭവമുള്ള ഒരു തലമുറയുടെ രൂപീകരണം:** ആധുനിക കാലഘട്ടത്തിൽ വിശ്വാസജീവിതം അറിവിന്റെ തലത്തിലും അനുഷ്ഠാനങ്ങളുടെ തലത്തിലും മാത്രം കേന്ദ്രീകരിക്കപ്പെട്ടപ്പോൾ ദൈവാനുഭവത്തിന്റെ തലം നമ്മുടെ യുവജങ്ങൾക്ക് അന്യമായി തീരുകയാണ്. ജീവിക്കുന്ന ദൈവത്തെക്കുറിച്ചുള്ള അറിവിനപ്പുറം വ്യക്തിപരമായ ദൈവാനുഭവത്തിലേക്ക് കടന്നുവരുമ്പോഴാണ് യുവജന ആത്മീയത പരിപൂർണ്ണതയിൽ എത്തുന്നത്. സഭയുടെ സംവിധാനങ്ങളും സഭാനേതൃത്വവും അതിലുപരി മാതാപിതാക്കളും വരുംതലമുറയെ ദൈവാനുഭവത്തിലൂന്നി വളർത്താൻ ശ്രദ്ധിക്കേണ്ടതാണ്.

2. **മൂല്യങ്ങളിലുള്ള വിവേചനക്കുറവ്:** ഈ നൂറ്റാണ്ടിൽ യുവജനങ്ങളുടെ മുമ്പിൽ നവമാധ്യമങ്ങൾ നല്കുന്ന വിവിധങ്ങളായ ആശയങ്ങൾക്കും സിദ്ധാന്തങ്ങൾക്കും മുമ്പിൽ ക്രൈസ്തവമൂല്യങ്ങളും ആശയങ്ങളും അപ്രധാനമായും അസത്യമായും കരുതുവാനുള്ള ഒരു പ്രവണത യുവജനങ്ങളിൽ കണ്ടുവരുന്നു. ക്രൈസ്തവ മൂല്യങ്ങളുടെയും ആശയസംഹിതകളുടെയും ആന്തരികത വ്യക്തമായി യുവജനങ്ങളിലേക്ക് എത്തിക്കുക എന്നത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. അതിനായി ബഹു. വൈദികരും സമർപ്പിതരും യുവജന ശുശ്രൂഷയിലുള്ള അത്മായരും യുവജനങ്ങൾക്ക് മാർഗദർശികളായി മാറേണ്ടതാണ്. പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ പറയുന്നതുപോലെ യുവജനങ്ങൾക്കുവേണ്ടിയുള്ള ശുശ്രൂഷ എന്നതിനെക്കാൾ യുവജനങ്ങളോടൊപ്പമുള്ള ശുശ്രൂഷയാണ് ഈ തലമുറയ്ക്ക് ആവശ്യം.

3. **വ്യക്തി സ്വാതന്ത്ര്യസിദ്ധാന്തങ്ങളുടെ കടന്നുകയറ്റം:** മാതാപിതാക്കളുടെയും അദ്ധ്യാപകരുടെയും സുരക്ഷിതത്വത്തിൽ നിന്ന് അകന്നുമാറി വ്യക്തിസ്വാതന്ത്ര്യത്തിനായി ആഗ്രഹിക്കുന്ന കാലഘട്ടമാണല്ലോ യുവ

ത്വം. എന്നാൽ അതിരുകടന്ന വ്യക്തിസ്വാതന്ത്ര്യ ചിന്തകൾ യുവജനങ്ങളെ വലിയ അപടകങ്ങളിലേക്ക് നയിക്കുന്നതായി കണ്ടുവരുന്നു. എന്തും ചെയ്യാനും എന്തും തെരഞ്ഞെടുക്കാനും അവകാശമുന്നയിക്കുന്ന വ്യക്തി സ്വാതന്ത്ര്യവാദങ്ങൾ യുവജനങ്ങളെ തെറ്റിലേക്ക് നയിക്കാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ക്രൈസ്തവ യുവജനങ്ങളുടെ ഇടയിൽ മിശ്രവിവാഹങ്ങളുടെയും വിവാഹമോചനങ്ങളുടെയും എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്നുവെന്നത് ഭീതിജനകമായ വസ്തുതയാണ്. വ്യക്തിസ്വാതന്ത്ര്യം വ്യക്തിയുടെ നന്മയിലേക്കും സമൂഹത്തിന്റെ നന്മയിലേക്കും നയിക്കേണ്ടതാണെന്ന ക്രൈസ്തവ ബോധ്യം യുവജനങ്ങളിൽ ആഴത്തിൽ വേരുപാകേണ്ടിയിരിക്കുന്നു.

നാം ജീവിക്കുന്ന ഈ സമുഹത്തിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന അക്രമത്തിനും തിന്മയ്ക്കും എതിരേ ഫലപ്രദമായി പ്രവർത്തിപ്പാൻ യുവജനങ്ങളോട് ചേർന്ന് നിൽക്കുവാനും, അവരെ പ്രോത്സാഹിപ്പിക്കാനും, സഹായസഹകരണങ്ങൾ നൽകുവാനുമുള്ള ആഹ്വാനമാണ് യുവജനദിനം നമുക്ക് നൽകുന്നത്. യുവജനകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെ.സി.വൈ.എം കേരളസഭയ്ക്ക് നൽകുന്ന എല്ലാ ശുശ്രൂഷകളെയും ഓർത്ത് യുവജനങ്ങൾക്ക് നന്ദി പറയുന്നു. കേരളസഭ യുവജനങ്ങളോടൊപ്പം എപ്പോഴും ഉണ്ടാകണമെന്ന് താത്പര്യപ്പെടുന്നു.

ഏവർക്കും യുവജനദിനത്തിന്റെ ആശംസകൾ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ!

**ഡോ. ജോസഫ് മാർ തോമസ്**
(കെ.സി. ബി. സി യുവജനകമ്മീഷൻ ചെയർമാൻ)

**ഡോ. ജോർജ്ജ് മഠത്തികണ്ടത്തിൽ**
(കെ.സി. ബി. സി യുവജനകമ്മീഷൻ വൈസ് ചെയർമാൻ)

**ഡോ. ക്രിസ്തുദാസ്**
(കെ.സി. ബി. സി യുവജനകമ്മീഷൻ വൈസ് ചെയർമാൻ)

2019 ജുലൈ 7ാം തിയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ, ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.

സർക്കുലർ 09/2019

# അഖണ്ഡ ജപമാല സമർപ്പണം -2019

മിശിഹായിൽ പ്രിയപ്പെട്ടവരേ,

തന്റെ ഇഹലോകവാസത്തിന്റെ അന്ത്യനിമിഷങ്ങളിൽ ഈശോ തന്റെ പ്രിയപ്പെട്ടവർക്കു നൽകിയ അമൂല്യമായ രണ്ട് സമ്മാനങ്ങളുണ്ട്. ഒന്ന് അന്ത്യ അത്താഴരാത്രിയിൽ അവിടുന്ന് നൽകിയ വിശുദ്ധ കുർബാന. രണ്ടാമത്തേത് തൊട്ടടുത്ത ദിവസം കാൽവരിൽ അവിടുന്ന് നൽകിയ അവിടുത്തെ സ്വന്തം അമ്മ. 'ഇതാ നിന്റെ അമ്മ' എന്ന തിരുമൊഴിയിലൂടെ മനുഷ്യകുലത്തെ ആക മാനം പ്രതിനിധികരിച്ച് കുരിശിൻ ചുവട്ടിൽ നിൽക്കുന്ന യോഹന്നാൻ ശ്ലീഹായ്ക്ക് ഈശോ തന്റെ അമ്മയെ നൽകി. "സ്വർഗ്ഗസ്ഥനായ പിതാവേ എന്നു പ്രാർത്ഥിക്കാൻ പഠിപ്പിച്ച ഈശോ സ്വർഗ്ഗത്തിലുള്ള അമ്മേ എന്നു പ്രത്യാശയോടെ പ്രാർത്ഥിക്കുവാൻ മനുഷ്യകുലത്തിന് അവസരം നൽകി! തന്നോടു മാദ്ധ്യസ്ഥ്യം അപേക്ഷിക്കുന്ന ആരെയും കൈ വെടിയാത്ത അമ്മ നമ്മുടെ പ്രാർത്ഥനയ്ക്ക് നിശ്ചയമായും ഉത്തരം തരുന്നവളാണ്.

പതിവുപോലെ നമ്മുടെ ആത്മീയ നവീകരണ കേന്ദ്രമായ ബഥാനി യായിൽ ജൂലൈ മാസം 19-ാം തീയതി മുതൽ അഖണ്ഡജപമാല സമർപ്പണം ആരംഭിക്കുമ്പോൾ നമ്മുടെ പ്രത്യേകമായ രണ്ടു നിയോഗങ്ങളാണ് ഈ വർഷം ഉള്ളത്. ഒന്നാമത് നമ്മൾ ലോകസമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കു ന്നു. രണ്ടാമത് തിരുസ്സഭയുടെ എല്ലാ പ്രവർത്തനങ്ങളും ശുശ്രൂഷകളും ദൈവാ നുഗ്രഹം നിറഞ്ഞതും ഫലദായകങ്ങളുമാകാൻവേണ്ടി പ്രാർത്ഥിക്കുന്നു.

പരിശുദ്ധ അമ്മയുടെ ലുത്തിനിയയുടെ അന്ത്യഭാഗത്ത് നാം അമ്മയെ സംബോധന ചെയ്യുന്ന ഒരു ശ്രേഷ്ഠനാമമുണ്ട്. "സമാധാനത്തിന്റെ രാജ്ഞി"! പരിശുദ്ധ അമ്മ സമാധാനത്തിന്റെ രാജ്ഞിയാണ്. ഈശോ സമാധാനത്തിന്റെ രാജകുമാരനാണല്ലോ. എന്തെന്നാൽ "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു പുത്രൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ ചുമലിലാ ണ്... സമാധാനത്തിന്റെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും" (ഏശയ്യ 9:6) ഈ സമാധാനത്തിന്റെ രാജാവിന്റെ അമ്മ "സമാധാനത്തിന്റെ രാജ്ഞി" തന്നെ യാണല്ലോ! തന്റെ മക്കളുടെ സമാധാനത്തിനുവേണ്ടി - ലോകസമാധാനത്തി നുവേണ്ടി തന്റെ പുത്രന്റെ പക്കൽ മാദ്ധ്യസ്ഥ്യം വഹിക്കാൻ പരിശുദ്ധ അമ്മ യോളം പോന്ന ആരുണ്ട്!

താൻപോരിമയുടെ അഹന്ത ഉന്മത്തമാക്കിയിരിക്കുന്ന ആനുകാലിക മനുഷ്യരിൽ ഒരു വലിയ വിഭാഗം ഇന്ന് ദൈവത്തിൻ നിന്നും മൂല്യങ്ങളിൽ നിന്നും അകന്നിരിക്കുന്നു. ലോകരാഷ്ട്രങ്ങൾക്കിടയിൽ ഭൗതികനേട്ടങ്ങൾക്കും സുസ്ഥിതിയ്ക്കുവേണ്ടിയുള്ള നെട്ടോട്ടം മാനവരാശിയുടെ നിലനില്പിനു തന്നെ ഭീഷണിയുർത്തുന്ന സ്വാർത്ഥ താല്പര്യങ്ങളിലേയ്ക്ക് അവരെ കൊണ്ടു ചെന്നെത്തിച്ചിരിക്കുന്നു. ആയുധവ്യാപാരവും അമിതമായ പ്രകൃതി വിഭവ ചൂഷണവും ലോകവ്യാപകമായ അസമാധാനത്തിന്റെ കരിനിഴൽ പരത്തുന്നു.

ഈശോ പറഞ്ഞു " എന്റെ സമാധാനം ഞാൻ നിങ്ങൾക്കു നൽകുന്നു. ലോകം നൽകുന്നതുപോലെയല്ല ഞാൻ നൽകുന്നത്" (യോഹ. 14:27). ലോകം നൽകുന്ന സമാധാനത്തിന് പല കപടമുഖങ്ങളുമുണ്ട്. സ്വാർത്ഥതാൽപര്യങ്ങൾക്കുവേണ്ടി അയൽക്കാരനെ കൊള്ളയടിക്കുന്നതും, ഗർഭാവസ്ഥയിലുള്ള മനുഷ്യജീവനെ കൊലചെയ്യുന്നതും, പ്രകൃതിയെ നശിപ്പിക്കുന്നതുമെല്ലാം ലോകം തരുന്ന സമാധാനത്തിന്റെ അനന്തരഫലങ്ങളാണ്.

ഈശോ തരുന്ന സമാധാനത്തിന്റെ ഫലങ്ങളാവട്ടെ സഹോദരനിൽ ദൈവമുഖം ദർശിക്കാൻ സഹായിക്കുന്നതാണ്; - പ്രകൃതിയിൽ ഈശ്വരസാന്നിദ്ധ്യം അനുഭവിക്കാൻ ഇടവരുത്തുന്നതാണ്; മാനവരാശിയിൽ നിന്ന് ആകുലതയും ഉത്കണ്ഠകളും തുടച്ചുമാറ്റി പകരം പ്രത്യാശയും, ആനന്ദവും ഹൃദയങ്ങളിൽ നിറയ്ക്കുന്നതാണ്.

ശിഷ്യന്മാരെ തന്റെ ദൗത്യനിർവ്വഹണത്തിനായി അയച്ചുകൊണ്ട് ഈശോ പറഞ്ഞു. "നിങ്ങൾ ഏത് വീട്ടിൽ പ്രവേശിച്ചാലും ഈ വീടിന് സമാധാനം എന്ന് ആദ്യമേ ആശംസിക്കണം" (ലൂക്കാ 10:5). സമാധാനവാഹകരാവുക എന്നത് ശിഷ്യത്വത്തിന്റെ കേന്ദ്രധർമ്മമാണ്. ദുരിതങ്ങളും ഭീകരതയും നിറഞ്ഞുനിൽക്കുന്ന ഇന്നത്തെ ലോകത്തിൽ സമാധാനവാഹകരാകാൻ നമുക്കേവർക്കും കടമയുണ്ട്. നാം കടന്നു ചെല്ലുന്ന ഈശോ പറയുന്ന ഭവനം നമ്മുടെ തന്നെ ഭവനമാകാം, നമ്മുടെ സമൂഹമാകാം, നമ്മുടെ സംസ്ഥാനമോ, രാജ്യമോ, ഈലോകം തന്നെയോ ആകാം. "സമാധാനം സംസ്ഥാപിക്കുന്നവർ ഭാഗ്യവാന്മാർ അവർ ദൈവപുത്രന്മാർ എന്ന് വിളിക്കപ്പെടും" (മത്ത. 5:9). ഈ ലോകമാകുന്ന കുടുംബത്തിൽ ദൈവത്തിന്റെ സ്വന്തം മക്കളായി ജീവിക്കാൻ നമുക്കു തന്നിരിക്കുന്ന വിളി സമാധാനത്തിന്റെ വക്താക്കളായി മാറിക്കൊണ്ട് നമുക്ക് നിർവ്വഹിക്കാം.

2019 ജനുവരി 1 ന് ലോകസമാധാനദിനാചരണവേളയിൽ ഫ്രാൻസിസ് മാർപ്പാപ്പ ലോകത്തിലെ രാഷ്ട്രത്തലവന്മാരെ ഓർമ്മപ്പെടുത്തി. "ഭരണകൂട

ങ്ങൾ സമാധാനത്തിന്റെ ശുശ്രൂഷകരാകണം. ഭരണകർത്താക്കൾ സമൂഹത്തെ സേവിക്കാൻ മറക്കുമ്പോൾ അടിച്ചമർത്തലുകളും നശീകരണവും വിഭജനങ്ങളും സംഭവിക്കും. അത് ലോകസമാധാനത്തെ തകർക്കും" (52-ാം ലോക സമാധാനദിന സന്ദേശത്തിൽ നിന്ന്).

വി. പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ നമുക്കനുസ്മരിക്കാം. "തിന്മ നിങ്ങളെ കീഴടക്കാതിരിക്കട്ടെ, തിന്മയെ നന്മകൊണ്ട് കീഴടക്കുവിൻ" (റോമ. 12:21). ലോകത്തിലെ തിന്മയുടെ ശക്തികൾക്കെതിരെ യുദ്ധത്തിന്റെ പടവാളുയർത്തുന്ന വൻശക്തികളെ സമാധാനത്തിന്റെ പാതയിലേയ്ക്ക് തിരിക്കേണ്ടതുണ്ട്. താൽക്കാലിക വിജയങ്ങളും നന്മകളും കൊട്ടിഘോഷിക്കപ്പെടുന്ന യുദ്ധങ്ങൾ അനന്തരകാലങ്ങളിൽ വരുത്തിത്തീർത്തിട്ടുള്ള ദുരിതങ്ങൾ വാക്കുകളിൽ ഒതുങ്ങുന്നവയല്ല. "തിന്മയെ ദ്വേഷിക്കാനും നന്മയെ മുറുകെ പിടിക്കാനും" (റോമ 12:9) അപ്പസ്തോലൻ നമ്മെ ഓർമ്മപ്പെടുത്തുന്നു.

മതത്തിന്റേയും വർഗത്തിന്റേയും പേരിൽ ലോകമെങ്ങും അരങ്ങേറുന്ന അതിക്രമങ്ങളും ക്രൂരതകളും സമാധാനപൂർവ്വം അവസാനിക്കുന്നതിനായി നമുക്ക് പ്രാർത്ഥിക്കാം. സമീപകാലത്ത് ആഫ്രിക്കൻ രാജ്യങ്ങളിലും, ഇറാക്കിലും, ന്യൂസിലന്റിലും, ശ്രീലങ്കയിലും, നമ്മുടെ മാതൃരാജ്യത്തിലും അങ്ങുമിങ്ങും തലയുർത്തുന്ന ഭീകരവാദവും അസമാധാനവും സമാധാന റാണിയായ പരിശുദ്ധ അമ്മയോടൊപ്പം ലോകത്തിനുവേണ്ടി പ്രാർത്ഥിക്കാനുള്ള നമ്മുടെ കടമ വർദ്ധിപ്പിക്കുന്നു.

ലോകത്തിന്റെ സമാധാനത്തിന്റെ വക്താവായി ലോകത്തിന്റെ മനസ്സാക്ഷിയായി നിൽക്കുവാനുള്ള സഭയുടെ ദൗത്യത്തെ നമുക്ക് എപ്പോഴും അനുസ്മരിക്കാം. രണ്ടാം വത്തിക്കാൻ കൗൺസിൽ നമ്മെ ഓർമ്മിപ്പിക്കുന്നു: "ഈ ഭൂമിയും അതിലുള്ള സമസ്തവും മനുഷ്യരാശിയുടെ പൊതുസ്വത്താണ്. സകലർക്കും അവ തുല്യതയിൽ സംലഭ്യമാകണം".

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രിസ്തുവിന്റെ സഭ ഇന്ന് നേരിടുന്ന വെല്ലുവിളികളെ നാം മനസ്സിലാക്കിയിരിക്കണം. ഈശോയിലുള്ള വിശ്വാസമൊന്നിന്റെ മാത്രം പേരിൽ പീഡനം സഹിക്കുന്ന അനേകരുണ്ട് ലോകത്തിൽ. വീടും കുടുംബവും സ്വത്തുകളും വസ്തുവകളും അവകാശങ്ങളും നിഷേധിക്കപ്പെടുന്നവർ. സഹനത്തിന്റെ പാതയിൽ ചരിക്കുമ്പോഴും വിശ്വാസത്തിന്റെ വെളിച്ചം കൈമോശം വരാതെ സൂക്ഷിക്കുന്നവർ! അവരെല്ലാം നമ്മുടെ സഹോദരങ്ങളാണ്. സ്വർഗ്ഗവാസികളുടെ സമാധാനവും ഭൂവാസികളുടെ പ്രത്യാശയുമായ മിശിഹായേ, ലോകത്തിന്റെ നാനാഭാഗങ്ങളിലും വിശിഷ്യ, പരിശുദ്ധ കത്തോലിക്കാസഭയിലും നിന്റെ ശാന്തിയും സമാധാ

നവും പുലർത്തണമേ എന്ന് തീഷ്ണതയോടെ പ്രാർത്ഥിക്കേണ്ട ഒരു കാല ഘട്ടമാണിത്. വി. ഫ്രാൻസിസ് അസീസ്സിയോടൊപ്പം നമുക്കും പ്രാർത്ഥിക്കാം. "എന്നെ സമാധാനത്തിന്റെ ഒരു ഉപകരണമാക്കണമേ!" എന്ന്.

പ്രിയപ്പെട്ടവരേ, കരങ്ങളിൽ ജപമാലയേന്തി മാതൃസന്നിധിയിൽ ഒരുമിച്ചുവന്ന് ലോകസമാധാനത്തിനും തിരുസ്സഭയ്ക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. കഴിഞ്ഞ വർഷങ്ങളിലെന്നപോലെ വ്യക്തിപരമായും കുടുംബാംഗങ്ങൾ ഒരുമിച്ചും കുടുംബകൂട്ടായ്മകളുടെ നേതൃത്വത്തിലും ഈ പ്രാർത്ഥനായജ്ഞത്തിൽ പങ്കെടുക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു. നിശ്ചിത യോഗ്യതയോടെ ജപമാല ചൊല്ലി പ്രാർത്ഥിക്കുന്നവർക്ക് പൂർണ്ണദണ്ഡവിമോചനം ലഭിക്കുമെന്ന് 'പരിശുദ്ധ കന്യകാമറിയത്തിന്റെ ജപമാല' എന്ന തന്റെ ചാക്രികലേഖനത്തിൽ വി. ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പഠിപ്പിക്കുന്നത് (നമ്പർ 37) ഓർമ്മിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അനുരഞ്ജന കൂദാശ സ്വീകരിച്ചും, വി. കുർബാനയിൽ പങ്കെടുത്തും, നമ്മുടെ നിയോഗങ്ങൾ സമർപ്പിച്ചും അഖണ്ഡജപമാലയുടെ ദിവസങ്ങൾ നമുക്കും ലോകം മുഴുവനും തിരുസ്സഭയ്ക്കും അനുഗ്രഹമാക്കി മാറ്റുവാൻ ഏവരെയും ആഹ്വാനം ചെയ്തുകൊണ്ട്,

സ്നേഹപൂർവ്വം,



**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**

താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2019 ജൂലൈ 14-ാം തീയതി വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

സർക്കുലർ 10/2019

# വൈദികദിനം
# വൈദിക ക്ഷേമനിധി

മിശിഹായിൽ പ്രിയപ്പെട്ടവരേ,

ആഗസ്റ്റ് 4-ാം തീയതി ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളാണല്ലോ. എല്ലാവർക്കും പ്രത്യേകിച്ച് രൂപതയിലെ എല്ലാ വൈദികർക്കും വൈദിക ദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും സ്നേഹത്തോടെ ആശംസിക്കുന്നു. ഇടവകയിലെ നിങ്ങളുടെ വികാരിയച്ചന്മാരെ പ്രത്യേകമാംവിധം തിരുനാളിന്റെ മംഗളങ്ങൾ നേർന്ന് ആദരിക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഫ്രാൻസിലെ ആർസ് എന്ന ഇടവകയിൽ തീഷ്ണതയോടെ അജപാലന ശുശ്രൂഷ ചെയ്ത് അനേകായിരങ്ങളെ വിശ്വാസത്തിലേയ്ക്കും വിശുദ്ധിയിലേക്കും നയിച്ച ആ നല്ലയിടയനെയാണ് വൈദികരുടെ മാതൃകയും മദ്ധ്യസ്ഥനുമായി തിരുസ്സഭാമാതാവ് നൽകിയിരിക്കുന്നത്. ദൈവിക ജ്ഞാനത്തിലൂടെ ദൈവജനത്തെ നയിച്ച വിശുദ്ധൻ എക്കാലവും വൈദികർക്ക് പ്രചോദനമാണ്. വചനപ്രഘോഷണത്തിലൂടെയും പാപസങ്കീർത്തനവേദിയിലെ സുദീർഘമായ സാന്നിധ്യത്തിലൂടെയും കഠിനപാപികളുടെ മാനസാന്തരം വിയാനിപുണ്യവാനിലൂടെ സംഭവിച്ചു എന്നതിന് ചരിത്രം സാക്ഷ്യം വഹിക്കുന്നു.

സെമിനാരി പഠനകാലത്ത് ഒന്നിനും കൊള്ളാത്തവനായി മുദ്രകുത്തപ്പെട്ടവനായിരുന്നു ജോൺ വിയാനി. എങ്കിലും ആഴമായ പ്രാർത്ഥനയും ആത്മാക്കൾക്കായുള്ള തീഷ്ണതയും അധികാരികളെ മാറ്റി ചിന്തിപ്പിച്ചു. അങ്ങനെ മനുഷ്യരുടെ ദൃഷ്ടിയിൽ ഒന്നുമല്ലാത്തവൻ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടു. ദൈവത്തിന്റെ ഒരു നിയോഗവും വിളിയുമാണ് ഓരോ പൗരോഹിത്യവും എന്ന് വിയാനിപ്പുണ്യവാന്റെ ജീവിതം നമ്മെ ഓർമ്മിപ്പിക്കുന്നു. ദൈവജനത്തിൽ നിന്നും ദൈവജനത്തിനുവേണ്ടി ദൈവീകാര്യങ്ങൾക്കായി നിയമിക്കപ്പെടുന്ന ദാസനാണ് ഒരു പുരോഹിതൻ. ഒരു വ്യക്തിയുടെ കഴിവോ, പാരമ്പര്യമോ, കുടുംബപശ്ചാത്തലമോ ഒന്നുമല്ല, ദൈവകരുണയാണ് ഓരോ പൗരോഹിത്യ ദൈവവിളിയും.

നമ്മുടെ രൂപതയിൽ ഇപ്രകാരം ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട് ദൈവജനത്തിനായി ശുശ്രൂഷ ചെയ്യുന്ന 197 വൈദികരാണുള്ളത്. അവരുടെ നിസ്വാർത്ഥമായ ശുശ്രൂഷകളിലൂടെ അദൃശ്യമായ ദൈവീക വരപ്രസാദം നമ്മിലേക്ക് ഒഴുകി വരുന്നു എന്ന് നമുക്കറിയാം. നമുക്ക് നല്ല അജപാലകരെ നല്കിയതിനും, ഇന്നും നല്കികൊണ്ടിരിക്കുന്നതിനും നമുക്ക് ദൈവത്തോട് നന്ദിയുള്ളവരാകാം.

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിവസം നമ്മുടെ രൂപതയിൽ നാം വൈദികദിനമായി ആചരിക്കുകയാ

ണല്ലോ. വൈദികർക്കുവേണ്ടി പ്രാർത്ഥിച്ചും, ആശംസകൾ നേർന്നും അവരെ സന്ദർശിച്ചും നമുക്ക് നമ്മുടെ വൈദികരോടുള്ള സ്നേഹം പ്രകടമാക്കാം. പ്രത്യേകിച്ചും നമ്മുടെ ഇടവകകളിൽ സജീവമായ ശുശ്രൂഷകൾ ചെയ്തതിനുശേഷം വിശ്രമജീവിതം നയിക്കുന്ന നമ്മുടെ വൈദികരെ സന്ദർശിക്കുന്നതിലും പ്രാർത്ഥിക്കുന്നതിലും ഒരു കുറവും വരുത്തരുതെന്ന് ദൈവജനത്തെ ഞാൻ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ വൈദികരോടുള്ള എല്ലാ കടപ്പാടിന്റെയും സ്നേഹത്തിന്റെയും കരുതലിന്റെയും നേർസാക്ഷ്യമണ് വൈദിക ക്ഷേമനിധി. ജീവിതാവസാനം വരെ ഞങ്ങൾ കൂടെയുണ്ട് എന്ന് പറയുന്നതിനു തുല്യമാണ് വൈദിക ക്ഷേമനിധിയിലേയ്ക്കുള്ള നമ്മുടെ സമർപ്പണം. മുൻവർഷങ്ങളിലേതുപോലെ വൈദിക ക്ഷേമനിധിയിലേക്കുള്ള നിങ്ങളുടെ സംഭാവന ആഗസ്റ്റ് 4 ന് ഞായറാഴ്ച വി. കുർബാന മദ്ധ്യേ സ്തോത്രക്കാഴ്ചയായി നല്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ വീടുകളിലെത്തിക്കുന്ന കവറിലാണ് സംഭാവന നല്കേണ്ടത്. കഴിഞ്ഞവർഷം ഇപ്രകാരം 34,23,910/- രൂപയാണ് രൂപതാസമൂഹം നല്കിയത്. വൈദികരുടെ ചികിത്സയ്ക്കും സംരക്ഷണത്തിനുമായി നിങ്ങളോരോരുത്തരും സന്തോഷത്തോടു കൂടി സമർപ്പിക്കുന്ന കാഴ്ചകൾ നൂറുമടങ്ങായി തിരികെ ലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നിങ്ങളുടെ സഹകരണത്തിന് മുൻകൂട്ടി നന്ദി പറയുകയും ചെയ്യുന്നു.

നമ്മുടെ വൈദികർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം. അവരുടെ സ്തുത്യർഹവും, നിസ്വാർത്ഥവുമായ സേവനങ്ങളെ ഓർത്ത് ദൈവത്തിന് നന്ദി പറയാം. പൊതുസമൂഹത്തിനും തിരുസ്സഭയ്ക്കും നമ്മുടെ സമുദായത്തിനും വൈദികരുടെ അജപാലന ശുശ്രൂഷ എത്രയോ നന്മകളാണ് നല്കിക്കൊണ്ടിരിക്കുന്നത് എന്നത് നമുക്ക് മറക്കാതിരിക്കാം. നല്ലയിടയനായ ഈശോയെ അനുകരിച്ചും, ഈശോയോടു അനുരൂപപ്പെട്ടും അജപാലന ശുശ്രൂഷ ചെയ്യുവാൻ നമ്മുടെ വൈദികർക്ക് കഴിയട്ടെ. എല്ലാ ദിവസവും കുടുംബപ്രാർത്ഥനയ്ക്കുശേഷം നിത്യപുരോഹിതനായ ഈശോയോടു പ്രാർത്ഥിക്കണമെന്നും. പരി. അമ്മയുടെ വിമലഹൃദയത്തിനും, വി. യൗസേപ്പിതാവിന്റെ സൂക്ഷത്തിനും നമ്മുടെ അച്ചന്മാരെ സമർപ്പിക്കണമെന്നും ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കുന്നു. രൂപതയുടെ മദ്ധ്യസ്ഥനായ വി. അൽഫോൻസാമ്മയും വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയും നമ്മെ സഹായിക്കട്ടെ.

സ്നേഹപൂർവ്വം,

**✠മാർ റെമീജിയോസ് ഇഞ്ചനാനിയിൽ**
താമരശ്ശേരി രൂപതയുടെ മെത്രാൻ

---

ഈ സർക്കുലർ 2019 ജൂലൈ 28-ാം തീയതി വി. കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

Prot. No. 0984/ 2019

# ഇടയലേഖനം
## സഭാദിനം - ജൂലൈ 3, 2019

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോ ലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാ വരോടും കൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ ദുക്റാന തിരുനാൾ ദിവസമായ ജൂലൈ 3 ആണല്ലോ പതിവനുസരിച്ച് സീറോമലബാർ സഭാദിനമായി ആചരിച്ചു വരുന്നത്. തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിലൂടെ വിശ്വാസം സ്വീകരിച്ച പൂർവ്വികന്മാർ നമുക്ക് കൈമാറിത്തന്ന വിശ്വാസത്തിന്റെ വെളിച്ചം കൂടുതൽ പ്രകാശി പ്പിക്കാൻ കടപ്പെട്ടവരാണ് നാമെല്ലാവരുമെന്ന് ദുക്റാന തിരുനാൾ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ എല്ലാ രൂപതകളിലും ഇടവകകളിലും സ്ഥാപനങ്ങളിലും സഭാദിനം ആഘോഷിക്കുമ്പോൾ, കാലഘട്ട ത്തിന്റെ പ്രത്യേകതകളിൽ ഈശോമിശിഹായുടെ സുവിശേഷം ഫലപ്രദമായി പ്രഘോഷിക്കാനുള്ള കൃപയ്ക്കുവേണ്ടി നമുക്ക് പ്രാർ ത്ഥിക്കാം.

ഗാഗുൽത്തായിൽ രക്തം ചിന്തിയവനിലുള്ള വിശ്വാസത്താൽ പ്രേരിതനായി മൈലാപ്പൂരിൽ തോമാശ്ലീഹ സ്വന്തം രക്തം ചിന്തി മരണം കൈവരിച്ചതുമുതലാണ് നമ്മുടെ സഭ വളർന്നു തുടങ്ങിയത്. തോമാശ്ലീഹായുടെ സുവിശേഷ പ്രഘോഷണത്തിലൂടെ രൂപീകൃതമായ വിവിധ സഭകളുടെ ഇടയിൽ നമ്മുടെ സഭ പ്രേഷിതപ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നു. ഇക്കാരണത്താൽ, നമ്മുടെ പിതാവിനെപ്പോലെ ധീരതയോടെ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാനുള്ള ദൗത്യം നമുക്കുണ്ട്. അവനോടൊപ്പം മരിക്കാൻ നമുക്കും പോകാം (യോഹ. 11:16) എന്ന അപ്പസ്തോലന്റെ വാക്കുകൾ ഈശോയുമായുള്ള ആഴമായ സൗഹൃദത്തിൽ നിന്ന് ശക്തി പ്രാപിച്ചവയായിരുന്നു. ഈശോയെ കൂടുതൽ അറിയാനും കുടുതൽ സ്നേഹിക്കാനും ആഗ്രഹിച്ച ശ്ലീഹായുടെ ആത്മാർത്ഥത നിറഞ്ഞു നില്ക്കുന്ന സമീപനം സുവിശേഷത്തിൽ

കാണുന്നുണ്ട്. കർത്താവേ, നീ എവിടേയ്ക്കു പോകുന്നുവെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ, പിന്നെ വഴി ഞങ്ങൾ എങ്ങനെയറിയും? (യോഹ. 14:5) എന്ന ചോദ്യവും ഈശോ മിശിഹായെ ഏറ്റവും അടുത്തനുഗമിക്കാനുള്ള അദ്ദേഹത്തിന്റെ ആഗ്രഹത്തെയാണ് പ്രകടമാക്കുന്നത്. താൻ സ്ഥലത്തില്ലാതിരുന്നപ്പോൾ മറ്റുള്ളവർക്കു നൽകപ്പെട്ട ഉത്ഥിതന്റെ ദർശനം തനിക്കും ലഭിക്കണമെന്ന തീവ്രമായ ആഗ്രഹവും അവന്റെ കൈകളിൽ ആണി കളുടെ പഴുതുകൾ ഞാൻ കാണുകയും അവയിൽ എന്റെ വിരൽ ഇടുകയും അവന്റെ പാർശ്വത്തിൽ എന്റെ കൈ വയ്ക്കുകയും ചെയ്തല്ലാതെ ഞാൻ വിശ്വസിക്കുകയില്ല (യോഹ. 20:25) എന്ന ശാഠ്യവും തോമാശ്ലീഹായുടെ വിശ്വാസത്തിന്റെ വലിയ ഏറ്റു പറച്ചിലായിരുന്നു. ഇപ്രകാരം, ഈശോമിശിഹായോടുള്ള വ്യക്തിപരമായ സ്നേഹവും അടുപ്പവും ഹൃദയത്തിൽ സൂക്ഷിച്ച തോമാശ്ലീഹാ, തന്റെ ഗുരുവിൽ ഉത്ഥിതന്റെ അടയാളങ്ങൾ കണ്ട പ്പോൾ നടത്തിയ എന്റെ കർത്താവേ എന്റെ ദൈവമേ എന്ന വിശ്വാസ പ്രഖ്യാപനം, അദ്ദേഹത്തിന്റെ സ്നേഹവും തീക്ഷ്ണതയും പ്രകടിപ്പിക്കുന്നതായിരുന്നു.

തന്റെ ഗുരുവിനോടുള്ള സ്നേഹവും അടുപ്പവും പരസ്യ ജീവിതകാലത്തെ സാധാരണ അനുഭവങ്ങളുടെ പരിമിതികൾ കടന്ന് ഉത്ഥാനാനുഭവത്തിലെത്തിയപ്പോഴാണ് തോമാശ്ലീഹായിലെ പ്രേഷി തൻ രൂപപ്പെടുന്നത്. പലസ്തീനായിൽ നിന്ന് കൊടുങ്ങല്ലൂർ വഴി, വിവിധ സ്ഥലങ്ങൾ കടന്ന് മൈലാപ്പൂരിൽ അവസാനിച്ച തോമാ ശ്ലീഹായുടെ പ്രേഷിത യാത്ര ആധുനിക സമൂഹത്തിന്റെ വിശാല വഴികളിലൂടെ തുടരാൻ വിളിക്കപ്പെട്ടവരാണ്, സഭാമക്കളായ നമ്മൾ എല്ലാവരും. നമ്മുടെ സഭയും തോമാശ്ലീഹായിൽ നിന്ന് വിശ്വാസം സ്വീകരിച്ച ഇതരസഭകളും ഈ ദൗത്യം തുടരുന്നുണ്ട്. തോമാശ്ലീ ഹായുടെ വിശ്വാസ തീക്ഷ്ണതയും അദ്ദേഹം ജീവിച്ച കാലഘട്ട ത്തിന്റെ വെല്ലുവിളികളും അതിന്റെ ഫലമായ രക്തസാക്ഷിത്വവും നമ്മുടെ സുവിശേഷപ്രചരണ സംരംഭങ്ങളിൽ കാലാനുസൃതമായി പ്രതിഫലിക്കണം.

സഭാദിനാചരണത്തിന്റെ പശ്ചാത്തലത്തിൽ, സീറോ മലബാർ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെയും അവ ലോകത്തിനു നല്കിയ നിരവധി ഫലങ്ങളെയും ഓർത്ത് നന്ദി പറയാം. ലോകമെമ്പാടും ഇന്ന് സീറോമലബാർ സഭയുടെ മക്കൾ സജീവസാക്ഷ്യം നല്കി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു എന്നത് സന്തോഷകരമായ യാഥാർത്ഥ്യമാണ്. നമ്മുടെ സഭയിൽ നിന്നുള്ള മെത്രാന്മാരും വൈദികരും സമർപ്പിതരും മറ്റ് വ്യക്തി സഭകളിൽ ഫലപ്രദമായ അജപാലന-പ്രേഷിത ശുശ്രൂഷകൾ ചെയ്യുന്നതും

അഭിമാനാർഹമായ കാര്യമാണ്. മാർതോമ്മാശ്ലീഹാ തെളിയിച്ചുതന്ന വിശ്വാസദീപം ലോകമാസകലം പ്രകാശിപ്പി ക്കാനുള്ള പ്രവർത്തനങ്ങൾ തീക്ഷ്ണതയോടെ നമുക്കു തുടരാം. ഭാരതം മുഴുവനിലും പ്രേഷിതപ്രവർത്തനം നടത്തുവാനുള്ള അവസരം ലഭിച്ച നമ്മുടെ സഭ പ്രേഷിത ചൈതന്യത്തിൽ കൂടുതൽ വളരേണ്ടതുണ്ട്. ഗൾഫ്, സിംഗപ്പൂർ, ആഫ്രിക്കയിലെ ചില രാജ്യങ്ങൾ എന്നിവിടങ്ങളിലെ നമ്മുടെ വിശ്വാസികൾക്കും കൂടി നമ്മുടെ സഭയുടെ തനതായ അജപാലന സൗകര്യങ്ങൾ അവയുടെ പൂർണ്ണതയിൽ ലഭിക്കുന്നതിനുവേണ്ടി എല്ലാവരും പ്രാർത്ഥിക്കണം.

ഏതൊരു പ്രേഷിതപ്രവർത്തനവും ആത്മാർത്ഥതയോടെ ഏറ്റെടുക്കുകയും പ്രതിബദ്ധതയോടെ തുടരുകയും ചെയ്യണമെങ്കിൽ അയച്ചവനോടുള്ള ബന്ധവും വിശ്വസ്തതയും സജീവമായി നില നിർത്തണം. ആധുനിക സമൂഹത്തിന്റെ പ്രായോഗിക സംസ്കാ രത്തിൽ, ചില തത്വചിന്തകളും ദൈവശാസ്ത്ര സമീപനങ്ങളും ഈ വിശ്വസ്തതയ്ക്ക് എതിരായി നിൽക്കുന്നുണ്ട്. ഈശോയുടെ രക്ഷാകര ദൗത്യം തങ്ങളോടുതന്നെയും വിശ്വാസസമൂഹത്തോടും പൊതുസമൂഹത്തോടും ഫല പ്രദമായി പ്രഘോഷിക്കാൻ എല്ലാ സഭാംഗങ്ങൾക്കും സാധിക്കണം.

വർത്തമാനകാലത്തിൽ സഭയുടെ പ്രേഷിത സ്വഭാവത്തെയും ദൗത്യത്തെയും ലോകത്തിനു മുൻപിൽ അവതരിപ്പിക്കുന്നതിൽ ഫ്രാൻസിസ് മാർപാപ്പ എപ്പോഴും ശ്രദ്ധാലുവാണ്. യുവജനങ്ങൾ ക്കുവേണ്ടി റോമിൽ നടന്ന പ്രത്യേക സിനഡിനുശേഷം പുറ ത്തിറക്കിയ ക്രിസ്തു ജീവിക്കുന്നു (*Christus vivit*) എന്ന അപ്പ സ്തോലിക പ്രബോധനം മാർപാപ്പയുടെ ലോകത്തോടുള്ള ശക്തമായ സുവിശേഷ പ്രഘോഷണമാണ്. ഈ അപ്പസ്തോലിക പ്രബോധനത്തിൽ ഏതൊരു ക്രൈസ് തവനും വിശ്വസിക്കേണ്ടതും ജീവിക്കേണ്ടതും പ്രഘോഷിക്കേണ്ടതുമായ മൂന്ന് സത്യങ്ങളെ അവതരിപ്പിക്കുന്നുണ്ട്. ദൈവം നിന്നെ സ്നേഹിക്കുന്നു, ക്രിസ്തുവാണ് രക്ഷകൻ, ക്രിസ്തു ജീവിക്കുന്നു എന്നിവയാണ് മാർപാപ്പ ലോകത്തോട് പ്രഘോഷിക്കുന്ന സുവിശേഷ സത്യങ്ങൾ. ഉപഭോഗ മരണസംസ്കാരങ്ങൾ ആധുനിക മനുഷ്യന്റെ നിഷേ ധാത്മകതയെ വളർത്തി സുവിശേഷമൂല്യങ്ങളിൽ നിന്നും സഭയിൽ നിന്നും അകറ്റുമ്പോൾ രക്ഷകനായ ക്രിസ്തു ഇന്നും ജീവിക്കുന്നവ നാണെന്നു പ്രഘോഷിക്കുന്നതാണല്ലോ വിമോചനത്തിന്റെ സുവിശേഷം. എല്ലാ പ്രേഷിതപ്രവർത്തനങ്ങളും അടിസ്ഥാ നമിടേണ്ടതും അർത്ഥം കണ്ടെത്തേണ്ടതും ഈ സത്യത്തിൽ നിന്നാണ്. ഈ കാലഘട്ടത്തിലും നമ്മൾ പ്രഘോഷിക്കേണ്ടതും ജീവിക്കേണ്ടതും പ്രാവർത്തികമാക്കേണ്ടതുമായ സത്യവും ഇതുമാത്രമാണ്.

ദൈവം നല്കിയ അനുഗ്രഹങ്ങൾക്കിടയിലും ഇനിയും ആത്മപരിശോധനയ്ക്ക് വിഷയമാക്കേണ്ട കാര്യങ്ങൾ നമ്മുടെ മുൻപിലുണ്ട്. സഭയുടെ എല്ലാ പ്രവർത്തനങ്ങളിലും ഇടപെടലു കളിലും സുവിശേഷത്തിന്റെ കലർപ്പില്ലാത്ത സന്ദേശം പകർന്നു കൊടുക്കുവാൻ നമുക്കു കഴിയണം. ആദിമസഭയിലുണ്ടായിരുന്ന പങ്കുവയ്ക്കൽ മനോഭാവം വിവിധ സഭാസംവിധാനങ്ങളിലും സ്ഥാപനങ്ങളുടെ നടത്തിപ്പിലും വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിലും നയരൂപീകരണത്തിലും കൂടുതൽ പ്രകടമാ കേണ്ടതുണ്ട്. ചരിത്രത്തിലൂടെ ദീർഘയാത്ര തുടരുന്ന ഇന്നത്തെ സഭ, ആദിമസഭയുടെ ജാഗ്രതയും തീക്ഷ്ണതയും കൈമോശം വരാതെ കാത്തുസൂക്ഷിക്കണം. മണവാളൻ എപ്പോൾ വരുമെന്ന് നിശ്ച യമില്ലാത്തതിനാൽ, വിളക്കണയാതിരിക്കാൻ എണ്ണ കരുതി സ്വീകരിക്കാൻ കാത്തിരിക്കുന്ന കന്യകമാരുടെ ജാഗ്രത സഭയുടെ എല്ലാ മേഖലകളിലും ഉറപ്പുവരുത്തുവാൻ കൂട്ടായ്മയോടെ പ്രവർത്തിക്കേണ്ടതുണ്ട്. ദൈവം ഈ ലോകം മുഴുവനെയും സ്നേഹിക്കുന്നുവെന്നും ദൈവപുത്രനായ ഈശോമിശിഹായാണ് നമ്മുടെ രക്ഷകനെന്നും ഈ രക്ഷകൻ ഇന്നും ജീവിക്കുന്നുവെന്നും ഫല പ്രദമായി പ്രഘോഷിക്കുവാൻ നമുക്ക് സാധിക്കണം.

ഈ പ്രഘോഷണത്തിലും സാക്ഷ്യത്തിലും നമുക്കു വന്നുപോയ പോരായ്മകളെ എളിമയോടെ അംഗീകരിക്കാം. തെറ്റിദ്ധാരണ കളെയും വിമർശനങ്ങളെയും എതിർപ്പുകളെയും ഈശോയുടെ ശൈലിയിൽ സ്വീകരിക്കാൻ സാധിക്കണം. നാമെല്ലാവരും വിശുദ്ധിയിലേയ്ക്ക് വളരാൻ വിളിക്കപ്പെട്ടവരാണെന്ന സത്യം ആനന്ദിച്ച് ആഹ്ളാദിക്കുവിൻ എന്ന തന്റെ ചാക്രിക ലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ ഓർമ്മിപ്പിക്കുന്നുണ്ട്. വിശുദ്ധിയെന്നത് നമ്മുടെ ദുർബലതയും ദൈവിക കൃപയുടെ ശക്തിയും തമ്മിലുള്ള കണ്ടു മുട്ടലാണ്. നമ്മുടെ പരിമിതികളിൽ നിന്നും കൂടുതൽ ഉയരത്തി ലേയ്ക്കു നോക്കാൻ വേണ്ടി, ദൈവത്താൽ സ്നേഹിക്കപ്പെടാനും, വിമോചിതരാകാനും വിട്ടുകൊടുക്കുന്നതിൽ നമുക്ക് ഭയപ്പെ ടാതിരിക്കാം (ആനന്ദിച്ച് ആഹ്ലാദിക്കുവിൻ, നമ്പർ 34). എല്ലാ ക്ലേശ ങ്ങൾക്കുമിടയിൽ ആനന്ദം നല്കുന്ന രക്ഷയുടെ പ്രത്യാശ നമുക്ക് മുറുകെപിടിക്കാം.

നമ്മുടെ സഭാദിനാചരണവേളയിൽ നിങ്ങൾക്കെഴുതുമ്പോൾ സുപ്രധാനമായ ചില വാർത്തകൾ കൂടി പങ്കുവയ്ക്കുവാൻ ആഗ്ര ഹിക്കുന്നു. തിരുകുടുംബ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകയും നമ്മുടെ സഭാംഗവുമായ വാഴ്ത്തപ്പെട്ട മറിയം ത്രേസ്യ അടുത്ത ഒക്ടോബർ മാസത്തിൽ വിശുദ്ധ പദവിയിലേയ്ക്കുയർത്തപ്പെടുമെന്ന് നമുക്ക് അറിവു ലഭിച്ചിട്ടുണ്ട്. അതുപോലെ കാനഡയിലെ മിസിസാഗ എക്സാർക്കേറ്റ്,

രൂപതയായി പരിശുദ്ധ പിതാവ് ഉയർത്തിയ വിവരം നിങ്ങൾ അറിഞ്ഞു കാണുമല്ലോ. രൂപതയുടെ ഉദ്ഘാടന ചടങ്ങിലും പ്രഥമ മെത്രാന്റെ സ്ഥാനാരോഹണ കർമ്മത്തിലും ഞാൻ പങ്കെടുത്തിരുന്നു. മൂന്നാമത്തേത്, വരുന്ന ഒക്ടോബർ മാസത്തിൽ, നമ്മുടെ സഭയിലെ പിതാക്കന്മാരെല്ലാം ആദ് ലിമിന(*Ad limina*) സന്ദർശനത്തിനായി റോമിലേയ്ക്ക് പോകുന്നു എന്നതാണ്.

നിങ്ങളുടെ പ്രാർത്ഥനയിൽ നമ്മുടെ സഭയുടെ എല്ലാ നിയോഗങ്ങളെയും എളിയവനായ എന്നെയും ഓർക്കുന്നതിന് നന്ദി പറയുന്നു. ആഗസ്റ്റ് മാസം നടക്കാനിരിക്കുന്ന നമ്മുടെ സഭയുടെ സിനഡിനു വേണ്ടിയും നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കണം. നമ്മുടെ പിതാവായ തോമാശ്ലീഹായെപ്പോലെ ഉത്ഥിതനായ ഈശോയെ നാഥനും രക്ഷകനുമായി ഏറ്റു പറഞ്ഞ്, ഈശോ ഇന്നും ജീവിക്കുന്നു എന്ന ഉറച്ച ബോദ്ധ്യത്തിൽ നമ്മുടെ എല്ലാ ജീവിത സാഹചര്യ ങ്ങളിലും പ്രേഷിത ചൈതന്യത്തിൽ മുന്നേറാൻ നിരന്തരം പരിശ്രമിക്കാം. ദുക്റാന തിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

+ കർദിനാൾ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2019 ജൂൺ 14-ാം തീയതി നൽകപ്പെട്ടത്



# കച്ചേരിക്കാര്യം

## 1. പുതിയ നിയമനങ്ങൾ

ഫാ. പുതുശ്ശേരി ഷാന്തി PIME : Resource Person

ഫാ. കുളത്തിങ്കൽ മാത്യു : വികാരി, വടകര

**കെ.സി.വൈ.എം. മേഖല ഡയറക്ടേഴ്സ്**

ഫാ. ആലപ്പാട്ടുകോട്ടയിൽ ജോസഫ് : തിരുവമ്പാടി

ഫാ. തേക്കനാത്ത് ദേവസ്സി CSsR : താമരശ്ശേരി

ഫാ. വരകിൽ ആന്റണി : തോട്ടുമുക്കം

**സീറോ മലബാർ മാതൃവേദി മേഖല ഡയറക്ടേഴ്സ്**

ഫാ. ചുണ്ടയിൽ ജോസഫ് : മലപ്പുറം

ഫാ. കാവിൽ റോണി പോൾ : പാറോപ്പടി

ഫാ. മുണ്ടക്കൽ ചാക്കോ : വിലങ്ങാട്

**SAFE Environment Committee**

ഡോ. ചാക്കോ കെ.വി. കാളംപറമ്പിൽ : ഡയറക്ടർ

ഫാ. പുതിയാപറമ്പിൽ തോമസ് : മെമ്പർ

സി. ഡെൽസി ഫിലിപ്പ് MSMI : മെമ്പർ

അഡ്വ. ബീന ജോസ് പാലയൂർ : മെമ്പർ

## 2. ജൂലൈ 3 – സഭാദിനം, സഭാദിന പിരിവ്

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ മരണത്തിരുനാളായ ജൂലൈ 3–ാം തീയതി സീറോ മലബാർ സഭാദിനമായി ആചരിക്കുന്നു. നമ്മുടെ സഭയുടെ ഐക്യത്തിനും വിശ്വാസികളുടെ നന്മയ്ക്കും വേണ്ടി മാർതോമാശ്ലീഹായുടെ മാദ്ധ്യസ്ഥ്യം പ്രാർത്ഥിക്കാം. അന്നേദിവസം വി. കുർബാനമദ്ധ്യേ എടുക്കുന്ന സീറോ മലബാർ സഭാദിന പിരിവ് (ആൾ ഒന്നിന് 2 രൂപ പ്രകാരം) രൂപതാകേന്ദ്രത്തിൽ നൽകേണ്ടതാണ്.

## 3. വൈദികരുടെ വാർഷിക ധ്യാനം

എല്ലാ വർഷവും നടത്തുന്നതുപോലെ നമ്മുടെ രൂപതയിലെ വൈദികരുടെ വാർഷിക ധ്യാനം രണ്ടു ബാച്ചുകളിലായി നടത്തുന്നു. ഒന്നാമത്തെ ബാച്ചിന്റെ ധ്യാനം 2019 ജൂലൈ 7 ന് ആരംഭിച്ച് 12 ന് അവസാനിക്കുമ്പോൾ, രണ്ടാമത്തെ ബാച്ചിന്റെ ധ്യാനം ജൂലൈ 14 മുതൽ 19 വരെയാണ് ക്രമീകരിച്ചിരിക്കുന്നത്. പുല്ലൂരാംപാറ ബഥാനിയ സെന്ററിൽ വച്ച് നടക്കുന്ന ധ്യാനം നയിക്കുന്നത് കാഞ്ഞിരപ്പള്ളി രൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവാണ്. ധ്യാനത്തിന് വരുമ്പോൾ കുർബാന കണക്കു പുസ്തകം കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.

**4. വൈദികസമിതി സമ്മേളനം - ജൂലൈ 25**

പത്താമത് പ്രസ്ബിറ്ററൽ കൗൺസിലിന്റെ സമ്മേളനം 2019 ജൂലൈ 25-ാം തീയതി രാവിലെ 10.30 ന് രൂപതാഭവനിൽ ചേരുന്നതാണ്. അംഗങ്ങൾ എല്ലാവരും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**5. വി. അൽഫോൻസാമ്മയുടെ തിരുനാൾ**

രൂപതയുടെ മദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാൾ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും ആഘോഷിക്കേണ്ടതാണ്. വിശുദ്ധയോടുള്ള നൊവേന തിരുനാളിനൊരുക്കമായി ചൊല്ലുകയും തിരുനാൾ ഭക്തിപൂർവ്വം ആഘോഷിക്കുകയും ചെയ്യാം. നമ്മുടെ രൂപതയ്ക്കുവേണ്ടിയും രൂപതയുടെ വിവിധ ആവശ്യങ്ങൾക്കുവേണ്ടിയും വിശുദ്ധയുടെ മാദ്ധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം.

**6. യുവജന ഞായർ**

ജൂലൈ 7-ാം തീയതി സഭ യുവജന ഞായറായാണ് ആചരിക്കുന്നത്. നമ്മുടെ ഇടവകയിലെ യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും സംഘടനകളിൽ ചേർന്ന് പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുകയും ചെയ്യേണ്ടതാണ്. ജൂലൈ 7-ാം തീയതി എടുക്കുന്ന സ്തോത്രക്കാഴ്ച യുവജന സംഘടനാപ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിന് സമാഹരിക്കുന്ന ഫണ്ടാണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**7. വൈദിക ദിനം, വൈദിക ക്ഷേമനിധി**

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളായ ആഗസ്റ്റ് 4-ാം തീയതി നമ്മുടെ പതിവനുസരിച്ച് വൈദിക ദിനമായി ആചരിക്കുന്നു. ബഹു. വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാനും ആശംസകളർപ്പിക്കുവാനും ബന്ധപ്പെട്ടവർ പരിശ്രമിക്കുമല്ലോ. വൈദിക ക്ഷേമനിധിയിലേയ്ക്കുള്ള ഇടവകാംഗങ്ങളുടെ സംഭാവനകൾ സ്വീകരിക്കുന്നതിന് വിതരണം ചെയ്യുവാനുള്ള കവറുകൾ ജൂലൈ 15 ന് മുമ്പ് ഫൊറോന കേന്ദ്രത്തിൽ എത്തിക്കുന്നതാണ്. ആഗസ്റ്റ് 4-ാം തീയതി സ്തോത്രക്കാഴ്ച സമർപ്പിക്കുവാനുള്ള കവറുകൾ നേരത്തെതന്നെ ഭവനങ്ങളിലെത്തിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. ക്ഷേമനിധിയിലേയ്ക്കുള്ള സംഭാവനകൾ യഥാസമയം രൂപതാകേന്ദ്രത്തിൽ നൽകേണ്ടതാണ്.

**8. അഭിനന്ദനങ്ങൾ**

**ബഹു. മാത്യു കുളത്തിങ്കലച്ചൻ** പാരിസ് കാത്തലിക് യൂണിവേഴ്സിറ്റിയിൽ നിന്ന് സുറിയാനി സഭാപിതാക്കന്മാരെക്കുറിച്ച് ഡോക്ടറേറ്റും **ബഹു. മാത്യു തടത്തിലച്ചൻ** മുംബൈ ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസിൽ (TISS) നിന്ന് മനഃശാസ്ത്രത്തിൽ ഡോക്ടറേറ്റും കരസ്ഥമാക്കി രൂപതയിൽ തിരിച്ചെത്തിയിരിക്കുന്നു. ബഹു. അച്ചന്മാർക്ക് രൂപതാകുടുംബത്തിന്റെ എല്ലാവിധ അഭിനന്ദനങ്ങളും വിജയാശംസകളും നേരുന്നു.

### 9. നന്ദി, സ്വാഗതം

താമരശ്ശേരി രൂപതഭവനിൽ സ്തുത്യർഹമായ സേവനത്തിനുശേഷം പുതിയ കർമ്മമേഖലയിലേയ്ക്ക് പോകുന്ന **സി. എൽസി എസ്.എച്ച്., സി. അന്ന എസ്.എഫ്.എൻ.** എന്നിവർക്ക് രൂപതാകുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പുതിയ മേഖലയിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

താമരശ്ശേരി അൽഫോൻസ പ്രസ്സിൽ രൂപതയുടെ എല്ലാവിധ പ്രിന്റിംഗ് ജോലികളും ചെയത് സ്ഥലം മാറിപ്പോകുന്ന പ്രേഷിതാരം സമൂഹാംഗങ്ങളായ **സി. റാണി മരിയ**യ്ക്കും **സി. സാന്ത്വന**യ്ക്കും, **സി. ടെസ്മി**യ്ക്കും രൂപതാ കുടുംബത്തിന്റെ നന്ദിയും കൃതജ്ഞതയും ആശംസിക്കുന്നു. പുതിയ മേഖല യിൽ എല്ലാവിധ ആശംസകളും നേരുന്നു.

പുതിയതായി രൂപതാഭവനിലേയ്ക്ക് കടന്നുവന്നിരിക്കുന്ന **സി. ജയ സി.എം.സി., സി. സെലസ്റ്റി എം.എസ്.എം.ഐ.** എന്നിവർക്കും അൽഫോൻസ പ്രസ്സി ലേയ്ക്ക് കടന്നുവന്നിരിക്കുന്ന **സി. പവിത്ര, സി. ജെസ്സി ജോസ്** എന്നിവർക്കും ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

### 10. പുതിയ ഫോൺനമ്പർ

ഫാ. മാത്യു പുളിമൂട്ടിൽ (Jr.) : 9747032455

### 11. പുതിയ മേൽവിലാസം

Fr. Joseph Kuzhikkattumyalil
Vicar, St. Joseph Church
St.Joseph's Nagar
Kovundampalayam
Coimbatore, TN - 641030

### 12. ആദരാഞ്ജലികൾ

| | | |
|---|---|---|
| 15.07.1999 | – | റവ. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ |
| 16.07.1981 | – | റവ. ഫാ. അബ്രാഹം മൂക്കനോലിൽ |
| **18.07.2010** | **–** | **റവ. ഫാ. ഫിലിപ്പ് പ്ലാത്തോട്ടത്തിൽ** |
| 26.07.2003 | – | റവ. ഫാ. മാത്യു കൊട്ടുകാപ്പള്ളിൽ |
| **27.07.2008** | **–** | **റവ. ഫാ. മാത്യു പൊയ്യക്കര** |
| 28.07.1970 | – | റവ. ഫാ. ജേക്കബ്ബ് വെള്ളക്കട |
| **30.07.2012** | **–** | **റവ. ഫാ. ജോസ് മണിമലത്തറപ്പിൽ** |

**പ്രോട്ടോസിഞ്ചെല്ലൂസ്**




# സെമിനാരി വാർത്തകൾ

## 2019-2020 അധ്യായനവർഷം

രണ്ട് മാസത്തെ അവധിക്കുശേഷം മെയ് 28-ാം തീയതി രണ്ടും മൂന്നും വർഷ സെമിനാരി വിദ്യാർത്ഥികൾ സെമിനാരിയിൽ തിരിച്ചെത്തി. മെയ് 28 മുതൽ ജൂൺ 1 വരെ സംഘടിപ്പിക്കപ്പെട്ട ഇംഗ്ലീഷ് ഭാഷാ പരിശീലന ക്യാമ്പിൽ സെമിനാരിക്കാർ താല്പര്യത്തോടെ പങ്കുചേർന്നു. ക്യാമ്പിന് നേതൃത്വം നല്കിയ ഫാ. ജോർജ് തെക്കേക്കരമറ്റത്തിലിനെയും ജസ്റ്റോ സാറിനെയും നന്ദിയോടെ ഓർക്കുന്നു. ജൂൺ 3-ാം തീയതി പ്ലസ് 1, പ്ലസ് 2 ക്ലാസ്സുകൾ ആരംഭിച്ചു.

### ഒന്നാംവർഷക്കാർക്ക് സ്വാഗതം

പൗരോഹിത്യ വിളി സ്വീകരിച്ച് മൈനർ സെമിനാരി പരിശീലനത്തിനായി 19 പേരാണ് ഇക്കൊല്ലം സെമിനാരിയിലേക്ക് കടന്നുവന്നത്. ജൂൺ 8-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്ക്ശേഷം മാതാപിതാക്കളോടും സഹോദരങ്ങളോടും ബന്ധുമിത്രാദികളോടുമൊപ്പം കടന്നുവന്ന നവാഗതരെ സെമിനാരിയിലെ വൈദികരും രണ്ടും മൂന്നും വർഷ വൈദികവിദ്യാർത്ഥികളും ചേർന്നു സ്വീകരിച്ചു.

### ഒന്നാം വർഷക്കാർ

1 ചേറാടിക്കൽ എബിൻ - മണിക്കടവ് (ഭദ്രാവതി)
2 ചിറയിൽ ടോണി - വെറ്റിലപ്പാറ (കാനഡ)
3 ഇളംബ്ലാക്കാട്ട് ടോജിൻ - വിലങ്ങാട്
4 കണ്ണമ്പള്ളി തോമസ് - ചീരട്ടാമല
5 കൊച്ചുവീട്ടിൽ വിവേക് - കാറ്റുള്ളമല
6 കന്നുകുഴിയിൽ ജോഷ്വാ - തിരുവമ്പാടി
7 മടുക്കക്കുഴി ഡോൺ - പന്തല്ലൂർ
8 ഓടക്കൽപറമ്പിൽ പ്രവീൺ - ചക്കിട്ടപാറ
9 ഓത്തിക്കൽ ജോയൽ - കൂരോട്ടുപാറ
10 പാറടിയിൽ നോയൽ - വെറ്റിലപ്പാറ
11 പഴുമറ്റത്തിൽ അജിൻ - മഞ്ഞക്കടവ്
12 പ്ലാംപറമ്പിൽ അക്ഷയ് - പുല്ലൂരാംപാറ
13 പൂവത്തോലിൽ അബിൻ - പനംപ്ലാവ്
14 പുല്ലംപ്ലാവിൽ ആൽബിൻ - കല്ലാനോട്
15 പുത്തൻപുരയ്ക്കൽ ആൽബിൻ - മണിക്കടവ് (ഭദ്രാവതി)
16 തിട്ടയിൽ അബിൻ - കരിയാത്തുംപാറ
17 തോണിക്കുഴിയിൽ ആൽബിൻ - കരിങ്ങാട്
18 വെളിയത്ത് ഗോഡ്വിൻ - കരിയാത്തുപാറ
19 വെള്ളച്ചാലിൽ മെൽബിൻ - പി.ടി. ചാക്കോ നഗർ

ദൈവവിളി തിരിച്ചറിഞ്ഞ്, ഇവരെ പ്രോത്സാഹിപ്പിച്ച് മൈനർ സെമിനാരിയിലേക്ക് പറഞ്ഞയച്ച എല്ലാ വികാരിയച്ചന്മാരെയും നന്ദിയോടെ ഓർക്കുന്നു.

### മേജർ ആർച്ചുബിഷപ്പിന്റെ സന്ദർശനം

രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിപ്പിതാവിന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ച്

പ്രാർത്ഥിക്കുവാനും അനുസ്മരണശുശ്രൂഷകളിൽ പങ്കെടുക്കുവാനും നമ്മുടെ രൂപതയിലേക്ക് കടന്നുവന്ന സീറോ മലബാർ സഭയുടെ പിതാവും തലവനുമായ മേജർ ആർച്ചുബിഷപ് കാർഡിനൽ ജോർജ് ആലഞ്ചേരി പിതാവ് ജൂൺ 11-ാം തീയതി രാവിലെ സെമിനാരി സന്ദർശിക്കുകയും മൈനർ സെമിനാരി വിദ്യാർത്ഥികളോട് സംസാരിക്കുകയും ചെയ്തു. അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് അഭിവന്ദ്യ പിതാവിനെ സ്വാഗതം ചെയ്യുകയും റെക്ടർ നന്ദിയർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

**അധ്യായവർഷാരംഭം**

ജൂൺ 12-ാം തീയതി ചൊവ്വാഴ്ച 2019-20 അധ്യായനവർഷം ഔദ്യോഗികമായി ആരംഭിച്ചു. അഭിവന്ദ്യ മാർ റെമീജിയോസ് പിതാവ് ജൂൺ 10-ാം തീയതി സെമിനാരിയിൽ വി. ബലിയർപ്പിക്കുകയും അധ്യായനവർഷത്തെ മുഴുവൻ സമർപ്പിച്ച് പ്രാർത്ഥിക്കുകയും എല്ലാ ആശംസകളും നേരുകയും ചെയ്തു. ജൂൺ 12-ാം തീയതി രൂപതാ വികാരിജനറാൾ മോൺ. ജോൺ ഒറവുങ്കര സെമിനാരിയിലെ വൈദികരോടൊപ്പം സെമിനാരി ചാപ്പലിൽ വി. ബലിയർപ്പിക്കുകയും സെമിനാരി വെഞ്ചരിച്ച് തിരുഹൃദയപ്രതിഷ്ഠ നടത്തുകയും ചെയ്തു.

പിന്നീട് 11.00 മണിക്ക് സെമിനാരി ഹാളിൽ നടത്തപ്പെട്ട ഉദ്ഘാടനചടങ്ങിൽ പെരിയ ബഹു. ജനറാളച്ചൻ അധ്യക്ഷനായിരുന്നു. അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് ഭദ്രദീപം തെളിച്ച് അധ്യായനവർഷം ഉദ്ഘാടനം ചെയ്തു. സെമിനാരി റെക്ടർ എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും, രൂപതാ ചാൻസലർ ഫാ. ജോർജ് മുണ്ടനാട്ട് '*christus vivit*'- 'ക്രിസ്തു ജീവിക്കുന്നു' എന്ന ഫ്രാൻസിസ് മാർപ്പാപ്പയുടെ സിനഡാനന്തര അപ്പസ്തോലിക ഉദ്ബോധനത്തെക്കുറിച്ച് 'Schola Brevis' നല്കുകയും ചെയ്തു.

**ഫാ. അബ്രാഹം കൊച്ചീലാത്ത്**

റെക്ടർ, അൽഫോൻസ സെമിനാരി



# മതബോധനം

വിശ്വാസപരിശീലന കാര്യാലയത്തിൽ നിന്നും ആശംസകൾ!

2019-2020 അധ്യയന വർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങളിലേക്ക് നാം പ്രവേശിച്ചു കഴിഞ്ഞു. യാതൊരു തടസ്സങ്ങളും കൂടാതെ ഈ അധ്യയന വർഷം ഏറ്റവും മനോഹരമായി തുടങ്ങാൻ അനുഗ്രഹം നൽകിയ സർവ്വശക്തനായ ദൈവത്തിനു നമുക്കു നന്ദി പറയാം. ഭാരതമണ്ണിൽ വിശ്വാസദീപം തെളിയിച്ച തോമാശ്ലീഹായുടേയും ആ വിശ്വാസദീപത്തിന്റെ പ്രഭയ്ക്കു മങ്ങലേൽക്കാതെ പുണ്യത്തിൽ ജീവിച്ച ഭാരതത്തിന്റെ ആദ്യ വിശുദ്ധയായ വി. അൽഫോൻസാമ്മയുടേയും തിരുനാളുകൾ ഈ മാസം നാം ആചരിക്കുകയാണ്. നമ്മുടെ പൂർവ്വികരിലൂടെ പകർന്നു കിട്ടിയ ഈ വിശ്വാസനാളം കെടാതെ കാത്തുസൂക്ഷിക്കുക എന്നത് നമുടെ കടമയാണ്. ആധുനികലോകത്തിന്റെ മായാവലയങ്ങളിൽ അകപ്പെട്ടു പോകാതെ വിശ്വാസത്തിൽ അടിയുറച്ച ഒരു തലമുറയെ വാർത്തെടുക്കാൻ ഈ പുണ്യജീവിതങ്ങളെ നമുക്കു മാതൃകയാക്കാം. ഏതു സാഹചര്യങ്ങളിലും വിശ്വാസം കൈമോശം വരാതെ ദൈവത്തിലാശ്രയിച്ചു ജീവിക്കാൻ നമ്മുടെ കുട്ടികളെ നമുക്കു പരിശീലിപ്പിക്കാം. എല്ലാവർക്കും ദുക്റാന തിരുനാളിന്റെയും നമ്മുടെ രൂപതാമധ്യസ്ഥയായ വി. അൽഫോൻസാമ്മയുടേയും തിരുനാൾ മംഗളങ്ങൾ ആശംസിക്കുന്നു.

## ദിവ്യകാരുണ്യ ആരാധന

2019-2020 അധ്യയന വർഷത്തിന്റെ പ്രവേശനോത്സവ ദിനം ജൂൺ 02 ഞായറാഴ്ച എല്ലാ ഇടവകകളിലും സൺഡേസ്കൂളിലെ അധ്യാപകരും കുട്ടികളും ഒരുമിച്ച് ദിവ്യകാരുണ്യ ആരാധന നടത്തി.

## എഴുത്തിനിരുത്ത്

വിശ്വാസ പരിശീലനക്ലാസ്സുകളിലേക്ക് ആദ്യമായി കടന്നു വന്ന കുഞ്ഞുങ്ങൾക്ക് പന്തക്കുസ്തതിരുനാളിൽ (ജൂൺ 9) എഴുത്തിനിരുത്ത് നടത്തി.

## പ്രധാനാധ്യാപക സംഗമം

2019-2020 അധ്യായന വർഷത്തെ ആദ്യത്തെ പ്രധാനാധ്യാപക സംഗമം 2019 ജൂൺ 01- ന് പി.എം.ഒ.സി. യിൽ വച്ച് ചേരുകയുണ്ടായി. റവ. ഫാ. റോയി കണ്ണഞ്ചിറ സി.എം.ഐ പ്രധാനാധ്യാപകർക്കു ക്ലാസ് എടുക്കുകയും ഡി.സി.എൽ ഐ ക്യൂ ചലഞ്ചിനെ സംബന്ധിച്ച വ്യക്തമായ വിശദീകരണം നൽകുകയും ചെയ്തു. തുടർന്നുള്ള ചർച്ചകൾക്ക് മത ബോധന ഡയറക്ടർ നേതൃത്വം നൽകി. തുടർന്നു നടന്ന പൊതുസമ്മേ ളനത്തിൽ രൂപതാ പ്രസിഡന്റ് ശ്രീ. ബാബു ചെട്ടിപ്പറമ്പിൽ സ്വാഗതം ആശംസിച്ചു. മോൺ. ജോൺ ഒറവുങ്കര

മുഖ്യാതിഥിയായിരുന്നു. കഴിഞ്ഞ വർഷത്തെ എ പ്ലസ് ഗ്രേഡ് അവാർഡുകൾ ഈ സമ്മേളനത്തിൽ വച്ച് വികാരി ജനറാൾ നൽകുകയുണ്ടായി. രൂപതാ സെക്രട്ടറി ശ്രീ. പ്രകാശ് നെട്ടേൽ സമ്മേളനത്തിന് നന്ദി പറഞ്ഞു.

## എമ്മാവൂസ് മീറ്റ് 2019 (മതാധ്യാപക സംഗമം)

2019-2020 അധ്യയനവർഷത്തെ മതാധ്യാപക സംഗമം ജൂൺ 08 ശനിയാഴ്ച ദേവഗിരി സി.എം.ഐ പബ്ലിക് സ്കൂളിൽ വച്ച് നടന്നു. സംഗമത്തിന് ജസ്റ്റിസ് കുര്യൻ ജോസഫ് മതാധ്യാപകർക്ക് ക്ലാസ് എടുത്ത് പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു. മതാധ്യാപകർ രൂപതയുടെ നട്ടെല്ലാണെന്നും അവർ വിളക്കുമരങ്ങളായി നിന്ന് ദിശകാണിക്കുന്ന വരാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. പൊതുസമ്മേളനത്തിൽ രൂപതാ ധ്യക്ഷൻ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ അധ്യക്ഷനായിരുന്നു. മോൺ. ജോൺ ഒറവുങ്കര, റവ. ഫാ. തോമസ് തെക്കേൽ സി.എം.ഐ എന്നിവർ ആശംസകളർപ്പിച്ചു. ജൂബിലേറിയൻസിനെ പ്രതിനിധീകരിച്ച് ശ്രീ. ടോമി തോട്ടുങ്കൽ സംസാരിച്ചു. സമ്മേളനത്തിൽ വച്ച് മതാധ്യാപനത്തിൽ 50/25 വർഷം പൂർത്തിയാക്കിയ അധ്യാപകരെ ആദരിക്കുകയും വിശ്വാസ പരിശീലനത്തിൽ വിവിധ മേഖലകളിൽ മികച്ച വിജയം കരസ്ഥമാക്കിയ കുട്ടികൾക്കും അധ്യാപകർക്കുമുള്ള സമ്മാനങ്ങളും സ്കോളർഷിപ്പുകളും മെമെന്റോയും വിതരണം ചെയ്യുകയും ചെയ്തു. 1403 പേർ പങ്കെടുത്ത സംഗമം വിശുദ്ധ കുർബനയോടെ 3.30 ന് അവസാനിച്ചു.

## അഭിനന്ദനങ്ങൾ

സി. എമിലി എസ്.എച്ച് വിശ്വാസപരിശീലന മേഖലയിൽ 50 വർഷം പിന്നിട്ട് സുവർണ്ണ ജൂബിലി ആഘോഷിക്കുന്നു. തിരുഹൃദയ സന്യാസിനി സമൂഹത്തിലെ അംഗമായ സിസ്റ്റർ മാനന്തവാടി രൂപതയിൽ കാവുമന്ദം ഇടവകയിൽ അമ്പലത്തിങ്കൽ കുടുംബാംഗമാണ്. മുപ്പത്തിനാലര വർഷം താമരശ്ശേരി രൂപതയിലും പതിനഞ്ചര വർഷം തലശ്ശേരി, മാനന്തവാടി, ബൽത്തങ്ങാടി, കല്യാൺ രൂപതകളിലുമായി ശുശ്രൂഷ ചെയ്ത് ഇപ്പോൾ പശുക്കടവ് ഇടവകയിൽ സേവനം ചെയ്യുന്നു. സിസ്റ്ററിന് അഭിനന്ദനങ്ങളും പ്രാർത്ഥനകളും നേരുന്നു.

## എവുക്കരിസ്തിയ 2019 (അധ്യാപക സെമിനാർ STD IV, IX)

ആദ്യകുർബാന സ്വീകരണത്തിനായി കുട്ടികളെ ഒരുക്കുന്ന നാലാം ക്ലാസിലേയും വിശുദ്ധ കുർബാനയെ സംബന്ധിച്ച് ക്ലാസ് എടുക്കുന്ന ഒൻപതാം ക്ലാസിലേയും മതാധ്യാപകർക്കായി ജൂൺ 15-16, 22-23 തീയതികളിൽ റവ. ഡോ. സിബി പുളിക്കലിന്റെ നേതൃത്വത്തിൽ വിശുദ്ധ കുർബാന പഠന ക്ലാസ് നടത്തുകയുണ്ടായി. രണ്ട് ബാച്ചുകളിലായി 216 പേർ സംബന്ധിച്ചു.

## ലൂമിന 2019

ജൂൺ 23, 30 തീയതികളിൽ പാറോപ്പടി, താമരശ്ശേരി മേഖലകളിൽ ലൂമിന 2019 നടക്കുകയുണ്ടായി. റവ. ഫാ. ഷാന്തി പുതുശ്ശേരി PIME പ്രോഗ്രാം നയിച്ചു. 9.30 ന് ആരംഭിച്ച പ്രോഗ്രാം 3.30 ന് അവസാനിച്ചു. നേതൃത്വം നൽകിയ മേഖലാഭാരവാഹികൾക്കും മതാധ്യാപകർക്കും പ്രത്യേകം നന്ദി.

## ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ

| | | | |
|---|---|---|---|
| ജൂലൈ 07 | : | തോട്ടുമുക്കം മേഖല | - തോട്ടുമുക്കം |
| ആഗസ്റ്റ് 04 | : | കരുവാരകുണ്ട് മേഖല | - കരുവാരകുണ്ട് |
| ആഗസ്റ്റ് 10 | : | പെരിന്തൽമണ്ണ മേഖല | - പെരിന്തൽമണ്ണ |
| ആഗസ്റ്റ് 11 | : | തിരുവമ്പാടി മേഖല | - തിരുവമ്പാടി |
| ആഗസ്റ്റ് 18 | : | കൂരാച്ചുണ്ട് മേഖല | - കൂരാച്ചുണ്ട് |
| ആഗസ്റ്റ് 25 | : | വിലങ്ങാട് മേഖല | - വിലങ്ങാട് |

## പ്രാഥമിക റിപ്പോർട്ട്/മതാധ്യാപക സർവ്വേ

സൺഡേ സ്കൂൾ കുട്ടികളുടെ വിവരങ്ങളും മതാധ്യാപകരുടെ വിവരങ്ങളും അടങ്ങിയ പ്രാഥമിക റിപ്പോർട്ടുകൾ ഇനിയും മതബോധന ഓഫീസിൽ ഏൽപ്പിക്കാത്തവർ എത്രയും പെട്ടെന്ന് ഏൽപ്പിക്കേണ്ടതാണ്.

## ഫീലിയ 2019 (Sex Education STD VIII, IX)

എട്ട് ഒൻപത് ക്ലാസുകളെ ഫൊറോനതലത്തിൽ ഏകോപിപ്പിച്ച് കൗമാര ലൈംഗിക വിദ്യാഭ്യാസത്തെക്കുറിച്ച് ഡോ. എബ്രഹാം ജേക്കബ് നയിക്കുന്ന ക്ലാസ് ഈ വർഷവും ഫൊറോനകളിൽ നടത്തുന്നു.

| | | |
|---|---|---|
| ജൂലൈ 21 | : | കോടഞ്ചേരി മേഖല |
| ആഗസ്റ്റ് 11 | : | തോട്ടുമുക്കം മേഖല |
| ആഗസ്റ്റ് 18 | : | താമരശ്ശേരി മേഖല |

## HCC Registration 2019

അടുത്ത അധ്യയന വർഷത്തിൽ HCC II ക്ലാസുകൾക്ക് 125 രൂപയും HCC I ക്ലാസുകൾക്ക് 200 രൂപയും (വിശ്വാസവഴിയിലെ സംശയങ്ങൾ ഉൾപ്പെടെ) ആയിരിക്കും രജിസ്ട്രേഷൻ ഫീസ്. HCC ആപ്ലിക്കേഷൻ ഫോമുകൾ ജൂലൈ 15-ാം തീയതിക്കുള്ളിൽ പ്രധാനാധ്യാപകർ മതബോധന ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

## ആമുഖസെമിനാർ

പുതിയ അധ്യയന വർഷത്തിൽ നവാഗതരായ അധ്യാപകർക്കായുള്ള ആമുഖസെമിനാർ പി.എം.ഒ.സി. യിൽ വച്ച് ജൂലൈ 12-ാം തീയതി (വെള്ളി) വൈകിട്ട് 05.00 മണിക്ക് ആരംഭിച്ച് 14-ാം തീയതി (ഞായർ) ഉച്ചകഴിഞ്ഞ് 02.00 മണിക്ക് അവസാനിക്കുന്നതാണ്. ആമുഖസെമിനാറിനു വരുന്നവർ പഠിപ്പിക്കുന്ന ക്ലാസിലെ ടെക്സ്റ്റ് ബുക്ക്, അധ്യാപക സഹായി, ബൈബിൾ എന്നിവയും താമസിക്കാനാവശ്യമായ ബെഡ്ഷീറ്റടക്കമുള്ള സാധനങ്ങളും കൊണ്ടുവരേണ്ടതാണ്. ഓരോ ഇടവകകളിൽ നിന്നും വരുന്ന അധ്യാപകരുടെ എണ്ണം മതബോധന ഓഫീസിൽ എത്രയും വേഗം വിളിച്ചറിയിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 400/- രൂപ.

## ദുക്റാന തിരുനാൾ

നമ്മുടെ സൺഡേ സ്കൂളിലെ 70% കുട്ടികളും (മലപ്പുറം ജില്ല ഒഴികെ) പഠനം നടത്തുന്നത് ക്രിസ്ത്യൻ മാനേജ്മെന്റ് സ്കൂളുകളിൽ ആയതിനാൽ ദുക്റാന തിരുനാളിനോടനുബന്ധിച്ചുള്ള വാർഷികാഘോഷങ്ങൾ ആ ദിവസം തന്നെ (ജൂലൈ 03) നടത്താൻ ശ്രമിക്കുന്നത് നല്ലതാണ്.

## മതബോധന ദിനം/ ഇടവക മതബോധന കമ്മറ്റി

രൂപതാമദ്ധ്യസ്ഥയായ വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ജൂലൈ 28 മതബോധന ദിനമായി നാം ആചരിക്കുന്നു. ജൂൺ-ജൂലൈ മാസത്തിൽ മാതാപിതാക്കൾക്കായുള്ള സെമിനാർ നടത്തുകയും ഇടവകകളിൽ മതബോധന കമ്മറ്റി രൂപീകരിക്കുകയും ചെയ്യാത്ത ഇടവകകൾ മതബോധനദിനത്തോടനുബന്ധിച്ച് ഇക്കാര്യങ്ങൾ ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## വൈദിക ദിനം (ആഗസ്റ്റ് 04)

വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് ആഗസ്റ്റ് 04 ഞായറാഴ്ച വൈദിക ദിനമായി ആചരിക്കുന്നു. വി. കുർബാനയ്ക്കു ശേഷം ബഹു. വികാരിയച്ചന്മാരെ ആശംസകൾ അറിയിച്ച് ആദരിക്കേണ്ടതാണ്.

## ഗുരുദർശൻ

ആഗസ്റ്റ് 14-15 (ബുധൻ, വ്യാഴം) തീയതികളിൽ പി.എം.ഒ.സി. യിൽ വച്ച് നടക്കുന്ന ഗുരുദർശൻ പ്രോഗ്രാമിന് പേരുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. (എല്ലാ അധ്യാപകരും ഇതിൽ പങ്കെടുക്കേണ്ടതാണ്) ബൈബിൾ, കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC) എന്നിവയും ഒരു ദിവസം താമസിക്കാനാവശ്യമായ ബെഡ്ഷീറ്റടക്കമുള്ള സാധനങ്ങളും പ്രോഗ്രാമിനു വരുന്നവർ കൊണ്ടുവരേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 300/- രൂപ.

## ഡയറക്ടറച്ചന്റെ സന്ദർശനം

ദേവഗിരി, കൂടരഞ്ഞി ഇടവകകളിൽ സന്ദർശനം നടത്തി, മതബോധനപ്രവർത്തനങ്ങൾ വിലയിരുത്തി.

**ഫാ. ജോസഫ് വടക്കേൽ**
ഡയറക്ടർ, മതബോധനം

# മിഷൻലീഗ്

## പ്രവർത്തന വർഷ ഉദ്ഘാടനവും മാർഗ്ഗരേഖ പ്രകാശനവും

ചെറുപുഷ്പ മിഷൻലീഗ് 2019-2020 പ്രവർത്തന വർഷ ഉദ്ഘാടനവും, മാർഗ്ഗരേഖ പ്രകാശനവും മേരിക്കുന്ന് പി.എം.ഒ.സി. യിൽ വച്ച് മോൺ. ജോൺ ഒറവുങ്കര നിർവ്വഹിച്ചു. വി. യാക്കോബ് ശ്ലീഹായുടെ വചനത്തിലൂന്നി നിന്ന് "നിങ്ങൾ കേൾക്കുന്നതിൽ സന്നദ്ധതയുള്ളവരും സംസാരിക്കുന്നതിൽ തിടുക്കം കൂട്ടാത്തവരും കോപിക്കുന്നതിൽ മന്ദഗതിക്കാരുമാകണം." ഈ ജീവിത ശൈലി സ്വന്തമാക്കിയാൽ ഈ വർഷത്തെ എല്ലാ പ്രവർത്തനങ്ങൾക്കും ശക്തി പകരും എന്ന് ഓർമ്മിപ്പിച്ചു.

തുടർന്ന് ഈ വർഷത്തെ പഠനവിഷയമായ "ചെറുപുഷ്പ മിഷൻലീഗ് ദൈവവിളിയുടെ വിത്തുവിതക്കാനും വിളവെടുക്കാനും" എന്ന ആപ്തവാക്യത്തെ അടിസ്ഥാനമാക്കി ആസൂത്രണം ചെയ്ത കർമ്മ പരിപാടികളുടെ പ്രവർത്തന മാർഗ്ഗരേഖ രൂപതാ സെക്രട്ടറി ശ്രീ സിനോ തോമസിന് നൽകികൊണ്ട് മാർഗ്ഗരേഖ പ്രകാശനവും നിർവ്വഹിച്ചു.

ശാഖാ വൈസ് ഡയറക്ടേഴ്സും ജൂനിയർ ഭാരവാഹികളും പങ്കെടുത്ത സമ്മേളനത്തിൽ രൂപത ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. ജോയി ജോർജ്ജ് അദ്ധ്യക്ഷനായിരുന്ന സമ്മേളനത്തിൽ രൂപതയുടെ ജൂനിയർ ഭാരവാഹികളായ നവനീത് ഫിലിപ്പ്, മരിയ തോമസ്, സോണിയ സണ്ണി എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. ജൂനിയർ സെക്രട്ടറി ജോസ് മാർട്ടിൻ എല്ലാവർക്കും നന്ദിയർപ്പിച്ചു. രൂപതാ ഭാരവാഹികൾ നേതൃത്വം നൽകി.

## കലണ്ടർ പ്രകാശനം

ജൂൺ 5 ന് വൈസ് ഡയറക്ടേഴ്സ്, ജൂനിയർ ലീഡേഴ്സ സംഗമത്തിൽ വച്ച് ഈ വർഷം പുതുതായി പുറത്തിറക്കിയ കലണ്ടർ രൂപതാ ഡയറക്ടർ ഫാ. അഗസ്റ്റിൻ വാമറ്റത്തിൽ രൂപതാ ജൂനിയർ സെക്രട്ടറി ജോസ് മാർട്ടിന് നൽകി പ്രകാശനം ചെയ്തു.

## രൂപതാ എക്സിക്യൂട്ടീവ്

2019-2020 പ്രവർത്തന വർഷത്തെ ആദ്യ എക്സിക്യൂട്ടീവ് യോഗം പി.എം.ഒ.സി. യിൽ വച്ച് ശ്രീ. ജോയി ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. പുതിയ പ്രവർത്തന വർഷത്തെ പ്രോഗ്രാമുകളെക്കുറിച്ച് ചർച്ചചെയ്യുകയും കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

### മാർ മങ്കുഴിക്കരി മെമ്മോറിയൽ ഉപന്യാസ മത്സരം

മാർ മങ്കുഴിക്കരി മെമ്മോറിയൽ ഉപന്യാസ മത്സരം ജൂൺ 23-ാം തീയതി എല്ലാ ശാഖകളിലും വച്ച് നടത്തപ്പെട്ടു.

### കൈയ്യെഴുത്ത് മാസിക

"കുഞ്ഞു മിഷനറിമാർ പ്രേഷിത യുവത്വത്തിലേക്ക്" എന്ന പഠന വിഷയത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയ കൈയ്യെഴുത്തു മാസികയിൽ തേക്കുംകുറ്റി ശാഖയുടെ ആത്മായൻ ഒന്നാം സ്ഥാനവും, കക്കാടം പൊയിലിന്റെ മിസ്സിയോ രണ്ടാം സ്ഥാനവും, മാലാപറമ്പിന്റെ ചുവടുകൾ, തിരുവമ്പാടിയുടെ മിസ്സിയോ എന്നിവ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് ഫലകവും 1000, 750, 500 ക്യാഷ് അവാർഡും നൽകി. വിജയികൾക്ക് രൂപതയുടെ അഭിനന്ദനങ്ങൾ.

### ആദരിച്ചു

സംസ്ഥാന തലത്തിൽ സംഘടിപ്പിച്ച 'വചനഭേരി' ക്വിസ് മത്സരത്തിൽ പങ്കെടുത്ത് ജൂനിയർ വിഭാഗത്തിൽ ഒന്നാംസ്ഥാനം കരസ്ഥമാക്കിയ ഡാനിയേൽ & സൈമൺ വടക്കനേയും, സീനിയർ വിഭാഗത്തിൽ 5-ാം സ്ഥാനം കരസ്ഥമാക്കിയ അനില & എയ്ഞ്ചൽ പാലൂർക്കോട്ട ശാഖാംഗങ്ങളേയും ജൂൺ 5-ാം തീയതി നടന്ന വൈസ്ഡയറക്ടേഴ്സ്, ജൂനിയർ ലീഡേഴ്സ് സംഗമത്തിൽ വച്ച് ആദരിച്ചു.

### അംഗത്വ നവീകരണവും, അംഗത്വ സ്വീകരണവും

മിഷൻ ലീഗ് സംഘടനയിലേക്ക് പുതുതായി കടന്നു വരുന്ന കുട്ടികളുടെ അംഗത്വ സ്വീകരണവും നിലവിൽ അംഗങ്ങളായിരിക്കുന്ന കുട്ടികളുടെ അംഗത്വ നവീകരണവും ജൂലൈ 3 നോ തുടർന്നു വരുന്ന ഞായറാഴ്ചയിലോ നടത്തേണ്ടതാണ്. അംഗത്വം സ്വീകരിക്കുന്നവരും നവീകരിക്കുന്നവരും 10 രൂപാ വീതം അംഗത്വഫീസും നൽകേണ്ടതാണ്. പുതുതായി അംഗത്വം സ്വീകരിച്ചിരിക്കുന്നവരുടെ ലിസ്റ്റ് അംഗത്വ ഫോമിൽ ചേർത്ത് അംഗത്വ ഫീസിനോടൊപ്പം ജൂലൈ 30 ന് മുമ്പായി ഓഫീസിൽ എത്തിക്കുമല്ലോ.

**ഫാ. അഗസ്റ്റിൻ വാമറ്റം**
ഡയറക്ടർ, മിഷൻലീഗ്

# ബൈബിൾ അപ്പോസ്തലേറ്റ്

## ലോഗോസ് ക്വിസ് 2019

ബൈബിൾ വായിക്കാനും പഠിക്കാനുമായി കേരള കത്തോലിക്ക ബൈബിൾ സൊസൈറ്റി നടത്തുന്ന ലോഗോസ് ക്വിസ് പഠനപദ്ധതി വിജയകരമായി 20-ാം വർഷത്തിലേയ്ക്ക് കടക്കുന്നു. പങ്കെടുക്കുന്നവർക്ക് സംസ്ഥാന-രൂപത-ഇടവകാതലങ്ങളിൽ ആകർഷകങ്ങളായ ധാരാളം സമ്മാനങ്ങളും ലോഗോസ് പ്രതിഭയ്ക്ക് വിശുദ്ധനാട് തീർത്ഥാടനവും.

## സംസ്ഥാനതല സമ്മാനങ്ങൾ

ലോഗോസ് പ്രതിഭയ്ക്ക് - വിശുദ്ധനാട് തീർത്ഥാടനവും 25,000 രൂപയും ഓരോ പ്രായ വിഭാഗത്തിൽപ്പെട്ടവർക്കും ഗോൾഡ് മെഡലും ക്യാഷ് അവാർഡും.

1-ാം സമ്മാനം 6 പേർക്ക് - 15,000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 6 പേർക്ക് - 10,000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും
3-ാം സമ്മാനം 6 പേർക്ക് - 5,000 രൂപയും സ്വർണ്ണമെഡലും സർട്ടിഫിക്കറ്റും
4-ാം സമ്മാനം 42 പേർക്ക് 1,000 രൂപയും വെള്ളിമെഡലും സർട്ടിഫിക്കറ്റും
5-ാം സമ്മാനം 480 പേർക്ക് 500 രൂപ വീതം

## രൂപതാതല സമ്മാനങ്ങൾ

1-ാം സമ്മാനം 6 പേർക്ക് - 2,000 രൂപയും സർട്ടിഫിക്കറ്റും
2-ാം സമ്മാനം 6 പേർക്ക് - 1,500 രൂപയും സർട്ടിഫിക്കറ്റും
3-ാം സമ്മാനം 6 പേർക്ക് - 1,000 രൂപയും സർട്ടിഫിക്കറ്റും

രൂപതയിൽ ഓരോ പ്രായവിഭാഗത്തിലും 1,2,3 സ്ഥാനങ്ങൾ നേടുന്ന 18 പേർക്ക് എറണാകുളം പി.ഒ.സി.യിൽ നടക്കുന്ന സംസ്ഥാനതലമത്സരങ്ങളിൽ പങ്കെടുക്കാൻ അവസരം (യാത്ര ചിലവുകൾ സൗജന്യം)

## ഇടവകതല സമ്മാനങ്ങൾ

70% മാർക്കിൽ കൂടുതൽ ലഭിക്കുന്നവർക്ക് ആകർഷകമായ സമ്മാനങ്ങളും സർട്ടിഫിക്കറ്റും

ഏറ്റവും കൂടുതൽ പേരെ പങ്കെടുപ്പിക്കുന്ന മൂന്ന് ഇടവകകൾക്ക് ക്യാഷ് അവാർഡ്.

### പ്രായ വിഭാഗങ്ങൾ

എ വിഭാഗം - 1-1-2008 നു ശേഷം ജനിച്ചവർ
ബി വിഭാഗം - 1-1-2003 നും 31-12-2007 നും ഇടയ്ക്കു ജനിച്ചവർ
സി വിഭാഗം - 1-1-1988 നും 31-12-2002 നും ഇടയ്ക്കു ജനിച്ചവർ
ഡി വിഭാഗം - 1-1-1968 നും 31-12-1987 നും ഇടയ്ക്കു ജനിച്ചവർ
ഇ വിഭാഗം - 1-1-1955 നും 31-12-1967 നും ഇടയ്ക്കു ജനിച്ചവർ
എഫ് വിഭാഗം - 31-12-1954 ന് മുമ്പ് ജനിച്ചവർ

**രൂപതാതല പരീക്ഷ : 2019 സെപ്റ്റംബർ 29, ഉച്ചകഴിഞ്ഞ് 2 മണി മുതൽ 3.30 വരെ;**

സംസ്ഥാന പരീക്ഷ : 2019 നവംബർ 10, 23-24

**രജിസ്ട്രേഷൻ : അവസാന തീയതി 2019 ജൂലൈ 31**

ഇടവകയിലെ കുടുംബകൂട്ടായ്മ പ്രസിഡന്റ്, സെക്രട്ടറി, മതാദ്ധ്യാപകർ എന്നിവർ മുഖാന്തിരം രജിസ്ട്രേഷൻ നടത്തപ്പെടുന്നു. രജിസ്ട്രേഷൻ ഫീസ് 10 രൂപയാണ്.

ലോഗോസ് ക്വിസ് 2019 പാഠഭാഗം : നിയമാവർത്തനം 12-21,
പ്രഭാഷകൻ 11-17, വി. മത്തായി 19-28, വെളിപാട് 17-22

## ഭിന്നശേഷിയുള്ളവർക്ക് സംസ്ഥാനതല ലോഗോസ് പരീക്ഷ

## ഫാമിലി ബൈബിൾ ക്വിസ്

- കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്ന് ബൈബിൾ പഠിക്കാൻ താമരശ്ശേരി രൂപത ബൈബിൾ അപ്പോസ്റ്റലേറ്റ് സംഘടിപ്പിക്കുന്ന ക്വിസ് മത്സരം.
- ഫാമിലി ബൈബിൾ ക്വിസിന്റെ പാഠഭാഗം ലോഗോസ് 2019 പാഠഭാഗം ആയിരിക്കും.
- ഫാമിലി ബൈബിൾ ക്വിസിൽ പങ്കെടുക്കാൻ ഒരു കുടുംബത്തിലെ 3 അംഗങ്ങൾക്കാണ് യോഗ്യത (പിതാവ്, മാതാവ്, ഒരു കുട്ടി)
- ഫാമിലി ബൈബിൾ ക്വിസിൽ പങ്കെടുക്കാൻ കുടുംബാംഗങ്ങൾ ഏവരും ലോഗോസ് ബൈബിൾ ക്വിസിൽ പേര് രജിസ്റ്റർ ചെയ്തിരിക്കണം.
- ഫാമിലി ക്വിസിൽ പങ്കെടുക്കുന്നവർ 2019 സെപ്റ്റംബർ 29 ലെ ലോഗോസ് ക്വിസ്സിൽ പങ്കെടുത്തിരിക്കണം.
- ഒരു കുടുംബത്തിലെ അംഗങ്ങൾക്ക് കിട്ടുന്ന മാർക്കിന്റെ ശരാശരി അനുസരിച്ച് ഇടവകയിൽ ഒന്നാം സ്ഥാനം നൽകുന്നതാണ്.
- ഓരോ ഇടവകയിൽ നിന്നും ഒന്നാംസ്ഥാനം ലഭിക്കുന്ന കുടുംബങ്ങൾ ക്കായി രൂപതാതല ഫാമിലി ബൈബിൾ ക്വിസ് നടത്തപ്പെടുന്നു.
- രൂപതാതല ഫാമിലി ബൈബിൾ ക്വിസ് നടത്തുന്നത് രൂപത ബൈബിൾ അപ്പോസ്റ്റലേറ്റാണ്.

**രൂപതാതല സമ്മാനങ്ങൾ**

1-ാം സമ്മാനം 1 കുടുംബത്തിന് - 5000 രൂപ
2-ാം സമ്മാനം 1 കുടുംബത്തിന് - 2000 രൂപ
3-ാം സമ്മാനം 1 കുടുംബത്തിന് - 1000 രൂപ
4-ാം സമ്മാനം 7 കുടുംബത്തിന് - 500 രൂപ വീതം

ഇടവകാതലത്തിൽ വിജയികൾക്ക് ആകർഷകമായ സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും

ഇടവകാതല ഫാമിലി ബൈബിൾ ക്വിസ് - 2019 സെപ്റ്റംബർ 29 2 pm - 3.30 pm

**ഫാ. തോമസ് ചിലമ്പിക്കുന്നേൽ**
ഡയറക്ടർ, ബൈബിൾ അപ്പസ്തോലേറ്റ

# ബഥാനിയ വാർത്തകൾ

ജൂൺ മാസത്തെ ജാഗരണ പ്രാർത്ഥനയ്ക്ക് ബഹു. ഫാ. ബെന്നി മുണ്ട നാട്ട് ക്ലാസ്സുകൾക്കും മറ്റു ശുശ്രൂഷകൾക്കും നേതൃത്വം നല്കി. പന്ത ക്കുസ്താതിരുനാളിനെക്കുറിച്ച് ക്ലാസ്സെടുത്ത അച്ചൻ ആത്മാവിന്റെ നിറവി നായി പ്രാർത്ഥിക്കാൻ ജനത്തെ ഓർമ്മിപ്പിച്ചു.

**ഏകദിന കൺവെൻഷൻ**

വെള്ളിയാഴ്ച തോറും നടക്കുന്ന ഏകദിന കൺവെൻഷനിൽ അനേകം ആളുകൾ പങ്കെടുത്ത് അനുഗ്രഹം പ്രാപിക്കുന്നു. ശുശ്രൂഷകൾക്ക് ബഥാനിയ ടീം നേതൃത്വം നല്കുന്നു.

**ധ്യാനങ്ങൾ**

ജൂൺ മാസത്തിലെ ധ്യാനം 22 മുതൽ 27 വരെയുള്ള ദിവസങ്ങളിൽ നടത്തിപ്പെട്ടു. ബഹു. ബെന്നിയച്ചൻ നേതൃത്വം നല്കിയ ധ്യാനത്തിന് അനേകം ആളുകൾ ദൈവാനുഭവത്തോടെ മടങ്ങി.

**ശുശ്രൂഷകരുടെ സംഗമം**

29-ാം തീയതി ബഥാനിയായിൽ ശുശ്രൂഷ ചെയ്യുന്നവരുടെയും ഇനി ശുശ്രൂഷ ചെയ്യാൻ ആഗ്രഹിക്കുന്നവരുടെയും സംഗമം നടത്തി. ഡയറക്ടറച്ചൻ ശുശ്രൂഷയുടെ പ്രധാന്യത്തെക്കുറിച്ച് ബോധ്യപ്പെടുത്തുകയും അവർക്കു വേണ്ടി വി. ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

**പ്രാർത്ഥനാശംസകൾ**

ബഥാനിയായുടെ ഡയറക്ടറായി കഴിഞ്ഞ ആറു വർഷക്കാലം സേവനം ചെയ്ത് ദൈവജനത്തെ സഭാ സ്നേഹത്തിലും ആഴമായ ബോധ്യങ്ങളി ലേയ്ക്കും നയിക്കാൻ അക്ഷീണം പരിശ്രമിച്ച്, ഇപ്പോൾ രൂപതയുടെ ചാൻസ ലറായി ചുമതലയേറ്റ ബഹു. ബെന്നിയച്ചന് ബഥാനിയ കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനാശംസകളും നേരുന്നു.

**ജൂലൈ മാസത്തെ ശുശ്രൂഷകൾ**

ജൂലൈ 5 - ആദ്യവെള്ളി - ജാഗരണ പ്രാർത്ഥന
- എല്ലാ വെള്ളിയാഴ്ചയും ഏകദിന കൺവെൻഷൻ

ജൂലൈ 7-12 - രൂപതാ വൈദികരുടെ ധ്യാനം
14-19 - രൂപതാ വൈദികരുടെ ധ്യാനം

ജൂലൈ 19 - അഖണ്ഡ ജപമാല സമർപ്പണ ആരംഭം
(ലോകസമാധനത്തിനും തിരുസ്സഭയ്ക്കുവേണ്ടി)

ജൂലൈ 20-25 - ആന്തരിക സൗഖ്യ ദൈവാനുഭവധ്യാനം

**ഫാ. സെബാസ്റ്റ്യൻ പുളിക്കൽ**

ഡയറക്ടർ, ബഥാനിയ ധ്യാനകേന്ദ്രം

# പോപ്പ് ജോൺ പോൾ II ഇൻസ്റ്റിറ്റ്യൂട്ട്

## മാസ്റ്റർ ഓഫ് സയൻസ് ഇൻ കൗൺസിലിംഗ് സൈക്കോളജി

JPI – ൽ UGC യുടെ അംഗീകാരമുള്ള രണ്ടുവർഷം ദൈർഘ്യമുള്ള Msc Counseling Psychology ക്ലാസ്സിന്റെ ഉദ്ഘാടനം ജൂൺ 9–ാം തീയതി ഞായറാഴ്ച നടത്തപ്പെട്ടു.

അഭിവന്ദ്യ മാർ റെമീജിയോസ് പിതാവിന്റെ അദ്ധ്യക്ഷതയിൽ ശ്രീ. രാഘവൻ എം. പി. ഈ കോഴ്സിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹി ക്കുകയുണ്ടായി. JPI ഡയറക്ടർ ഫാ. കുര്യൻ പുരമഠം എല്ലാവർക്കും സ്വാഗതം ആശംസിച്ചു. അന്നേദിവസം ഈ കോഴ്സ് നടത്തപ്പെടുന്ന 'സിംഗാനിയ' യൂണിവേഴ്സിറ്റിയിലെ ജോയിന്റ് രജിസ്ട്രാർ ശ്രീ. അമിത് യാദവിന്റെ സാന്നിദ്ധ്യം വിദ്യാർത്ഥികൾക്ക് സംവാദത്തിനും സംശയനിവാരണത്തിനും സഹായകമായത് ഏറെ ഹൃദ്യമായി.

ഫാ. പ്രഫുൽ (HOD), ഫാ. തോമസ് പാറൻകുളങ്ങര, വിദ്യാർത്ഥികളായ ശ്രീ. യേശുദാസ്, ശ്രീമതി. രഞ്ജിത എന്നിവർ ആശംസകൾ അർപ്പിച്ചു ആറാമത്തെ ബാച്ച് വിദ്യാർത്ഥികളുടെ സംഘഗാനം സദസ്സിന് ഉന്മേഷം പകർന്നു . ഫാ. ആന്റണി TOR (Faculty) എല്ലാവർക്കും നന്ദി പറഞ്ഞു.

**ഫാ. കുര്യൻ പുരമഠം**

ഡയറക്ടർ, ജോൺപോൾ II ഇൻസ്റ്റിറ്റ്യൂട്ട്

---

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, കൂടരഞ്ഞി ഏരിയാ കൗൺസി ലിൽപ്പെട്ട കുളിരാമുട്ടി ഇടവക അംഗവും മാർ സ്ലീവ കോൺഫ്രൻസ് പ്രസിഡണ്ടു മായിരുന്ന ബ്രദർ മാത്യു മുണ്ടക്കൽ നിര്യാതനായി. കോൺഫ്രൻസ് അംഗങ്ങ ളെല്ലാവരും ഏരിയാ കൗൺസിൽ പ്രസിഡന്റിനോടൊപ്പം ഭവനത്തിൽ പോയി പ്രാർത്ഥിച്ചു. പുഷ്പഗിരി ഇടവകയിലെ വിൻസെന്റി പോൾ അംഗങ്ങൾ സാമ്പ ത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന ഒരു കുടുംബത്തിന് വിവാഹാവശ്യത്തിനായി ധനസഹായം നൽകി.

മരിയാപുരം ഏരിയാ കൗൺസിലിലെ നെൻമേനി സെന്റ് ജോസഫ് കോൺഫ്രൻസ് അംഗങ്ങൾ പ്രായമായവരേയും കിടപ്പ് രോഗികളേയും സന്ദർശി

ക്കുകയും സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്ക് ധനസഹായം നൽകുകയും ചെയ്തു. കൂടാതെ കാൻസർ രോഗികളെ സഹായിക്കുകയും പരിചരിക്കുകയും ചെയ്യുന്നു. നിർധനരായ വിദ്യാർഥികൾക്ക് മുൻവർഷങ്ങളിലേതുപോലെത്തന്നെ പഠനോപകരണങ്ങൾ നൽകുകയുണ്ടായി.

കുളത്തുവയൽ ഏരിയാ കൗൺസിൽ, കാറ്റുള്ളമല സെന്റ് മേരീസ് കോൺഫ്രൻസ് പ്രസിഡന്റ് ബ്രദർ തോമസ് എടാട്ട്, കാലാവധി പൂർത്തിയാക്കിയതിനാൽ നിയമാവലി പ്രകാരം പുതിയ പ്രസിഡന്റായി ബ്രദർ ബിജു താന്നിപ്പിള്ളിയെ തെരഞ്ഞെടുത്തു.

തിരുവമ്പാടി ഏരിയാ കൗൺസിൽ, പുല്ലൂരാംപാറയിൽ, തിരുവമ്പാടി ഇടവകയിലെ S. H കോൺഫ്രൻസ് അംഗങ്ങൾ ഫ്ളാറ്റ് മാതൃകയിൽ നാലു ഭവനങ്ങളുടെ പണിപൂർത്തിയാക്കി. പുല്ലൂരാംപാറ സെന്റ് ജോസഫ് കോൺഫ്രൻസുകാർ ഇടവകയിലെ നിർദ്ധനരായ രണ്ടു കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി ഭാഗികമായി ധനസഹായം നൽകി. പതിവുപോലെ ചികിത്സാ സഹായങ്ങളും മറ്റും നൽകി വരുന്നു.

08-06-2019 ശനിയാഴ്ച, ദേവഗിരി ഒസ്സാനാം ഭവനിൽ കൂടിയ താമരശ്ശേരി സെൻട്രൽ കൗൺസിൽ ബോർഡ് യോഗം ആഗസ്റ്റ് 3 ന്, കോടഞ്ചേരിയിൽ വെച്ച് നടത്തുന്ന 32-ാം മത് വാർഷിക യോഗത്തെക്കുറിച്ച് വിശദമായി ചർച്ച ചെയ്തു.

**ബ്രദർ തോമസ് പുലിക്കോട്ടിൽ**
സി.സി പ്രസിഡണ്ട്, സെന്റ് വിൻസെന്റ് പോൾ സൊസൈറ്റി

---

# കെ.സി.വൈ.എം.

## സമാധാന സന്ദേശയാത്രയ്ക്ക് തിരുവമ്പാടിയിൽ സ്വീകരണം

ഭീകരതയ്ക്കും വർഗ്ഗീയതയ്ക്കും എതിരെ ലോകസമാധാനത്തിനായ് ആഹ്വാനം ചെയ്തുകൊണ്ട് കെ സി വൈ എം സംസ്ഥാന സമിതി നേതൃത്വത്തിൽ കാസർഗോഡ് മുതൽ കന്യാകുമാരി വരെ നടത്തിയ സമാധാന സന്ദേശയാത്രയ്ക്ക് ബൈക്ക് റാലിയുടെ അകമ്പടിയോടുകൂടെ തിരുവമ്പാടി അങ്ങാടിയിൽ ഔദ്യോഗികമായ സ്വീകരണം നൽകി. തുടർന്ന് അൽഫോൻസ കോളേജിൽ നടന്ന യോഗത്തിൽ യാത്രയുടെ ക്യാപ്റ്റൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. സിറിയക് ചാഴികാടൻ, സംസ്ഥാന ഡയറക്ടർ ഫാ. സ്റ്റീഫൻ ചാലക്കര എന്നിവരെ ആദരിച്ചു. താമരശ്ശേരി രൂപത പ്രസിഡന്റ് ശ്രീ. സൗബിൻ ഇലഞ്ഞിക്കൽ അധ്യക്ഷത വഹിച്ച യോഗം ജില്ലാ പഞ്ചായത്ത് മെംബർ ശ്രീ. സി. കെ കാസിം ഉദ്ഘാടനം ചെയ്തു. ഫാ. ജോർജ്ജ്

വെള്ളയ്ക്കാക്കുടിയിൽ, ശ്രീ. കെ എൻ. എസ് മൗലവി, പ്രൊഫ. ചാക്കോ കാളംപറമ്പിൽ എന്നിവരും സംസ്ഥാന സമിതി നേതാക്കളും പ്രസംഗിച്ചു. സ്വീകരണയോഗത്തിന് ആഥിധേയത്വം വഹിച്ച അൽഫോൻസ കോളേജിനും വിജയത്തിനായി അധ്വാനിച്ച തിരുവമ്പാടി മേഖല, യൂണിറ്റ് കെ സി വൈ എം അംഗങ്ങൾക്കും രൂപതാ സമിതി അംഗങ്ങൾക്കും നന്ദി.

## റിസോഴ്സ് ടീം ക്യാപ്- വൺ ഇയർ ഫോർമേഷൻ ആരംഭിച്ചു

രൂപതയിൽ നിന്നും റിസോഴ്സ് ടീമിലേക്ക് കടന്നുവന്ന 120 യുവജനങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 45 യുവജനങ്ങൾക്ക് ഒരുവർഷത്തെ ഫോർമേഷൻ ജൂൺ മാസം 14, 15 16 തിയ്യതികളിൽ ബഥാനിയ സെന്ററിൽ വെച്ചു നടന്ന ആദ്യ ഫോർമേഷൻ ക്യാമ്പോടു കൂടെ ആരംഭിച്ചു. റവ. ഫാ. ഷാന്തി പുതുശ്ശേരിൽ ആണ് ക്യാമ്പുകൾക്ക് നേതൃത്വം നൽകുന്നത്. CCC, Christus Vivit, Catholic Values മാർപ്പാപ്പയുടെ ചാക്രിക ലേഖനങ്ങൾ, അൽമായപങ്കാളിത്തം സഭയിൽ എന്നിവയാണ് ഈ ഫോർമേഷനിൽ യുവജനങ്ങൾ ഹൃദ്യസ്ഥമാകുന്നത്. ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ രൂപതയിലെ എല്ലാ ഇടവകകകളിലും പ്ലസ് വൺ, പ്ലസ് ടു കുട്ടികൾക്ക് ഈ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസെടുക്കുക എന്ന ലക്ഷ്യം മുന്നിൽ കണ്ടും 2020 യുവജന കൺവെൻഷന് യുവജനങ്ങളെ ഒരുക്കുക എന്ന ലക്ഷ്യത്തോടെയുമാണ് ഈ ഫോർമേഷൻ ക്യമ്പുകൾ നടത്തുന്നത്.

## യൂത്ത് മിനിസ്ട്രി ടീം – എഫ് സി സി കോൺഗ്രിഗേഷൻ

യുവജനങ്ങളുടെ ആത്മീയവും മാനസികവുമായ പ്രതിസന്ധികളെ അതിജീവിക്കുക എന്ന ഉദ്ദേശ്യത്തോടെ യുവജന സംഘടനയായ കെ സി വൈ എമ്മുമായി സഹകരിച്ച് എഫ്.സി. സി. സിസ്റ്റേഴ്സ് ഉൾകൊള്ളുന്ന ഒരു യൂത്ത് ഫോർമേഷൻ റിസോഴ്സ് ടീമിന് രൂപം നൽകി. എഫ്. സി. സി. കോൺഗ്രിഗേഷന്റെ കോൺവന്റുകൾ സ്ഥിതി ചെയ്യുന്ന ഇടവകകളിലെ പെൺകുട്ടികളെയും അവരുടെ അമ്മമാരെയും കാര്യക്ഷമായി ബോധവൽകരിക്കുക, വ്യക്തിപരമായ പ്രശ്നങ്ങളിൽ സഹായിക്കുക, ഇടവകകളിലെ ഭവനങ്ങളിലേക്ക് കൂടുതൽ തീഷ്ണതയോടെ ഇറങ്ങിത്തിരിക്കുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടെയാണ് ഈ ടീമിന് രൂപം നൽകിയത്. ജൂൺ 22 നടന്ന സെമിനാറിൽ 35 ആനിമേറ്റേഴ്സ് പങ്കെടുത്തു. ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിൽ ക്ലാസിന് നേതൃത്വം നൽകി. കഴിഞ്ഞ വർഷത്തെ രൂപതയിലെ ബെസ്റ്റ് ആനിമേറ്റർ ആയി തിരഞ്ഞെടുക്കപ്പെട്ട സി. റൊസീൻ എസ് എ ബി സ് തൻെറ അനുഭവങ്ങളും പ്രവർത്തന ശൈലിയും പങ്കുവെച്ചു.

യുവജന ശുശ്രൂഷക്കുവേണ്ടി പ്രത്യേകം താത്പര്യം കാണിക്കുന്ന എഫ്.

സി. സി. കോൺഗ്രിഗേഷൻ പ്രോവിൻഷ്യാളിനും യുവജനമിനിസ്ട്രിക്ക് നേതൃത്വം നൽകുന്ന സി. വിനീതയക്കും ടീമിനും നന്ദി.

**രൂപതയിൽ പ്രവർത്തിക്കുന്ന എല്ലാ സന്യാസിനീ സമൂഹങ്ങളെയും യുവജനശുശ്രൂഷക്കായി സ്വാഗതം ചെയ്യുന്നു.**

**പുതിയ ഡയക്ടേഴ്സിന് സ്വാഗതം.**

തിരുവമ്പാടി മേഖലയുടെ ഡയറക്ടറായി ഫാ. ജോസഫ് ആലപ്പാട്ടു കോട്ടയിൽ അച്ചനെയും, താമരശ്ശേരി മേഖല ഡയറക്ടറായി ഫാ. ദേവസ്യ തേക്കാനത്ത് സി. എസ് എസ് ആർ നെയും തോട്ടുമുക്കം മേഖല ഡയറക്ടറായി ആന്റണി വരകിലച്ചനെയും അഭിവന്ദ്യ പിതാവ് നിയമിച്ചിരിക്കുന്നു.

തോട്ടുമുക്കം മേഖലയുടെ ഡയറക്ടറായി കഴിഞ്ഞ ഒരു വർഷക്കാലം സ്തുത്യർഹമായി സേവനം ചെയ്ത മാത്യു മംഗലാമഠത്തിലച്ചന് രൂപതാ സമിതിയുടെ കൃതജ്ഞത അറിയിക്കുന്നു.

**നിലാവുകൂട്ടം നടത്തിയ ഇടവകൾ**

1. താഴേക്കോട്, 2. വെട്ടത്തൂർ, 3. പൊന്നിയാംകുറിശി

**അത്‌ലറ്റിക്കോ 2K19 സമാപിച്ചു.**

മെയ് മാസം നടന്ന അത്‌ലറ്റിക്കോ 2K19 സ്പോർട്സ് & ഗെയിംസ് മത്സരങ്ങളിൽ തിരുവമ്പാടി മേഖല ചാംമ്പ്യൻമാരായി. രണ്ടാം സ്ഥാനം കോടഞ്ചേരിയും മൂന്നാം സ്ഥാനം കൂരാച്ചുണ്ട് മേഖലയും സ്വന്തമാക്കി. സമാപന സമ്മേളനം അഭിവന്ദ്യ മാർ റെമീജിയോസ് ഇഞ്ചനാനിയിൽ പിതാവ് ഉദ്ഘാടനം ചെയ്തു. മലയോരമേഖലയ്ക്ക് കായികരംഗത്ത് മികച്ച താരങ്ങളെ സംഭാവന ചെയ്ത മലബാർ സ്പോർട്സ് അക്കാദമിക്ക് കെ സി വൈ എം മെമന്റോ സമ്മാനിക്കുകയും അക്കാദമിക്ക് നേതൃത്വം നൽകുന്ന ടോമി ചെറിയാൻ സാറിനെ ആദരിക്കുകയും ചെയ്തു. വിജയികൾക്ക് അഭിനന്ദനങ്ങൾ. സഹകരണം നൽകിയ എല്ലാ യൂണിറ്റ് ഡയറക്ടർമാർക്കും നന്ദി.

**കാർട്ടൂൺ വിവാദം- കെ സി വൈ എം പ്രധിഷേധം രേഖപ്പെടുത്തി**

കേരള ലളിത കലാ അക്കാദമിയുടെ കാർട്ടൂൺ അവാർഡിനെതിരെ കെ സി വൈ എം താമരശ്ശേരി രൂപത പ്രതിഷേധം രേഖപ്പെടുത്തുകയും പത്രക്കുറിപ്പ് നൽകുകയും ചെയ്തു. ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ പേരിൽ മതചിഹ്നങ്ങളെ അവഹേളിച്ചതിനെ പ്രോത്സാഹിപ്പിച്ച് അവാർഡ് നൽകിയത് പുതിയ തലമുറയ്ക്ക് തെറ്റായ സന്ദേശമാണ് നൽകുന്നതെന്ന കെ സി വൈ എം രൂപത സമിതി ആരോപിച്ചു.

## തോമസ് മൂർ അനുസ്മരണവും അംഗത്വ സ്വീകരണവും

രൂപതയിലെ വിവിധ ഇടവകകളിൽ ഇടവക വികാരിമാരുടെ നേതൃത്വത്തിൽ തോമസ് മൂർ അനുസ്മരണവും പ്ലസ് വണ്ണിലേക്ക് പ്രവേശിച്ച പുതിയ കുട്ടികൾക്ക് അംഗത്വ സ്വീകരണവും നൽകി. കെ സി വൈ എം പ്രസ്ഥാനത്തോട് സഹകരിക്കുന്ന എല്ലാ ബഹുമാനപ്പെട്ട അച്ചൻമാർക്കും ഒരുപാട് നന്ദി.

## അറിയിപ്പുകൾ

**1. അംഗത്വ സ്വീകരണം:** അംഗത്വസ്വീകരണം നടത്താത്ത ഇടവകകൾ ജൂലൈ 7 യുവജനദിനത്തോടനുബന്ധിച്ച് നടത്തിയാൽ നന്നായിരിക്കും.

**2. തിരഞ്ഞെടുപ്പ്:** ഈ വർഷത്തെ പുതിയ സമിതിയെ തിരഞ്ഞെടുത്തിട്ടില്ലെങ്കിൽ മേഖല ഇലക്ഷനു മുൻപ് തിരഞ്ഞടുക്കണമെന്ന് അപേക്ഷിക്കുന്നു. മേഖല ഇലക്ഷൻ തിയ്യതികൾ കഴിഞ്ഞ മാസത്തെ താമരമൊട്ടിൽ നൽകിയിട്ടുണ്ട്. വിലങ്ങാട് മേഖലയുടെ തിരഞ്ഞെടുപ്പ് ആഗസ്റ്റ് 4-ാം തിയ്യതി 11.00 മണിക്ക് ആയിരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

**3. യുവജനദിനം, ഫണ്ട് റയ്സിങ് ഡേ:** ഈ വർഷത്തെ യുവജന ദിനം ജൂലൈ 7 ന് കേരളകത്തോലിക്ക സഭയിൽ ആഘോഷിക്കുന്നു. അന്നേദിവസം ഒരു ഫണ്ട് റെയ്സിങ് ഡേ എന്ന രീതിയിൽ ക്രമീകരിക്കണമെന്ന് അപേക്ഷിക്കുന്നു. യുവജനങ്ങളുടെ കാഴ്ചവെയ്പ്പ് നടത്താവുന്നതാണ്. മത്സരങ്ങൾ, ഫുഡ് ഫെസ്റ്റ് എന്നിവ ക്രമീകരിക്കാം.

■ **യുവജനദിന സർക്കുലർ:** യുവജനദിനത്തോടനുബന്ധിച്ചുള്ള സർക്കുലർ ഇടവകകളിൽ വായിക്കേണ്ടതാണ്.

■ **യുവജന ദിനകളക്ഷൻ:** ജൂലൈ 7 യുവജനദിനത്തോടനുബന്ധിച്ച് ലഭിക്കുന്ന കാഴ്ചവെയ്പ്പിനെക്കറിച്ച് ഇടവകകളിൽ മുൻകൂട്ടി അറിയിക്കണമെന്നും കാഴ്ചവെപ്പിന്റെ വിഹിതം രൂപതയുടെ യുവജന ശുശ്രൂഷയ്ക്കായി നൽകണമെന്നും അപേക്ഷിക്കുന്നു.

■ **peace walk-** സംസ്ഥാന സമിതിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ മൂവായിരത്തി അഞ്ഞുറോളം ഇടവകകളിൽ **സമാധാന നടത്തം** അന്നേദിവസം നടത്തുന്നു. കേരളത്തിലും അയൽ രാജ്യങ്ങളിലും ഭീകരസാനിധ്യവും ഭീകരാക്രമണ സാധ്യതകളും കൂടിവരുന്ന സാഹചര്യത്തിൽ ക്രൈസ്തവർ സമാധാനം ആഗ്രഹിക്കുന്നുവെന്നും നാം ഇവയെക്കുറിച്ച് ബോധവാൻമാരാണെന്നും നിഗൂഢമായി ഇവയെ പിൻതാങ്ങുന്ന മതമൗലികവാദികളെ ബോധ്യപ്പെടുത്താനുമാണ് ഈ നടത്തം സംഘടിപ്പിക്കുക. ദൈവാലയത്തിൽ നിന്ന് നടത്തത്തിന്റെ ഉദ്ദേശലക്ഷ്യം പറഞ്ഞതിനുശേഷം അടു

ത്തുള്ള അങ്ങാടിയിലേക്കോ, കുരിശുപള്ളിയിലേക്കോ നിശബ്ദമായി ഒരു ബാനറിന്റെ കീഴിൽ നടക്കുകയും അവസാനിക്കുന്നിടത്ത് ഇതിനെ സംബന്ധിച്ച് ഒരാൾ (വികാരിയച്ചനോ അച്ചൻ ചുമതലപ്പെടുത്തുന്ന ആളോ) സന്ദേശം നൽകുകയും ചെയ്യുക. വൈകുന്നേരമാണെങ്കിൽ തിരികൾകത്തിച്ചു പിടിച്ചും നടക്കാം.

■ **യുവജനദിനമുഖപത്രം:** യുവജനദിനത്തോടനുബന്ധിച്ച് കെ സി വൈ എം വിതരണം ചെയ്യുന്ന മുഖപത്രം എല്ലാ വീടുകളിലും എത്തിക്കണമെന്ന് അപേക്ഷിക്കുന്നു. ഈ കാലഘട്ടത്തിൽ കൂടിവരുന്ന മിശ്രവിവാഹ കെണികളെ സംബന്ധിച്ച് മാതാപിതാക്കളെ ബോധ്യപ്പെടുത്താനും പെൺകുട്ടികളെ കൂടുതൽ ശ്രദ്ധിക്കാനും വേണ്ട നിർദ്ദേശങ്ങളും അനുഭവസാക്ഷ്യങ്ങളും ഇതിൽ ഉൾച്ചേർത്തിരിക്കുന്നു.

**സിംബോസിയം**

**മതമൗലികവാദികളും ക്രൈസ്തവ വിരുദ്ധ അജണ്ടകളും**

ജൂലൈ 20 ന് പി. എം ഒ സി യിൽ വെച്ച് രാവിലെ 10 മുതൽ മതമൗലികവാദികളും ക്രൈസ്തവ വിരുദ്ധ അജണ്ടകളും എന്ന വിഷയത്തെ സംബന്ധിച്ച് സിംബോസിയം സംഘടിപ്പിച്ചിരിക്കുന്നു. രൂപതയുടെ കീഴിലുള്ള എല്ലാ സംഘടനാ ഭാരവാഹികളെയും നേതൃത്വ നിരയിലുള്ളവരെയും കെ. സി വൈ എം മുൻ ഭാരവാഹികളെയും ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ പ്രോഗ്രാം സംഘടിപ്പിക്കുന്നത്. വർദ്ധിച്ചു വരുന്ന മതതീവ്രവാദ ആശയങ്ങളെക്കുറിച്ചും നിഗൂഢമായ അജണ്ടകളെക്കുറിച്ചും കെണികളെക്കുറിച്ചും ക്രൈസ്തവ സമുദായത്തെ ബോധ്യപ്പെടുത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. എല്ലാ സംഘടനാ ഡയറക്ടേഴ്സിന്റെയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
ഡയറക്ടർ, കെ സി വൈ എം

---

## എ കെ സി സി

## യൂണിറ്റ് സന്ദർശനം, യൂണിറ്റ് ശാക്തീകരണം

രൂപതാ സമിതിയുടെ നേതൃത്വത്തിൽ ഇടവകയിലെ യൂണിറ്റ് ശാക്തീകരണ സന്ദർശനം ആരംഭിച്ചു കഴിഞ്ഞു. നിലവിൽ യൂണിറ്റുള്ള ഇടവകകൾ കൂടുതൽ ശാക്തീകരിക്കാനും ഇല്ലാത്തിടത്ത് രൂപീകരിക്കാനും ബഹുമാന

പ്പെട്ട വികാരിയച്ചൻമാരുടെ സഹകരണം ആവശ്യപ്പെടുന്നു. സാമുദായിക ബോധവും സഭാസ്നേഹവുമുള്ള അൽമായരെ യൂണിറ്റ് ഭാരവാഹികളായി നിശ്ചയിച്ച് തരണമെന്നും അപേക്ഷിക്കുന്നു.

## ന്യൂനപക്ഷാവകാശ ബോധവത്കരണ സെമിനാറുകൾ

എ കെ സി സി യുടെ നേതൃത്വത്തിൽ ക്രിസ്ത്യൻ ന്യൂനപക്ഷാവകാശങ്ങൾ സമുദായാംഗങ്ങളെ ബോധ്യപ്പെടുത്താനും കുറഞ്ഞ പലിശനിരക്കിൽ ലഭിക്കുന്ന സാമ്പത്തിക ലോൺ, വിദ്യാഭ്യാസ- കോച്ചിങ് സെന്റേഴ്സ് എന്നിങ്ങനെയുള്ള വിവരങ്ങൾ ലഭ്യമാക്കാനും ഉദ്ദേശിച്ച് രൂപതയിലെ ഏഴു കേന്ദ്രങ്ങളിൽ പ്രാഥമിക സെമിനാർ നടത്തുന്നു. 1 മണിക്കൂർ നീണ്ടുനിൽക്കുന്ന ഈ സെമിനാറിലേക്ക് അതാത് കേന്ദ്രങ്ങൾ കീഴിലുള്ള എല്ലാ പള്ളികളിൽ നിന്നും പാരിഷ് കൗൺസിൽ മെംബേഴ്സ്, സംഘടനാപ്രതിനിധികൾ, കൈക്കാരൻമാരുടെ പ്രതിനിധി, പാരിഷ് സെക്രട്ടറി എന്നിവരാണ് പങ്കെടുക്കേണ്ടത്. വികാരിയച്ചൻമാർ നിശ്ചയിച്ചിരിക്കുന്ന ദിവസം മേൽപറഞ്ഞവരെ സെമിനാർ കേന്ദ്രങ്ങളിലേക്ക് പറഞ്ഞയക്കണമെന്ന് അപേക്ഷിക്കുന്നു.

കരുവാരക്കുണ്ട്- ജൂൺ 29 ശനി 2 മണി
മരുതോങ്കര - ജൂലൈ 3 ഉച്ചകഴിഞ്ഞ് 2 മണി (വിലങ്ങാട്, മരുതോങ്കര ഫൊറോനകൾ)
കൂരാച്ചുണ്ട്- ജൂലൈ 3 ഉച്ചകഴിഞ്ഞ് 4 മണി
കോടഞ്ചേരി - ജൂലൈ 6 ശനി രാവിലെ 10 മണി (താമരശ്ശേരി, കോടഞ്ചേരി ഫൊറോനകൾ)
കൂടരഞ്ഞി - ജൂലൈ 6 ശനി ഉച്ചകഴിഞ്ഞ് 2. 30 മണി (തിരുവമ്പാടി, തോട്ടുമുക്കം ഫൊറോനകൾ)
പെരിന്തൽമണ്ണ - ജൂലൈ 13 ശനി രാവിലെ 10. 30 (മലപ്പുറം, പെരിന്തൽമണ്ണ ഫൊറോനകൾ)
പാറോപ്പടി- ജൂലൈ 13 ശനി 3.30 ന്

### മതന്യനപക്ഷങ്ങളും സാമ്പത്തിക സഹായ സംവിധാനങ്ങളും: പൊതുസമ്മേളനവും സർക്കാർ തലത്തിലുള്ള സെമിനാറും

മതന്യൂനപക്ഷങ്ങൾക്ക് ലഭ്യമാക്കിയിരിക്കുന്ന സാമ്പത്തിക സഹായങ്ങളെയും സംവരണങ്ങളെയും സംബന്ധിച്ച് വ്യക്തമായ ധാരണ നൽകുന്ന ന്യൂനപക്ഷാവകാശ ഡിപ്പാർട്ട്മെന്റിന്റെ സെമിനാറും പൊതുസമ്മേളനവും ആഗസ്റ്റ് മാസം 10 -ാം തിയ്യതി കോഴിക്കോട് ടൗൺ കേന്ദ്രീകൃതമായി നടത്തുന്നു. സർക്കാർ പ്രതിനിധികളും മന്ത്രിമാരും പങ്കെടുക്കുന്ന പ്രസ്തുത പരിപാടിയിൽ എല്ലാ സംഘടനാപ്രതിനിധികളും പാരിഷ്കൗൺസിൽ പ്രതി

നിധികളും എ കെ സി സി അംഗങ്ങളും, ഉപഭോക്താക്കളും ഉൾക്കൊള്ളുന്ന 10 പേരെ പറഞ്ഞയക്കണമെന്നും ഓർമ്മിപ്പിക്കുന്നു. സ്ഥലവും സമയവും അറിയിക്കുന്നതായിരിക്കും. നമ്മുടെ സമുദായ അംഗങ്ങൾക്ക് സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താനുള്ള ഈ പരിപാടികളിൽ ബഹുമാനപ്പെട്ട അച്ചൻമാരുടെ സഹകരണം പ്രതീക്ഷിക്കുന്നു.

### പ്രവർത്തന മാർഗ്ഗരേഖ

എ കെ സി സി യുടെ ഈ വർഷത്തെ പ്രവർത്തന മാർഗ്ഗരേഖ ഈ മാസത്തിൽ എല്ലാ യൂണിറ്റുകളിലും എത്തിക്കുന്നതായിരിക്കും.

**ഫാ. സെബാസ്റ്റ്യൻ ചെമ്പുകണ്ടത്തിൽ**
(ഡയറക്ടർ)
**ഫാ. ജോർജ്ജ് വെള്ളയ്ക്കാക്കുടിയിൽ**
(അസ്സി. ഡയറക്ടർ)

---

## ഫാമിലി അപ്പോസ്റ്റലേറ്റ്

### കുടുംബ ശാക്തീകരണ സെമിനാർ നടത്തി

താമരശേരി രൂപത ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ മഞ്ഞുവയൽ ഇടവകയിൽ 1995 ന് ശേഷം വിവാഹിതരായവർക്ക് വേണ്ടി ഏകദിന സെമിനാർ നടത്തി. ഫാ. ജോർജ് കറുകമാലിൽ സെമിനാർ ഉൽഘാടനം ചെയ്തു. ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ, പ്രോ-ലൈഫ് സംസ്ഥാന ട്രഷറർ ടോമി പ്ലാത്തോട്ടം, പ്രോ-ലൈഫ് താമരശേരി രൂപത യൂത്ത് ആനിമേറ്റർ ഡോ. ബെസ്റ്റി ജോസ് എന്നിവർ ക്ലാസുകൾ നൽകി. വിശുദ്ധ കുർബാനയോടുകൂടി ആരംഭിച്ച സെമിനാറിൽ ഇഫക്ടീവ് പേരന്റിഗ്, സാമ്പത്തിക മാനേജ്മെന്റ്, പ്രാർത്ഥനാ ജീവിതം, വൈകാരിക പക്വത എന്നീ വിഷയങ്ങളെ അധികരിച്ച് ക്ലാസും ഗ്രൂപ്പ് ചർച്ചയും റിപ്പോർട്ട് അവതരണവും വിലയിരുത്തലും ഉണ്ടായിരുന്നു. ഇടവകയിലെ 170 ദമ്പതിമാർ പങ്കെടുത്തു. ഇടവകയിലെ പ്രോ-ലൈഫ് ഭാരവാഹികളായ ജോസ് പരുത്തമല, റോജൻ വലിയമറ്റം, ബ്രോണി നമ്പ്യാപറമ്പിൽ, നേഹ ജോസ് എന്നിവർ നേതൃത്വം നൽകി.

### യൂദിത്ത് ഫോറം കോടഞ്ചേരി മേഖല സംഗമം.

താമരശേരി ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന വിധവകളുടെ സംഘടനയായ യൂദിത്ത് ഫോറത്തിന്റെ കോടഞ്ചേരി മേഖല സംഗമം ജൂലൈ ആറ് ശനിയാഴ്ച്ച കോടഞ്ചേരി പള്ളി ഓഡിറ്റോറിയത്തിൽ വ

ച്ചു നടക്കുന്നു. കോടഞ്ചേരി ഫൊറോനയിലെ എല്ലാ ഇടവകകളിലേയും 80 വയസിൽ താഴെയുള്ള വിധവകളാണ് സെമിനാറിൽ പങ്കെടുക്കേണ്ടത്. വിധവകളെ പറഞ്ഞയക്കാൻ വികാരിയച്ചന്മാരും സിസ്റ്റേഴ്സും ശ്രമിക്കുമല്ലോ. സെമിനാർ രാവിലെ 9ന് ആരംഭിച്ച് 1ന് അവസാനിക്കും. ഉച്ചഭക്ഷണം ഉണ്ടായിരിക്കുന്നതാണ്.

**വിവാഹാർത്ഥികളുടെ സംഗമം ചേവായൂരിൽ**

കോഴിക്കോട്: മലബാർ മേഖല പ്രോ-ലൈഫ് സമിതിയുടെ ആഭിമുഖ്യത്തിൽ മലബാറിലെ മൂന്ന് റീത്തുകളിലുംപെട്ട 10 രൂപതകളിലെ വിവാഹർത്ഥികളുടെ സംഗമം സെപ്റ്റംബർ 12, 13 തിയ്യതികളിൽ കോഴിക്കോട് ചേവായൂരിൽ പ്രസന്റേഷൻ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. പ്രസ്തുത സംഗമത്തിൽ 25 വയസിനു മുകളിലുള്ള പെൺകുട്ടികൾക്കും 30 വയസിന് മുകളിലുള്ള ആൺക്കുട്ടികൾക്കും 50 വയസിനു താഴെയുള്ള വിധവകൾക്കും വിഭാര്യർക്കുമാണ് പങ്കെടുക്കാവുന്നത്. പെൺക്കുട്ടികൾ മാതാപിതാക്കന്മാരോടൊപ്പമാണ് വരേണ്ടത്. പങ്കെടുക്കാനാഗ്രഹിക്കുന്നവർ പേര് മുൻകൂട്ടി ഇടവകയിലെ വികാരിയച്ചന്റെ പക്കൽ രജിസ്റ്റർ ചെയ്യണം. 200 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. മാതാപിതാക്കൾ ഇരുവരും പങ്കെടുക്കുന്നുണ്ടെങ്കിൽ 200 രൂപയും ഒരാൾ മാത്രമാണ് പങ്കെടുക്കുന്നതെങ്കിൽ 100 രൂപയും രജിസ്ട്രേഷൻ ഫീസിനോടൊപ്പ നൽകണം. രജിസ്ട്രേഷൻ ഫോം വികാരിയച്ചന്റെ പക്കൽ നിന്നും ലഭിക്കുന്നതാണ്. രജിസ്ട്രേഷൻ ഫോമിനോടൊപ്പം വിവാഹർത്ഥികളുടെ ഫുൾ സൈസ് ഫോട്ടോയും നൽകേണ്ടതാണ്. രജിസ്ട്രേഷൻ ഓഗസ്റ്റ് 31ന് അവസാനിക്കുന്നതാണ്. പങ്കെടുക്കുന്നവരെ ഉൾക്കൊള്ളിച്ചുകൊണ്ട് മലബാർ മാട്രിമോണി എന്ന പേരിൽ വെബ് സൈറ്റും സെപ്റ്റംബർ 12 ന് ഉൽഘാടനം ചെയ്യുന്നതാണ്. പങ്കെടുക്കുന്നവർക്ക് വെബ്സൈറ്റിന്റെ സേവനം തുടർന്നും ഉപയോഗപ്പെടുത്താം. സംഗമത്തിൽ പരസ്പരം കാണുന്നതിനും സംസാരിക്കുന്നതിനും അവസരമുണ്ടായിരിക്കുന്നതാണ്. കോഴിക്കോട്, താമരശ്ശേരി, തലശ്ശേരി, മാനന്തവാടി, കണ്ണൂർ, ബൽത്തങ്ങാടി, മാണ്ഡ്യ, പുത്തൂർ, കോട്ടയം (ശ്രീപുരം), ബത്തേരി എന്നീ രൂപതകളിലുള്ളവരുടേതാണ് സംഗമം കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 9745409797, 8289863810

**അടുത്ത പ്രീ-കാനാ കോഴ്സുകൾ**
**ജൂലൈ 8 – 11, ആഗസ്റ്റ് 5 – 8**

**ഫാ. ജോസ് പെണ്ണാപറമ്പിൽ**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്

# ആൽഫ മരിയ അക്കാദമി

## Civil Service Oriented Fundation course for UP & HS Students

6-ാം ക്ലാസ്സുമുതൽ 10-ാം ക്ലാസ്സുവരെയുള്ളസിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ് ജൂൺ 30-ാം തീയതി മുതൽ ആൽഫായുടെ തിരുവമ്പാടി, കുന്ദമംഗലം, കൂരാച്ചുണ്ട്, കോടഞ്ചേരി സെന്ററുകളിൽ ആരംഭിക്കുന്നു. ഈ കോഴ്സുകളിലേക്ക് പ്രവേശന പരീക്ഷ ജൂൺ 23-ാം തീയതി ഞായറാഴ്ച 2.30 ന് ആൽഫ സെന്ററുകളിൽ നടന്നു.

## Civil Service Fundation course for HSS Students

ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായുള്ള സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ് ആൽഫായുടെ കുന്ദമംഗലം സെന്ററിൽ വച്ചാണ് നടത്തുന്നത്. ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലുമായി രിക്കും ക്ലാസ്സുകൾ. സമയം രാവിലെ 8.30 മുതൽ വൈകുന്നേരം 4.15 വരെ. +1, +2 Humanities Stream ൽ ഉയർന്ന മാർക്കുള്ള കുട്ടികൾക്ക് മുൻഗണന.

## SMART IAS Fundation for Degree Students

ഡിഗ്രി വിദ്യാർത്ഥികൾക്കായുള്ള സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സ് ഡൽഹി ALS IAS Academy യുടെ സഹകരണത്തോടെ കുന്ദമംഗലം സെന്ററിൽ ജൂലൈ 15 മുതൽ ആരംഭിക്കുന്നു. ശനി, ഞായർ ദിവസങ്ങളിൽ 1.30 pm മുതൽ 5.30 pm വരെ.

## One Year IAS Coaching

2020 ലെ IAS പരീക്ഷക്കുള്ള പരിശീലനം ഡൽഹി ALS IAS Academy യുടെ സഹകരണത്തോടെ കുന്ദമംഗലം ആൽഫയിൽ ആരംഭിച്ചു. Morning, Evening & Weekend ബാച്ചുകൾ ഉണ്ട്.

## K- TET പുതിയ ബാച്ച് ആരംഭിക്കുന്നു

K- TET ന്റെ (Category I & II) പരിശീലനം 2019 ജൂലൈ 21 മുതൽ തിരുവമ്പാടിയിലെ ആൽഫ സെന്ററിൽ ആരംഭിക്കുന്നു. ക്ലാസ്സുകൾ എല്ലാ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും രാവിലെ 9.30 മുതൽ 2 മണിവരെ. വിവരങ്ങൾക്ക് 0495 2252180, 9745745060, 9497567689

## പി.എസ്.സി പരിശീലനം

പി.എസ്.സി പരിശീലനം 2019 ജൂലൈ 21 മുതൽ തിരുവമ്പാടിയിലെ ആൽഫ സെന്ററിൽ ആരംഭിക്കുന്നു. ക്ലാസ്സുകൾ എല്ലാ ഞായറാഴ്ചകളിലും രണ്ടാം ശനിയാഴ്ചകളിലും രാവിലെ 9.30 മുതൽ 2 മണിവരെ. വിവരങ്ങൾക്ക് 0495 2252180, 9745745060, 9497567689

### യാത്രയയപ്പ് നൽകി

ഒൻപത് വർഷത്തെ സ്തുത്യർഹമായ സേവനത്തിനു ശേഷം ആൽഫ മരിയ അക്കാദമിയിൽ നിന്നും വിരമിച്ച ശ്രീ. പി.എം. ജോസഫ് സാറിന് ഹൃദ്യമായ യാത്രയയപ്പ് നൽകി. ആൽഫയുടെ വളർച്ചക്ക് വേണ്ടി ജോസഫ് സാർ നൽകിയ സംഭാവനകൾ യോഗത്തിൽ അനുസ്മരിക്കുകയും പൊന്നാട അണിയിച്ച് ആൽഫയുടെ ഉപഹാരം സമർപ്പി ക്കുകയും ചെയ്തു. ഫൊറോന വികാരി റവ. ഫാ. ജോസ് ഓലിയക്കാട്ടിൽ, സിവിൽ സർവ്വീസ് കോഴ്സ് കോർഡിനേറ്റർ ശ്രീ. വി.എ. ജോസ്, ശ്രീ. കെ.എം. ജോസഫ്, വിദ്യാർത്ഥി പ്രതിനിധികളായ ഐറിൻ റോസ് സജി, അൻസു ജോ അനൂജും യോഗത്തിൽ ആശംസകളർപ്പിച്ച് സംസാരിച്ചു. ആൽഫ പ്രിൻസിപ്പാൾ ഫിലോമിന മത്തായി നന്ദി പറഞ്ഞു.

**ഫാ. തോമസ് പുതിയാപറമ്പിൽ**
ഡയറക്ടർ, ആൽഫ മരിയ അക്കാദമി

---

## മാതൃവേദി

### പെനുവേൽ മെഗാ ബൈബിൾ ക്വിസ്

അമ്മമാർക്ക് ബൈബിൾ പഠിക്കാനും സഭയെ കൂടുതൽ അറിയുന്നതിനുമായി മാതൃവേദിയും ശാലോം ടെലിവിഷനും ചേർന്നൊരുക്കുന്ന പെനുവേൽ മെഗാ ക്വിസിന്റെ ബ്രോഷറും രജിസ്ട്രേഷൻ ഫോമും ഇടവകകളിൽ ശാലോം ടെലിവിഷൻ എത്തിച്ചുകൊണ്ടിരിക്കുന്നു. രജിസ്ട്രേഷനുള്ള അവസാന തീയതി ജൂലൈ 15 ആണ്. എല്ലാ ഇടവകകളിൽ നിന്നും നിർബന്ധമായും പങ്കെടുക്കണം.

### സ്വാഗതം - നന്ദി

മാതൃവേദിയുടെ പുതിയ മേഖല ഡയറക്ടർമാരായി നിയമിതരായിരിക്കുന്ന ഫാ. റോണി കാവിൽ (പാറോപ്പടി), ഫാ. ജോസഫ് ചുണ്ടയിൽ (മലപ്പുറം), ഫാ. ചാക്കോ മുണ്ടക്കൽ (വിലങ്ങാട്) എന്നിവർക്ക് സ്നേഹോഷ്മളമായ സ്വാഗതം. കഴിഞ്ഞ ഒരു വർഷക്കാലം പാറോപ്പടി മേഖലയുടെ ഡയറക്ടറായി സേവനം ചെയ്ത ഫാ. രഞ്ജിത്ത് ചക്കുംമൂട്ടിലച്ചന് മാതൃവേദിയുടെ ഹൃദയംനിറഞ്ഞ നന്ദി.

മലപ്പുറം മേഖലയുടെ ഡയറക്ടറായി ചാർജ്ജെടുത്ത ഫാ. ജിജോയെ മേഖല എക്സിക്യൂട്ടീവ് യോഗം ചേർന്ന് സ്വാഗതം ചെയ്തു. തോട്ടുമുക്കം മേഖല ആനിമേറ്ററായി സി. ഇഗ്നേഷ്യ എസ്.എ.ബി.എസ്. ചാർജ്ജെടുത്തു.

### പാറോപ്പടി മേഖലാ സന്ദർശനം

പാറോപ്പടി മേഖലാ സന്ദർശനം രൂപതാ സമിതിയുടെ നേതൃത്വത്തിൽ അശോകപുരം ഇൻഫന്റ് ജീസസ് പള്ളിയിൽ വച്ച് നടന്നു. ഫാ. ജെയിംസ്

കുഴിമറ്റത്തിൽ, ഫാ. രഞ്ജിത്ത് ചക്കുംമൂട്ടിൽ, ഫാ. സൈമൺ കിഴക്കേക്കുന്നേൽ, സി. ഫിലോ എസ്.എ.ബി.എസ്., ദീപ റെജി, ഷാനി സണ്ണി, ട്രീസ ആന്റണി, ലീന എന്നിവർ യോഗത്തിൽ സംസാരിച്ചു.

## ഇന്റർനാഷണൽ മാതൃവേദി ജനറൽ ബോഡി

ഇന്റർനാഷണൽ മാതൃവേദി ജനറൽ ബോഡി ജൂലൈ 29, 30 തീയതികളിൽ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടക്കുന്നു.

## മേഖലാ സംഗമം

തോട്ടുമുക്കം മേഖലാ സംഗമം തോട്ടുമുക്കം ഫൊറോന ദൈവാലയത്തിൽ വച്ച് നടന്നു. ഫാ. കുര്യാക്കോസ് കൊച്ചുകൈപ്പയിൽ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. ഫ. ജിൽസൺ തയ്യിൽ സെമിനാറിന് നേതൃത്വം നൽകി. ഫാ. ജോസഫ് കളത്തിൽ സ്വാഗതം ആശംസിച്ച യോഗത്തിൽ ചിന്നമ്മ വാമറ്റം അധ്യക്ഷത വഹിച്ചു. സൗമ്യ ഓലിക്കുന്നേൽ, സി. മേഴ്സി സി.എം.സി., ശ്രീമതി. ഡോളി ഈട്ടിക്കൽ, ശ്രീമതി. ഷാനി സണ്ണി, ശ്രീമതി. മേഴ്സി പരക്കൽ എന്നിവർ യോഗത്തിൽ സംസാരിച്ചു.

മാതൃവേദിയുടെ എക്സിക്യൂട്ടീവ് യോഗം കുന്ദമംഗലം സെന്റ് ജോസഫ്സ് ഇടവകയിൽ വച്ച് നടന്നു. പ്രവർത്തനങ്ങൾ വിലയിരുത്തി അടുത്ത മാസത്തെ കർമ്മപദ്ധതികളെക്കുറിച്ച് ചർച്ചചെയ്തു.

## ഡി.എഫ്.സി. വനിതാ വിംഗ് രൂപീകരണം

തിരുവമ്പാടി മേഖലയിൽ ഡി.എഫ്.സി. വനിതാ വിംഗ് രൂപീകരണവും സെമിനാറും മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തി.

**ഫാ. സൈമൺ കിഴക്കേക്കുന്നേൽ**
ഡയറക്ടർ, മാതൃവേദി

---

# പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

## പുതിയ ബാച്ചിലേക്കുള്ള പ്രവേശനം

പോപ്പ് ബെനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആന്റ് ബിബ്ലിക്കൽ സ്റ്റഡീസ് പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. 2 വർഷത്തേക്കുള്ള 'അഡ്വാൻസ്ഡ് ഡിപ്ലോമ കോഴ്സ് ഇൻ തിയോളജി' ക്ലാസുകൾ എല്ലാ രണ്ടാം ശനിയാഴ്ചകളിലും പി.എം.ഒ.സി യിൽ വച്ച് നടത്തുന്നതാണ്. ബൈബിളും ദൈവശാസ്ത്രവും കൂടുതൽ പഠിക്കാൻ താൽപര്യമുള്ളവർക്ക് 9656199790, 9656819790 എന്നീ നമ്പറുകളിൽ ബന്ധ പ്പെടാവുന്നതാണ്. വിവരങ്ങൾക്ക് www.popebenedictinstitute.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക. email: popebenedictinstitute@gmail.com

പോപ്പ് ബനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി ആന്റ് ബിബ്ലിക്കൽ സ്റ്റഡീസിൽ ഒരു വർഷം സേവനമനുഷ്ഠിച്ച റവ.സി. ഷൈജി മാത്യു DPMT തലശ്ശേരി അതിരൂപതിയലെ മണ്ടളം സമൂഹത്തിലേക്ക് സ്ഥലം മാറുകയും സി. അൽഫോൻസ് വിൻസെന്റ് DPMT പകരം ഉത്തരവാദിത്വമേറ്റെ ടുക്കുകയും ചെയ്തു. സി. ഷൈജിയുടെ നല്ല സേവനത്തെ നന്ദിയോടെ ഓർക്കുന്നു. പുതിയ ശുശ്രൂഷാ മേഖലയിൽ എല്ലാ നന്മകളും നേരുന്നു. പുതിയതായി ചാർജെടുത്ത ബഹു. സി. അൽഫോൻസിന് ഹൃദ്യമായ സ്വാഗതവും, പുതിയ പ്രവർത്തന മേഖലയിൽ എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

ഫാ. തോമസ് കളരിക്കൽ
ഡയറക്ടർ, പോപ്പ് ബനഡിക്ട് ഇൻസ്റ്റിറ്റ്യൂട്ട്

# ലിറ്റർജി കമ്മീഷൻ

## മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമി

മാർ അപ്രേം ലിറ്റർജിക്കൽ അക്കാദമിയുടെ നേതൃത്വത്തിൽ അൽമായർക്കും സമർപ്പിതർക്കും വേണ്ടി ജൂൺ മാസത്തിൽ പി.എം.ഒ.സി യിൽ വച്ച് ക്ലാസ്സ് നടത്തി. ജൂൺ 22 ശനിയാഴ്ച രാവിലെ 10 മണിമുതൽ ഉച്ചകഴിഞ്ഞ് 3.30 വരെയായിരുന്നു. ക്ലാസ്. സീറോ മലബാർ സഭയുടെ വി. കുർബാനയുടെ ചരിത്രപരമായ പശ്ചാത്തലത്തെക്കുറിച്ച് ഡോ. മാത്യു കുളത്തുങ്കൽ ആണ് ക്ലാസ്സ് നയിച്ചത്. മുപ്പതോളം പേർ ക്ലാസ്സിൽ സംബന്ധിച്ചു. അടുത്ത ക്ലാസ്സ് ജൂലായ് 27-ാം തീയതിയാണ്.

എല്ലാ മസത്തെയും നാലാമത്തെ ശനിയാഴ്ച കോഴിക്കോട് പി.എം.ഒ.സി യിൽ വച്ച് നടത്തുന്ന ഈ ക്ലാസ്സിൽ സംബന്ധിക്കാൻ അൽമായരെയും സമർപ്പിതരെയും പ്രോത്സാഹിപ്പിക്കണമെന്ന് ബഹു. വികാരിയച്ചന്മാരോട് അഭ്യർത്ഥിക്കുന്നു. ക്ലാസ്സിന് നിശ്ചിത ഫീസില്ല.

ഫാ. ജോസ് കളത്തിൽ
കൺവീനർ, ലിറ്റർജി കമ്മീഷൻ

# അൽഫോൻസാ കോളേജ് തിരുവമ്പാടി

**KCYM സമാധാന സന്ദേശ യാത്രക്ക് സ്വീകരണം നൽകി.**

ഭീകര വാദത്തിനും വർഗ്ഗീയതക്കുമെതിരെ 'ലോക സമാധാനം' എന്ന മഹത്തായ സന്ദേശവുമായി കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. സിറിയക്ക് ചാഴിക്കാടന്റെ നേതൃത്വത്തിൽ കാസർഗോഡുമുതൽ കന്യാകുമാരിവരെ നടത്തുന്ന സമാധാന സന്ദേശ യാത്രക്ക് കെ.സി.വൈ.എം. താമരശ്ശേരി രൂപതാ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ 10.06.2019 ന് അൽഫോൻസ കോളേജിൽ സ്വീകരണം നൽകി. തുടർന്ന് നടന്ന പൊതുസമ്മേളനം ജില്ലാ പഞ്ചായത്ത് അംഗം ശ്രീ. സി. കെ കാസിം ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. രൂപതാ പ്രസിഡന്റ് ശ്രീ. സൗബിൻ ഇലഞ്ഞിക്കൽ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. ജാഥാ ക്യാപ്റ്റൻ സിറിയക്ക് ചാഴിക്കാടൻ, സംസ്ഥാന ഡയറക്ടർ റവ. ഫാ. സ്റ്റീഫൻ ചേലക്കര, രൂപതാ ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെള്ളക്കാക്കുടിയിൽ, കോളേജ് പ്രിൻസിപ്പൽ ഡോ. കെ. വി. ചാക്കോ കാളംപറമ്പിൽ , വൈസ് പ്രിൻസിപ്പൽ ഫാ. കുര്യൻ താന്നിക്കൽ, ശ്രീ. അഗസ്റ്റിൻ മഠത്തിപറമ്പിൽ, കെ. എൻ എസ് മൗലവി, ബിജോ പി ബാബു, തേജസ് മാത്യു, സി. ഷാർലറ്റ്, സുബിൻ തയ്യിൽ, ലിമിന ജോർജ്ജ്, അനുപ്രിയ മാത്യു, കെ. ജെസ്റ്റിൻ എന്നിവർ പ്രസംഗിച്ചു.

**ഫാ. സ്കറിയ മങ്ങരയിൽ**

മാനേജർ, അൽഫോൻസ കോളേജ് തിരുവമ്പാടി

# DEEP

കഴിഞ്ഞ മാർച്ചിൽ എസ്.എസ്.എൽ.സി. എഴുതിയ DEEP-ലെ 11 കുട്ടികളിൽ 7 പേർ എല്ലാ വിഷയത്തിനും എ പ്ലസും, മറ്റുള്ളവർ 90% ത്തിൽ കുറയാതെ മാർക്കും വാങ്ങി വിജയിച്ചു എന്ന വിവരം അറിയിക്കുന്നതിൽ എനിക്ക് വലിയ സന്തോഷവും ചാരിതാർത്ഥ്യവും ഉണ്ട്. മികച്ച മാർക്ക് വാങ്ങി ജയിച്ച എല്ലാ കുട്ടികളെയും രൂപതാഭവനിൽ കൂടിയ മീറ്റിംഗിൽ വച്ച് അഭിവന്ദ്യ പിതാവ് അനുമോദിക്കുകയും സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. പ്ലസ് വണിലേയ്ക്ക് ജയിച്ച കുട്ടികളിൽ ഒരാൾ പാലായിലുള്ള ബ്രില്ല്യന്റ് സ്കൂളിലും മൂന്നുപേർ താമരശ്ശേരി അൽഫോൻസ സ്കൂളിലും മറ്റുള്ളവർ ദേവഗിരി പബ്ലിക് സ്കൂളിലും, കോഴിക്കോട് ആംഗ്ലോ ഇന്ത്യൻ സ്കൂളിലുമായി പഠനം തുടരുന്നു.

വേനപ്പാറ ഡീപ് സ്റ്റഡി ഹോമിൽ ഉണ്ടായിരുന്ന പ്ലസ് ടു വിദ്യാർത്ഥി

കൾ ഇപ്പോൾ തിരുവമ്പാടിയിലുള്ള സി.എം.സി. ഹോസ്റ്റലിൽ നിന്ന് പഠിക്കുന്നു.

ആദ്യ ബാച്ചിലുള്ള 21 പെൺകുട്ടികളിൽ 10 പേർ പി.ജി. കഴിഞ്ഞു ജോലി ചെയ്യുന്നു. രണ്ടു പേർ ഇംഗ്ലണ്ടിലും ഒരാൾ കാനഡയിലും മൂന്നു പേർ IELTS കഴിഞ്ഞ് വിദേശത്തേക്ക് പോകാനും തയ്യാറായി നിൽക്കുന്നു. നമ്മുടെ രൂപതയിലെ അർഹരായ ഏതാനും കുട്ടികൾക്ക് ജീവിതമാർഗ്ഗം ഒരുക്കി കൊടുത്തതിൽ സന്തോഷിക്കുകയും ദൈവത്തിന് നന്ദി പറയുകയും ചെയ്യുന്നു.

**ഫാ. കുര്യൻ തലച്ചിറക്കുഴി**

ഡയറക്ടർ, DEEP

# മരിയൻ പ്രോ- ലൈഫ് മൂവ്മെന്റ്

## പ്രോ-ലൈഫ് സെൽ രൂപീകരിച്ചു

താമരശ്ശേരി രൂപത മരിയൻ പ്രോ-ലൈഫ് മൂവ്മെന്റിന്റെ ഇടവക സെൽ ചെമ്പനോടയിൽ ആരംഭിച്ചു. രൂപതാ ഡയറക്ടർ ഫാ. ജോസ് പെണ്ണാപറമ്പിൽ വിളിച്ചു ചേർത്ത സമ്മേളനത്തിൽ താഴെ പറയുന്നവരെ ഇടവക സെൽ ഭാരവാഹികളായി തിരഞ്ഞെടുത്തു.

| | |
|---|---|
| രക്ഷാധികാരി | : റവ. ഫാ. മാത്യു ചെറുവേലിൽ |
| ആനിമേറ്റർ | : റവ. സി. സിൽവി |
| പ്രസിഡന്റ് | : ജോർജ്ജ് ലൗലിച്ചൻ ചുവപ്പുങ്കൽ |
| വൈസ്.പ്രസി | : ജോബി വർഗ്ഗീസ് എടച്ചേരിൽ |
| സെക്രട്ടറി | : റോസി ടോമി ചേന്ദംകുളം |
| ജോ. സെക്ര. | : ജിൻസി വിപിൻ ഇളയാനിതൊട്ടിയിൽ |
| ട്രഷറർ | : ടോമി ചേന്ദംകുളം |
| സെൻട്രൽ കമ്മിറ്റി | : സെമിലി സുനിൽ അറയ്ക്കപ്പറമ്പിൽ |

കവിത

# എന്റെ ജീവിതം

ഫാ. ദേവസ്യ വലിയപറമ്പിൽ

ഞാനെന്നുമെന്നോടായി ചോദിക്കു, മീചോദ്യം,
ഞാനുമീമനുഷ്യരും എങ്ങുന്നു വന്നു ഭൂവിൽ.
ഓർക്കും ഞാനപ്പോളേവം ദൈവമെന്നുറവിടം,
അപ്പോളീയെളിയനിൽ നിറയുംദൈവത്തിൻ സ്തുതിഗീതം.
പിന്നെയും ചോദിച്ചീടും ഞാനെന്തിനായിട്ടുള്ളോൻ,
ഉത്തരം എന്നിൽ നിറയുന്നു, മോദമായ്
ദൈവമാം നാഥന്റെ സ്വന്തമാ ഞാൻ.
അർച്ചന ചെയ്തീടുന്നു, മുറ്റുമീ ഹൃദയത്തിൽ,
മെച്ചമില്ലാതെ ഹാ! ഞാൻ ചെയ്തുപോയ്സ്തോത്രങ്ങളെ.
ദേവാ ഞാൻ മുഴുവനായേകീടുന്നെൻ ഹൃത്തിനെ,
പാവനനായീടും ഞാനെപ്പോഴും നിൻ വാസത്താൽ.
ഓർക്കും ഞാൻ, ദൈവത്തിനു മാത്രമായ് മാറ്റിവച്ചോൻ,
പാർക്കുകിൽ സനാതന സൗഭാഗ്യ സംപ്രാപ്തിക്കായ്.
കൊഴിഞ്ഞ ജീവിതമല്ലയെന്റെ കഴിഞ്ഞ ജീവിതമാണവ
മിഴിച്ചു നിൽക്കുന്നിതാ പ്രപഞ്ചമിന്നെൻ മുന്നിൽ.
ഇല്ലിനി ലോകത്തിന്റെ അഴിഞ്ഞ സ്നേഹത്തിലേ-
ക്കില്ല ഞാൻ ദൈവത്തിന്റെ സ്നേഹത്തിൽ നിവസിപ്പു.
അപ്പോഴും ചോദിച്ചീടും പിന്നെയും ഞാനെന്നോടായ്,
എപ്പോഴും ചോദിക്കാറുള്ളാ ചോദ്യമവസാനം.
മരണം മടിയിലായ് ചായും ഞാനപ്പോൾ കേൾക്കും,
“വരണം” നാഥൻവാക്ക് “സ്വർഗ്ഗരാജ്യത്തെപുൽകൂ”.

(ശുഭം)

# വിദ്യാഭ്യാസരംഗം

## അധ്യാപക നിയമനം

താമരശ്ശേരി കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിലേക്ക് ടി. ടി. സി., ഹിന്ദി, അറബിക്, മലയാളം ബിഎഡ് യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥി കൾ നിശ്ചിത യോഗ്യതയ്ക്കു പുറമേ, കെ.ടെറ്റ് അഥവാ തത്തുല്ല്യ യോഗ്യതയുള്ളവരായിരിക്കണം. താമരശ്ശേരി മാതാ ടവറിൽ ഉള്ള കോർപ്പറേറ്റ് ഓഫീസിൽ ജൂലൈ 1 മുതൽ ജൂലൈ 15 വരെ രജിസ്റ്റർ ചെയ്യാ നുള്ള അവസരം ലഭിക്കുന്നതാണ്.

## കോർപ്പറേറ്റ് സ്കൂൾ ജീവനക്കാരുടെ ധ്യാനം

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള ജീവനക്കാരുടെ ആത്മീയ പോഷണത്തിനായി ഈ വർഷവും വാർഷികധ്യാനം സംഘടിപ്പിക്കുന്നു. കോട്ടയം സമരിയ മിനിസ്ട്രിക്ക് നേതൃത്വം നൽകുന്ന ബഹു. മനോജ് കപ്പിലുമാക്കൽ ആണ് ധ്യാനചിന്തകൾ ജീവനക്കാരുമായി പങ്കുവയ്ക്കുന്നത്.

1) കൂരാച്ചുണ്ട് - ജൂലൈ 19, 20 (മരുതോങ്കര, കൂരാച്ചുണ്ട് മേഖലകൾ)
2) തിരുവമ്പാടി - ജൂലൈ 26, 27 (കോടഞ്ചേരി, തിരുവമ്പാടി മേഖലകൾ)

## കൗൺസിലിംഗ് സൗകര്യം

വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചുവരുന്ന മാനസിക ആരോഗ്യ പ്രശ്നങ്ങളെ സൗമനസ്യത്തോടെ സമീപിക്കാൻ കുട്ടികളെ ഒരുക്കാൻ, 2019 ജൂലൈ മാസം മുതൽ 2020 ജനുവരി വരെ കൗൺസിലിംഗ് സൗകര്യം ഹയർസെക്കൻഡറി ഹൈസ്കൂൾ തലങ്ങളിൽ ഉണ്ടായിരിക്കുന്നതാണ്. എം. എസ് ഡബ്ല്യു ബിരുദാനന്തരബിരുദം നേടിയ ഉദ്യോഗാർത്ഥികളുടെ സേവനം കുട്ടികൾക്ക് ലഭിക്കുന്നതാണ്.

**സെബാസ്റ്റ്യൻ പുരയിടത്തിൽ**
കോർപറേറ്റ് മാനേജർ, താമരശ്ശേരി രൂപത

# തലശ്ശേരി അതിരൂപത സംയുക്ത വൈദികസമിതി സമ്മേളന റിപ്പോർട്ട്

**2019 ജൂൺ 10, സന്ദേശഭവൻ തലശ്ശേരി**

തലശ്ശേരി അതിരൂപതയിലെ സാമന്തരൂപതകളുടെ സംയുക്ത വൈദികസമിതി സമ്മേളനം 2019 ജൂൺ മാസം 10-ാം തിയ്യതി തലശ്ശേരി സന്ദേശഭവനിൽ വച്ച് രാവിലെ 10.15 ന് ചേർന്നു. ഈശ്വരപ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. പ്രാർത്ഥനകൾക്ക് തലശ്ശേരി അതിരൂപതാ കുടുംബക്കൂട്ടായ്മ ഡയറക്ടർ ഫാ. മാത്യു ആശാരിപറമ്പിൽ നേതൃത്വം നൽകി. തുടർന്ന് താമരശ്ശേരി രൂപതാദ്ധ്യക്ഷൻ മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. ബൽത്തങ്ങാടി രൂപതാദ്ധ്യക്ഷൻ മാർ ലോറൻസ് മുക്കുഴിയിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം തലശ്ശേരി അതിരൂപതാദ്ധ്യക്ഷൻ മാർ ജോർജ്ജ് ഞറളക്കാട്ട് ഉദ്ഘാടനം ചെയ്തു. സഭയെ തകർക്കാൻ തല്പരകക്ഷികൾ കിണഞ്ഞു പരിശ്രമിക്കുമ്പോൾ കൂട്ടായ്മയിലൂടെ മാത്രമെ അതിനെ അതിജീവിക്കാൻ സാധിക്കുകയുള്ളുവെന്നും അതിന് ഇത്തരമൊരു സംയുക്ത പൗരോഹിത്യ കൂട്ടായ്മ അനിവാര്യമാണെന്നും മാർ ലോറൻസ് മുക്കുഴി അദ്ധ്യക്ഷ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. തുടർന്ന് നടന്ന ഉദ്ഘാടന പ്രസംഗത്തിൽ സഭ പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ കൂടുതൽ മെച്ചപ്പെട്ട സംഭാവനകൾ നൽകാൻ മലബാർ രൂപതകളിലെ വൈദിക സമൂഹത്തിനു കഴിയുമെന്നും അതിനെ കഴിഞ്ഞ തലമുറയിലെ നമ്മുടെ വൈദികരുടെ വിശ്വാസതീക്ഷ്ണതയും സമർപ്പണ മനോഭാവവും നമുക്ക് മാതൃകയാക്കാമെന്നും മാർ ജോർജ്ജ് ഞറളക്കാട്ട് അഭിപ്രായപ്പെട്ടു. അവിഭക്ത തലശ്ശേരി രൂപതയുടെ മക്കളായ നമുക്ക് പരിചയം പുതുക്കുന്നതിനും ബന്ധങ്ങൾ ഊട്ടിഉറപ്പിക്കുന്നതിനും ഇത്തരം കൂട്ടായ്മകൾ സഹായകരമാണെന്നും പിതാവ് ഓർമ്മിപ്പി ച്ചു. തുടർന്ന് മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടം സമ്മേളനത്തിന് ആശംസകളറിയിച്ച് സംസാരിച്ചു.

സമ്മേളനത്തിന്റെ രണ്ടാം ഭാഗം 11. 15 ന് മാണ്ഡ്യ രൂപതാദ്ധ്യക്ഷൻ മാർ ആന്റണി കരിയിലിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. തലശ്ശേരി അതിരൂപതാ സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി വിഷയാ വതരണപ്രസംഗം നടത്തി. സഭയിലെ സമകാലീന പ്രതിസന്ധികളുടെ കാരണങ്ങളിലേയ്ക്കുള്ള ഒരെത്തിനോട്ടമായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗം. പുറമെനിന്ന് ഒരു ശക്തിയ്ക്കും തകർക്കാനാവാത്ത വിധത്തിലാണ് ക്രിസ്തു സഭയെ രൂപപ്പെടുത്തിയതെന്നും അകമേയുള്ളവരുടെ അലസതയും അശ്രദ്ധയും അവിശ്വസ്തതയുമാണ് സഭയുടെ മുഖം വികൃതമാക്കുന്നതെന്നും അതുകൊണ്ട് സഭയുടെ പുനരുദ്ധാരണം

സഭാശുശ്രൂഷകരുടെ ദൗത്യമാണെന്നും പിതാവ് ഓർമ്മിപ്പിച്ചു. സഭയിലെ ഭിന്ന തകൾ അൾത്താരയിൽ ആരംഭിക്കുന്നു എന്ന പരിശുദ്ധ ബെനഡിക്റ്റ് മാർപാപ്പയുടെ നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിൽ സീറോ മലബാർ സഭയുടെ വളർച്ച അൾത്താരയിലെ കൂട്ടായ്മയിലൂടെയാകണമെന്നും അതിന് ആരാധനാ ക്രമത്തിലുള്ള ഐക്യം കാലഘട്ടത്തിന്റെ അനിവാര്യമാണെന്നും പിതാവ് അഭി പ്രായപ്പെട്ടു. ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ മാത്രമെ സഭയുടെ മുഖഛായ വർദ്ധിപ്പിക്കാനാകുവെന്നും പിതാവ് ഓർമ്മിപ്പിച്ചു. തുടർന്ന് ഓരോ രൂപതകളി ലേയും അജപാലനപ്രവർത്തനങ്ങളിലെ വെല്ലുവിളികളെക്കുറിച്ചുള്ള അവലോ കനമായിരുന്നു. മോൺ അലക്സ് താരാമംഗലം-തലശ്ശേരി, മോൺ. അബ്രാഹം നെല്ലിക്കൽ-മാനന്തവാടി, ഫാ. ബെന്നി മുണ്ടനാട്ട്-താമരശ്ശേരി, ഫാ, അബ്രാഹം അരീപ്പറമ്പിൽ - ഭദ്രാവതി, ഫാ. ജോമോൻ കോലഞ്ചേരി-മാണ്ഡ്യ, ഫാ. കുര്യാ ക്കോസ് വെട്ടുവഴി-ബൽത്തങ്ങാടി എന്നിവർ അതാതു രൂപതകളിലെ അജപാ ലന പ്രവർത്തനങ്ങളെക്കുറിച്ചും പ്രതിസന്ധികളെക്കുറിച്ചും സംസാരിച്ചു. തുടർന്ന് സമ്മേളനത്തിൽ പങ്കെടുത്ത അച്ചൻമാരെ പന്ത്രണ്ടു ഗ്രൂപ്പുകളിലായി തിരിച്ച് ഓരോ ഗ്രൂപ്പും താഴെ പ്രതിപാദിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്തു.

1. മലബാർ പ്രൊവിൻസിലെ രൂപതകൾ തമ്മിലുള്ള ഐക്യവും ബന്ധവും വളർത്താൻ ശ്രദ്ധ പതിപ്പിക്കേണ്ട മേഖലകൾ (ആരാധനാ ക്രമ ഐക്യരൂ പ്യം, ഡിപ്പാർട്ട്മെന്റുകൾ തമ്മിലുള്ള യോജിച്ച പ്രവർത്തനം).
2. വൈദികർ തമ്മിലും വൈദീകരും മേലദ്ധ്യക്ഷനും തമ്മിലുള്ള ഐക്യവും ബന്ധവും വളർത്താൻ എന്ത് ചെയ്യണം?
3. പങ്കാളിത്ത സ്വഭാവമുള്ള നേതൃത്വം വളർത്താൻ രൂപതാ തലത്തിലും, ഇട വകാ തലത്തിലും എന്ത് പ്രവർത്തന രീതികൾ അനുവർത്തിക്കണം?
4. സാമൂഹ്യ, രാഷ്ട്രീയ, കാർഷിക രംഗത്ത് പൊതുവായി പ്രവർത്തിക്കാൻ എന്ത് ചെയ്യണം? (രാഷ്ട്രീയ ശക്തിയാകേണ്ട ആവശ്യം, സാംസ്കാരിക രംഗത്തെ നമ്മുടെ സാന്നിധ്യം, ഭക്ഷ്യ സ്വയം പര്യാപ്തത).
5. സന്യസ്തരുടെ ഇടവകാ പ്രവർത്തനങ്ങളെ പുന:ക്രമീകരിക്കേണ്ടതിന്റെ ആവ ശ്യകതയും സന്യസ്ത ദൈവ വിളികളുടെ അപര്യാപ്തതയും! (ഇടവകയിൽ മുഴുവൻ സമയവും സേവനം ചെയ്യുന്ന സിസ്റ്റേഴ്സിന് ശമ്പളം, മുതലായവ.)
6. ഇടവക കൂട്ടായ്മയ്ക്ക് ദോഷകരമായി ബാധിക്കുന്ന അവസ്ഥകളും സാഹ ചര്യങ്ങളും വിശകലനം ചെയ്യുക. (ഇടവക കൂട്ടായ്മയ്ക്ക് സമാന്തരമായി മറ്റ് ഗ്രൂപ്പുകളിലേക്ക് പോകുന്നവർ, ഇടവക ജനതയുടെ നിസ്സംഗതയും അസ ഹിഷ്ണുതയും)
7. സാമൂഹ്യ സമ്പർക്ക ഇടങ്ങളിലെ സഭയുടെ ഇടപെടൽ എപ്രകാരം ഫലവ ത്താക്കാം. (ഓൺ ലൈൻ മാധ്യമങ്ങൾ, Common Social Media Plat Form, ദീപിക ദിനപത്രം മുതലായവ.)

എല്ലാ ഗ്രൂപ്പുകളുടേയും ചർച്ചകളുടെ റിപ്പോർട്ട് ക്രോഡീകരിച്ച് ഫാ. ബെന്നി മുണ്ടനാട്ട് അവതരിപ്പിച്ചു. ഏറ്റവുമൊടുവിൽ നടന്ന പൊതുചർച്ചകൾക്ക് മാർ ജോർജ്ജ് ഞറളക്കാട്ട് നേതൃത്വം നൽകി. ചർച്ചയിലെ പൊതു തീരുമാനങ്ങൾ:

1. അതിരൂപത സംയുക്ത വൈദിക സമിതി വർഷത്തിലൊരിക്കൽ വ്യത്യസ്ത രൂപതകളിലായി നടത്തുക.

2. മലബാറിലെ എല്ലാ രൂപതകളിലും വി. കുർബ്ബാനയർപ്പണം ഏകീകരിക്കുന്നതിനായി ഓരോ രൂപതകളിലേയും പ്രസ്ബിത്തേരിയത്തെ അതിരൂപതാദ്ധ്യക്ഷന്റെ നേതൃത്വത്തിൽ എല്ലാ പിതാക്കൻമാരും ഒന്നിച്ച് കണ്ട് സംസാരിക്കാനും സാവകാശം മലബാറിലെ എല്ലാ രൂപതകളിലും സിനഡിന്റെ നിർദ്ദേശപ്രകാരമുള്ള വി. കുർബ്ബാനയർപ്പണം നടപ്പിലാക്കാനും തീരുമാനിച്ചു. ഇതിന്റെ  ഭാഗമായി മതബോധനാവശ്യത്തിനായി ഇനി മുതൽ കുർബ്ബാന പുസ്തകം അച്ചടിക്കുമ്പോൾ സിനഡ് നിർദേശിച്ചി രിക്കുന്ന രീതിയിൽ മാത്രം തയ്യാറാക്കുക.

3. മലബാറിലെ വൈദിക കൂട്ടായ്മ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തലശ്ശേരി പ്രൊവിൻസിലെ മേജർ സെമിനാരി വിദ്യാർത്ഥികളുടെ ഒരു സംഗമം വർഷം തോറും സംഘടിപ്പിക്കുക.

4. രൂപതകളിലെ സംഘടനാപ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംഘടനകളുടെ ഡയറക്ടറമാരുടെ യോഗം വർഷത്തിൽ ഒന്നോ രണ്ടോ തവണ ഒന്നിച്ചുചേരുക.

5. ഭാരത സുവിശേഷവത്കരണത്തിന്റെ ഭാഗമായി ഷംഷാബാദ് രൂപതയുടെ പരിധിയിൽപ്പെട്ട അരുണാചൽ പ്രദേശ് സംസ്ഥാനം തലശ്ശേരി, മാനന്തവാടി, താമരശ്ശേരി, ഇടുക്കി രൂപതകളുടെ ആഭിമുഖ്യത്തിൽ ഏറ്റെടുത്ത് 2020 ഫെബ്രുവരി മാസം മുതൽ അജപാലനശുശ്രൂഷകൾ ആരംഭിക്കുന്നതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുക.

6. എറണാകുളം അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ തലശ്ശേരി പ്രൊവിൻസിലെ എല്ലാ രൂപതകളും മേജർ ആർച്ച് ബിഷപ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന് പിന്തുണ അറിയിക്കുന്നുവെന്നും കാർഷികമേഖയിലെ പ്രതിസന്ധികളിൽ സഭയെന്നും കർഷകർക്കൊപ്പമാണെന്നും പത്രക്കുറിപ്പിലൂടെ അറിയിക്കാനും തീരുമാനിച്ചു.

ഈ മീറ്റിങിന്റെ പൊതുവികാരം ഇതിൽ പങ്കെടുത്ത വൈദീകർ അതാതു രൂപതകളിലെ  മറ്റ് വൈദീകരെ ബോദ്ധ്യപ്പെടുത്തണമെന്ന് മാർ ജോർജ് ഞറളക്കാട്ട് പിതാവ് ഓർമ്മിപ്പിച്ചു. തുടർന്ന് മാനന്തവാടി രൂപതാ വികാരി ജനറാൾ മോൺ അബ്രാഹം നെല്ലിക്കൽ എല്ലാവർക്കും നന്ദി അറിയിക്കുകയും നാലു മണിയോടുകൂടി തലശ്ശേരി അതിരൂപതാ സംയുക്ത സമിതിയുടെ പ്രഥമ സമ്മേളനം അവസാനിക്കുകയും ചെയ്തു.

# വികസന വേദി

## G.V.S ലീഡേഴ്സ് മീറ്റിംഗ്, കാർഷിക സെമിനാർ

സി.ഒ.ഡി. യുടെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമവികസന സമതികളുടെ ലീഡേഴ്സിനായി നേതൃസംഗമവും, കാർഷിക സെമിനാറും താമരശ്ശേരിയിൽവച്ചു നടത്തി. കോഴിക്കോട്, മലപ്പുറം ജില്ലകളിലെ 19 ഗ്രാമവികസന സമതികളിലെ നേതാക്കൾ പരിപാടിയിൽ പങ്കെടുത്തു. സെമിനാറിന്റെ ഉദ്ഘാടനം സി.ഒ.ഡി. ഡയറക്ടർ ഫാ.ജോസഫ് മുകളേപറമ്പിൽ നിർവഹിച്ചു. കാർഷികമേഖലയിൽ വനിതകൾക്കുള്ള സാധ്യതകളെക്കുറിച്ച് അവാർഡു ജേതാവ് ജോർജ് പനക്കവയലിൽ സംസാരിച്ചു. സി.ഒ.ഡി. കോർഡിനേറ്റർ ജോയി കെ.സി, ഏരിയാ കോർഡിനേറ്റർ ഷൈനി സിബി, G.V.S ലീഡർ മേരിക്കുട്ടി ചക്കിട്ടമുറിയിൽ, മേഴ്സി എന്നിവർ സംസാരിച്ചു.

## കാർഷിക പ്രദർശനവും,വിപണനവും

സി.ഒ.ഡി. യുടെ 30-ാംവാർഷികം പ്രമാണിച്ച് താമരശ്ശേരി SAFE സൂപ്പർമാർക്കറ്റിനോടനുബന്ധിച്ച് കാർഷികപ്രദർശനം, വിപണനം, കാർഷിക സെമിനാർ, കുക്കറിഷോ എന്നിവ നടത്തി. ഒരാഴ്ച്ച നീണ്ടുനിന്ന മേളയിൽ വിവിധ ഇനം ഫലവൃക്ഷചെടികൾ, വിത്തുകൾ, വിവിധതരം പലഹാരങ്ങൾ തുടങ്ങിയവയുടെ വിപണനവും നടത്തി. വിപണന പരിപാടിയുടെ ഉദ്ഘാടനം സി.ഒ.ഡി. ഡയറക്ടർ ഫാ.ജോസഫ് മുകളേപറമ്പിൽ നിർവഹിച്ചു. കോർഡിനേറ്റർ ജോയി കെ.സി,ഏരിയാ കോഡിനേറ്റേഴ്സ് എന്നിവർ പരിപാടിക്ക് നേതൃത്വംനൽകി

## പഴവർഗ സംസ്കരണപരിശീലനം

സി.ഒ.ഡി. യുടെ നേതൃത്വത്തിൽ താമരശ്ശേരിയിൽ വച്ചുനടത്തിയ കാർഷികപ്രദർശന വിപണന മേളയോടനുബന്ധിച്ച് ് തിരഞ്ഞെടുത്ത പ്രതിനിധികൾക്കായി ചക്കകൊണ്ടുള്ള വിവിധ വിഭവങ്ങൾ ഉണ്ടാക്കുന്ന പരിശീലനംനൽകി. സി.ഒ.ഡി. ഏരിയാ കോർഡിനേറ്റർ ഷാജിപോൾ പരിശീലനത്തിന് നേതൃത്വംനൽകി.

## സ്കിൽ ട്രെയിനിംഗ്

ആനിക്കാംപൊയിൽ M.C C യുടെ നേതൃത്വത്തിന്റ 25.05.19 ൽ ചക്കകൊണ്ടുള്ള വിവിധ വിഭവങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം നടത്തി. സി.ഒ.ഡി. കോർഡിനേറ്റർ ഷാജി പോൾ പരിശീലനത്തിന് നേതൃത്വം നൽകി. ഏരിയാ കോഡിനേറ്റർ സോളി ബെന്നി പരിപാടി ഉദ്ഘാടനം ചെയ്തു.

## പഠനോപകരണ വിതരണവും,ഉന്നതവിജയം നേടിയ വിദ്യാർത്ഥി കൾക്കുള്ള അവാർഡ് ദാനവും

സി.ഒ.ഡി യുടെ കീഴിൽപ്രവർത്തിക്കുന്ന ഗ്രാമവികസന സമിതികൾ

ഉന്നതവിജയം നേടിയ നിർദ്ധനരായ കുട്ടികൾക്ക് പഠനോപകരണവും S.S.L.C, +2 പരീക്ഷയിൽ ജയം നേടിയവർക്ക് ക്യാഷ് അവാർഡ് വിതരണവും നടത്തി.

സി.ഒ.ഡി. യുടെ പ്രവർത്തനമേഖലയിൽ പലപ്രദേശങ്ങളിലായി നടത്തിയ പരിപാടിയിൽ സി.ഒ.ഡി. ഡയറക്ടർ,വിവിധ പള്ളികളിലെ വികാരിയച്ചന്മാർ, ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികൾ,സി.ഒ.ഡി.സ്റ്റാഫ് അംഗങ്ങൾ, GVS ലീഡേഴ്സ്, SHG മെമ്പേഴ്സ് എന്നിവർ പങ്കെടുത്തു.

### പുതുപ്പാടി GVS

പുതുപ്പാടി ഗ്രാമപഞ്ചായത്ത് ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിചെയർമാൻ എം.ഇ. ജലീൽ ഉദ്ഘാടനം ചെയ്തു. സി.ഒ.ഡി ഡയറക്ടർ ഫാ. ജോസഫ് മുകളേപറമ്പിൽ അധ്യക്ഷത വഹിച്ചു. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ഫെബി ജെറി പഠനോപകരണ വിതരണവും ഗ്രാമപഞ്ചായത്ത് മെംബർ റീന, ഗ്രാമ വികസന സമിതി പ്രസിഡന്റ് പി.സി.സെബാസ്റ്റ്യൻ സി.ഒ.ഡി. കോർഡിനേറ്റർ ത്രേസ്യാമ തോമസ് എന്നിവർ സംസാരിച്ചു

### കോടഞ്ചേരി GVS

ഫൊറോന വികാരി ഫാ. തോമസ് നാഗപറമ്പിൽ അവാർഡ്ദാനം നിർവഹിച്ചു. സി.ഒ.ഡി. ഡയറക്ടർ ഫാ.ജോസഫ് മുകളേപറമ്പിൽ ഉദ്ഘാടനം ചെയ്തു. L.P School ഹെഡ്മാസ്റ്റർ തങ്കച്ചൻ കെ. പി സ്കൂൾ കിറ്റ് വിതരണം നടത്തി

### തിരുവമ്പാടി GVS

സി.ഒ.ഡി. അസി.ഡയറക്ടർ ഫാ.ജോർജ് ചെമ്പരത്തി പഠനോപ കരണവും, ഉന്നതവിജയികൾക്ക് ക്യാഷ് അവാർഡും നൽകി.

### വെറ്റിലപാറ GVS

ഗ്രാമവികസനസമിതി അങ്കണത്തിൽവച്ചു നടത്തിയ ജനറൽ ബോഡിയോഗത്തിൽ ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്ത് മെമ്പർ ബെന്നി പോൾ അദ്ധ്യക്ഷതവഹിച്ചു. സെന്റ് അഗസ്റ്റിൻ ചർച്ച് വികാരി ഫാ. മാത്യു തിട്ടയിൽ പഠനോപകരണവിതരണം ഉദ്ഘാടനം ചെയ്തു സി.ഒ.ഡി. കോർഡിനേറ്റർ ജോയി കെ.സി. ഏരിയാ കോർഡിനേറ്റർ ഷൈനി സിബി, GVS പ്രസിഡന്റ് മേഴ്സി ജെയിംസ് എന്നിവർ പങ്കെടുത്തു.

31.5.19 ന് മരുതോങ്കര സെന്റ് മേരീസ് ഹൈസ്കൂളിൽ വെച്ച് ചക്കിട്ടപാറ,കാവിലുംപറ GVS കളുടെ സംയുക്ത ജനറൽ ബോഡിയും, പഠനോപകരണവിതരണവും നടത്തി. GVS പ്രസിഡന്റ് മേരിക്കുട്ടി ജോർജ് അദ്ധ്യക്ഷത വഹിച്ചു.പഠനോപകരണ വിതരണത്തിന്റെ ഉദ്ഘാടനം മരുതോങ്കര ഗ്രാമപഞ്ചായത്ത് 4-ാംവാർഡ് മെമ്പർ ത്രേസ്യാമ മാത്യു

നിർവഹിച്ചു.ഉന്നതവിജയികൾക്കുള്ള അവാർഡുദാനം ചക്കിട്ടപാറ ഗ്രാമപഞ്ചായത്ത് 11-ാംവാർഡ് മെമ്പർ ഷൈല റ്റി.ഡി. നിർവഹിച്ചു GVS കളുടെ ലാഭവിഹിത വിതരണവും COD കോർഡിനേറ്റർ ജോയി കെ.സി നിർവഹിച്ചു.ഏരിയാ കോഡിനേറ്റർ ഷാജിപോൾ പരിപാടിക്കു നേതൃത്വം നൽകി.

പരിയാപുരം, പലൂർകോട്ട, ചിരട്ടാമല, ആനക്കയം, വെള്ളില, വിലങ്ങാട്, കൂരാച്ചുണ്ട്, കായണ്ണ, കൂടരഞ്ഞി, തോട്ടുമുക്കം എന്നീ GVS കളുടെ നേതൃത്വത്തിൽ നിർദ്ധനരായ കുട്ടികൾക്ക് പഠനോപകരണം വിതരണംചെയ്തു

## മദർ തെരേസ IELTS / OET ട്രെയിനിംഗ് സെന്റർ

വിദൂരസ്ഥലങ്ങളിലും വിദേശത്തും ജോലി ചെയ്യുന്നവർക്ക് മിതമായ നിരക്കിൽ OET ട്രെയിനിംഗ് സാധ്യമാക്കുവാൻ LDS international HR consultancy യുടെ കീഴിൽ പുതുപ്പാടിയിൽ പ്രവർത്തിച്ചു വരുന്ന മദർതെരേസ IELTS/OET ട്രെയിനിംഗ് സെന്ററിൽ online ക്ലാസുകളും, CBT ക്ലാസുകളും ജൂൺ ആദ്യവാരം ആരംഭിച്ചിരിക്കുന്നു.

**ഫാ. ജോസഫ് മുകളേപറമ്പിൽ**
ഡയറക്ടർ, വികസനവേദി

---

# യേശുനിധി
# വാർഷിക റിപ്പോർട്ട് 2018-19

പ്രിയ ബഹുമാനപ്പെട്ട അച്ചന്മാരേ, സിസ്റ്റേഴ്സ്, സഹോദരീസഹോദരങ്ങളേ,

“ആദ്യം അവിടുന്ന് നമ്മെ സ്നേഹിച്ചു. അതിനാൽ നാമും അവിടുത്തെ സ്നേഹിക്കുന്നു” (1 യോഹ. 4,19). നമ്മുടെ രൂപതയിൽ സഹായം അർഹിക്കുന്ന സഹോദരങ്ങളുടെ ആവശ്യങ്ങൾക്കുവേണ്ടി യേശുനിധി ആരംഭിച്ചിട്ട് 23 വർഷം പൂർത്തിയാവുകയാണ്. നമ്മുടെ ഓരോരുത്തരുടെയും ഉദാരമായ സഹകരണമാണ് യേശുനിധിയെ രൂപതയിലെ ഏറ്റവും വലിയ ജീവകാരുണ്യഫണ്ടായി രൂപപ്പെടുത്തിയിരിക്കുന്നത്. ഭവനനിർമ്മാണം, ചികിത്സ, വിദ്യാഭ്യാസം, വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്കായി യേശുനിധിയിൽ നിന്നും കഴിഞ്ഞ ഒരു വർഷം 631 ഭവനങ്ങൾക്ക് സഹായം ചെയ്യാൻ സാധിച്ചു എന്നത് നമുക്ക് സംതൃപ്തി നലകുന്ന വസ്തുതയാണ്. യേശുനിധിയുടെ എല്ലാ പ്രവർത്തനങ്ങളിലും ഉദാരമായി സഹകരിക്കുന്ന ബഹു. വികാരിയച്ചന്മാർക്കും സഹവൈദികർക്കും സമർപ്പിതർക്കും ദൈവജനത്തിനും നന്ദി പറയുന്നതിന് ഈയവസരം ഉപയോഗിക്കുന്നു.നമ്മുടെ രീതിയനുസരിച്ച് മാസത്തിന്റെ അവസാനത്തെ ആഴ്ചയിലാണ് രൂപതാദ്ധ്യക്ഷൻ രൂപീകരിച്ചിട്ടുള്ള യേശുനിധി കമ്മിറ്റി കൂടിച്ചേർന്ന് ലഭിച്ച അപേക്ഷകൾ വിലയിരുത്തി സഹായം അനുവ

ദിക്കുന്നത്. അതിനാൽ മാസത്തിന്റെ അവസാനത്തെ ആഴ്ചയ്ക്കുമുമ്പ് അപേക്ഷകൾ രൂപതാകേന്ദ്രത്തിൽ എത്തിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

യേശുനിധിയിലേക്കുള്ള അപേക്ഷകൾ നിർദ്ദിഷ്ട അപേക്ഷാഫോറത്തിലായിരിക്കണം സമർപ്പിക്കേണ്ടത്. ചോദിച്ചിരിക്കുന്ന വിവരങ്ങൾക്ക് കൃത്യമായ ഉത്തരം നൽകുന്നത് അപേക്ഷിക്കുന്ന വ്യക്തിയുടെ കുടുംബത്തെ സംബന്ധിച്ച് വ്യക്തമായി മനസ്സിലാക്കുന്നതിന് സഹായിക്കുന്നതാണ്. അപേക്ഷകന്റെ ആവശ്യത്തെക്കുറിച്ചുള്ള ബഹു. വികാരിയച്ചന്റെ റിപ്പോർട്ട് അപേക്ഷ പരിഗണിക്കുന്നതിൽ വളരെ പങ്കുവഹിക്കുന്ന കാര്യമാണ്. അതിനാൽ നൽകിയിരിക്കുന്ന അപേക്ഷയിൽ വികാരിയച്ചൻ നിർദ്ദേശിക്കുന്ന തുക കൃത്യമായി രേഖപ്പെടുത്തുന്നത് കമ്മിറ്റിയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുവാൻ ഏറെ സഹായകമാണ്. അപേക്ഷാഫോമിൽ അപേക്ഷകന്റെ ഫോട്ടോയും ഫോൺ നമ്പറും നൽകേണ്ടതാണ്.

2018-19 വർഷത്തെ സഹായ വിതരണ തുകയെ സംബന്ധിച്ച പൊതു വിവരങ്ങൾ താഴെ ചേർക്കുന്നു.

**വരവ് (2018-19)**

| | | |
|---|---|---|
| 2018-19 വർഷത്തെ വിതരണത്തുക | = | 68,77,254.00 |
| 21.06.2018 മുതൽ 31.03.2019 വരെ വരവ് | = | 2,74,050.00 |
| പലിശ വരവ് | = | 2,97,312.00 |
| ആകെ | = | **74,48,616.00** |

**ചെലവ് (2018-19)**

| | | | | |
|---|---|---|---|---|
| ഭവനം | - | 159 | = | 20,79,000.00 |
| ചികിത്സ | - | 262 | = | 27,59,500.00 |
| വിദ്യാഭ്യാസം | - | 128 | = | 10,65,000.00 |
| വിവാഹം | - | 82 | = | 11,83,000.00 |
| ആകെ | - | **631** | = | **70,86,500.00** |

**മറ്റു ചെലവുകൾ**

| | | |
|---|---|---|
| മറ്റു ചെലവുകൾ | = | 45,931.00 |
| ആകെ ചെലവ് | = | **71,32,431.00** |

**2019-20 പ്രവർത്തനവർഷം**

| | | |
|---|---|---|
| 2019-20 വർഷത്തെ വരവ് | | |
| (01.04.2019-20.06.2019 വരെ ലഭിച്ച തുക) | = | 49,71,573.00 |
| 2018-19 വർഷത്തെ നീക്കിബാക്കി | = | 3,16,185.00 |
| ആകെ | = | **52,87,758.00** |

**മോൺ. ജോൺ ഒറവുങ്കര**
ചെയർമാൻ, യേശുനിധി

# യേശുനിധി

യേശുനിധി ഫണ്ടിൽ നിന്ന് **21.05.2019** മുതൽ **20.06.2019** വരെ അനുവദിച്ച തുക

## വിദ്യാഭ്യാസം

| | | |
|---|---|---|
| 1 | ഈരൂട് | 10,000.00 |
| 2 | കല്ലാനോട് | 10,000.00 |
| 3 | കൂരാച്ചുണ്ട് | 6,000.00 |
| 4 | കൂരാച്ചുണ്ട് | 7,000.00 |
| 5 | കൂരാച്ചുണ്ട് | 6,000.00 |
| 6 | പുതുപ്പാടി | 15,000.00 |
| 7 | പുതുപ്പാടി | 15,000.00 |
| 8 | തിരുവമ്പാടി | 10,000.00 |
| 9 | വിളക്കാംതോട് | 15,000.00 |

## വീട്

| | | |
|---|---|---|
| 10 | ചക്കിട്ടപാറ | 15,000.00 |
| 11 | ചക്കിട്ടപാറ | 10,000.00 |
| 12 | ചമൽ | 20,000.00 |
| 13 | ചാത്തൻകോട്ടുനട | 20,000.00 |
| 14 | ഈസ്റ്റ് ഹിൽ | 15,000.00 |
| 15 | കാളികാവ് | 20,000.00 |
| 16 | മൈലെള്ളാംപാറ | 10,000.00 |
| 17 | മാലാപറമ്പ് | 10,000.00 |
| 18 | പേരാമ്പ്ര | 10,000.00 |
| 19 | താമരശ്ശേരി | 8,000.00 |
| 20 | തോട്ടുമുക്കം | 10,000.00 |
| 21 | വിളക്കാംതോട് | 10,000.00 |

## ചികിത്സ

| | | |
|---|---|---|
| 22 | അഭയഗിരി | 15,000.00 |
| 23 | ചക്കിട്ടപാറ | 20,000.00 |
| 24 | ചമൽ | 10,000.00 |
| 25 | ചീരട്ടാമല | 10,000.00 |
| 26 | ചെമ്പുകടവ് | 10,000.00 |
| 27 | ഈരൂട് | 10,000.00 |
| 28 | കല്ലാനോട് | 10,000.00 |
| 29 | കല്ലാനോട് | 10,000.00 |
| 30 | കണ്ണോത്ത് | 15,000.00 |
| 31 | കട്ടിപ്പാറ | 20,000.00 |
| 32 | കൊണ്ടോട്ടി | 10,000.00 |
| 33 | കൂരാച്ചുണ്ട് | 7,000.00 |
| 34 | കൂരാച്ചുണ്ട് | 10,000.00 |
| 35 | കുളിരാമുട്ടി | 10,000.00 |
| 36 | കുപ്പായക്കോട് | 10,000.00 |
| 37 | മരിയാപുരം | 8,000.00 |
| 38 | മരിയാപുരം | 15,000.00 |
| 39 | പെരുവണ്ണാമൂഴി | 15,000.00 |
| 40 | താമരശ്ശേരി | 10,000.00 |
| 41 | താമരശ്ശേരി | 5,000.00 |
| 42 | തിരുവമ്പാടി | 10,000.00 |
| 43 | വിളക്കാംതോട് | 10,000.00 |
| 44 | വിലങ്ങാട് | 10,000.00 |

## വിവാഹം

| | | |
|---|---|---|
| 45 | ചെമ്പനോട | 15,000.00 |
| 46 | കാക്കവയൽ | 15,000.00 |
| 47 | കൂരാച്ചുണ്ട് | 10,000.00 |
| 48 | കുപ്പായക്കോട് | 10,000.00 |
| 49 | നരിനട | 8,000.00 |
| 50 | പയ്യനാട് | 15,000.00 |
| 51 | പയ്യനാട് | 15,000.00 |
| 52 | വിലങ്ങാട് | 15,000.00 |
| 53 | വിലങ്ങാട് | 10,000.00 |
| | **ആകെ തുക** | **6,25,000.00** |

**ഫാ. മാത്യു പുളിമൂട്ടിൽ**
ഫിനാൻസ് ഓഫീസർ

# അജപാലനക്കുറിപ്പുകൾ

**ജൂൺ 2019**

01 രാവിലെ കുളത്തുവയൽ ഇടവക ദൈവാലയത്തിൽ തിരുഹൃദയ സന്യസിനിസമൂഹാംഗമായ സി. സ്റ്റെല്ല മരിയയുടെ 41-ാം ചരമദിനത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് പരേതയ്ക്കുവേണ്ടി പ്രാർത്ഥിച്ചു.

ശാലോം ടി.വിയ്ക്കുവേണ്ടി ഒരു പ്രോഗ്രാം ചെയ്തു.

വൈകുന്നേരം പടത്തുകടവ് ഇടവകയിൽ പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടം വെഞ്ചരിച്ചു.

02 രാവിലെ പൂതംപാറ ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ച് പുതുതായി നിർമ്മിക്കുന്ന ദൈവാലയത്തിന് തറക്കല്ലിട്ടു.

3-5 എറണാകുളം പി.ഒ.സി.യിൽ നടന്ന കേരള കത്തോലിക്ക മെത്രാൻ സമിതി സമ്മേളനത്തിൽ സംബന്ധിച്ചു.

06 രാവിലെ മരിയാപുരം ഇടവകയുടെ യുപി. സ്കൂളിൽ പ്രവേശനോത്സവം ഉദ്ഘാടനം ചെയ്യുകയും പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടം ആശീർവദിക്കുകയും ചെയ്തു.

07 ഉച്ചകഴിഞ്ഞ് കോരങ്ങാട് സെന്റ് അൽഫോൻസ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ പുതിയ അദ്ധ്യായന വർഷം ഉദ്ഘാടനം ചെയ്തു.

വൈകുന്നേരം വെറ്റിലപ്പാറ വൈ.എം.സി.എ.യുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന കായികകേന്ദ്രം ഉദ്ഘാടനം ചെയ്തു.

റിട്ട. ജസ്റ്റിസ്റ്റ് കുര്യൻ ജോസഫ് രൂപതാഭവൻ സന്ദർശിച്ചു.

08 കക്കാടംപൊയിൽ ഇടവകയിലെ മിണ്ടാമഠത്തിൽ വി. കുർബാനയർപ്പിച്ചു.

കക്കാടംപൊയിൽ ഇടവകയിൽ രൂപത നിർമ്മിച്ചു നൽകിയ ഏതാനും ഭവനങ്ങൾ വെഞ്ചരിച്ചു.

തിരുവമ്പാടിയിൽ ഒരു വസ്ത്രാലയം വെഞ്ചരിച്ചു.

ദേവഗിരി പബ്ലിക് സ്കൂളിൽ നടന്ന താമരശ്ശേരി രൂപത മതാദ്ധ്യാപക സംഗമ സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു.

ഉച്ചകഴിഞ്ഞ് പി.എം.ഒ.സി.യിൽ കുടുംബനവീകരണ വർഷ ആലോചന മീറ്റിംഗിൽ സംബന്ധിച്ചു.

വാലില്ലാപ്പുഴ ഇടവകയിൽ കൾച്ചറൽ ഫോറം നിർമ്മിച്ചു നൽകിയ ഭവനം വെഞ്ചരിച്ചു.

വൈകുന്നേരം വിളക്കാംതോട് ഇടവക ദൈവാലയത്തിൽ വി. കുർബാന യർപ്പിക്കുകയും പുതുതായി നിർമ്മിച്ച വൈദികമന്ദിരം വെഞ്ചരിക്കുകയും ചെയ്തു.

09 രാവിലെ പന്തക്കുസ്താതിരുനാളിനോടനുബന്ധിച്ച് കുന്ദമംഗലം ഇടവക ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു.

പി.എം.ഒ.സി.യിൽ ജോൺ പോൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ആരംഭിച്ച M.Sc കൗൺസിലിംഗ് കോഴ്സിന്റെ ഉദ്ഘാടന ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു.

തലയാട് ഇടവകയിൽ പരേതനായ ഡോ. ജോർജിന്റെ ഭവനത്തിൽ ചെന്ന് ഒപ്പീസ് ചൊല്ലി പരേതനുവേണ്ടി പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ് താമരശ്ശേരി രൂപതാഭവനിൽ എഫ്.എസ്.ടി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു.

വൈകുന്നേരം താമരശ്ശേരി രൂപതാഭവനിൽ അൽഫോൻസ ട്രസ്റ്റ് മീറ്റിംഗിൽ സംബന്ധിച്ചു.

10 രാവിലെ താമരശ്ശേരി അൽഫോൻസ മൈനർ സെമിനാരിയിൽ അദ്ധ്യായനവർഷാരംഭത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

തലശ്ശേരി അതിരൂപതാ പാസ്റ്ററൽ സെന്ററിൽ നടന്ന സംയുക്ത മലബാർ പ്രസ്ബിറ്ററൽ കൗൺസിൽ യോഗത്തിൽ സംബന്ധിച്ചു.

11 രാവിലെ താമരശ്ശേരി രൂപതാഭവനോടനുബന്ധിച്ച് നവീകരിച്ച കെട്ടിടത്തിൽ ആരംഭിച്ച മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരി പിതാവിന്റെ നാമധേയത്തിലുള്ള പാസ്റ്ററൽ സെന്ററിന്റെ വെഞ്ചരിപ്പിൽ അഭിവന്ദ്യ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ ജോർജ് ആലഞ്ചേരി പിതാവിനോടൊപ്പം സംബന്ധിച്ചു.

താമരശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ രൂപതയുടെ പ്രഥമ മെത്രാനായിരുന്ന മാർ സെബാസ്റ്റ്യൻ മങ്കുഴിക്കരിപ്പിതാവിന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് അഭിവന്ദ്യ മേജർ ആർച്ച് ബിഷപ് കർദ്ദിനാൾ ജോർജ് ആലഞ്ചേരി, മാർ ജോർജ് ഞരളക്കാട്ട്, മാർ ജോർജ് വലിയമറ്റം എന്നീ പിതാക്കന്മാരോടൊപ്പം വി. കുർബാനയർപ്പിച്ച് ശ്രാദ്ധ ശുശ്രൂഷകളിൽ സംബന്ധിച്ചു.





# POPE FRANCIS

## On Priesthood



Pope Francis stated: “People love their priests; they want and need their shepherds! The faithful never leave us without something to do, unless we hide in our offices or go out in our cars wearing sun glasses. There is a good and healthy tiredness. It is the exhaustion of the priest who wears the smell of the sheep, but also smiles the smile of a father rejoicing in his children or grandchildren…. If Jesus is shepherding the flock in our midst, we cannot be shepherds who are glum, plaintive or, even worse, bored. The smell of the sheep and the smile of a father” (KK).

“The joy of Jesus the Good Shepherd is not a joy for himself alone, but a joy for others and with others, the true joy of love. This is also the joy of the priest. He is changed by the mercy that he freely gives….

Dear priests, in the Eucharistic celebration we rediscover each day our identity as shepherds. In every Mass, may we truly make our own the words of Christ: “This is my body, which is given up for you.” This is the meaning of our life; with these words, in a real way we can daily renew the promises we made at our priestly ordination. I thank all of you for saying ‘yes’!”

The work of priests does not consist of “purely mechanical jobs, like running an office, building a parish hall, or laying out a soccer field for the young of the parish…. We are to rejoice with couples who marry; we are to laugh with the children brought to the baptismal fount; we are to accompany young fiancés and families; we are to suffer with those who receive the anointing of the sick in their hospital beds; we are to mourn with those burying a loved one…. For us priests, what happens in the lives of our people is not like a news bulletin: we know our people, we sense what is going on in their hearts. Our own heart, sharing in their suffering, feels “compassion,” is exhausted, broken into a thousand pieces, moved and even “consumed” by the people.”